2026 APRIL 27

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 9... 1122

# 106ാം പിറന്നാൾ നിറവിൽ ശോശാമ്മ ടീച്ചർ



## മംഗളങ്ങൾ, ആശംസകൾ



415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# 106ാം പിറന്നാൾ നിറവിൽ ആരോഗ്യവതിയായി ശോശാമ്മ ടീച്ചർ




എ.എസ് ശ്രീകുമാർ

സൗഭാഗ്യങ്ങളെല്ലാം ദൈവസന്നിധിയിൽ അർപ്പിച്ച് 106-ാം പിറന്നാൾ പ്രാർത്ഥനാപൂർവം കൊണ്ടാടിയിരിക്കുകയാണ് തിരുവല്ല അമിച്ചകരി, പുറമത്തടയിൽ കല്ലുപുരയ്ക്കൽ ശോശാമ്മ ടീച്ചർ. പരേതനായ റിട്ട. അധ്യാപകൻ പി.വി എബ്രഹാം സാറിന്റെ ഭാര്യയും ലോകപ്രശസ്തമായ എറിക് ഷൂ കമ്പനി ഉടമയും ഹാനോവർ ബാങ്കിന്റെ സ്ഥാപകനും ഡയറക്ടറുമായ വർക്കി എബ്രഹാമിന്റെ അമ്മയുമാണ് അനുഗ്രഹീതയായ ശോശാമ്മ ടീച്ചർ.

പതിവ് പോലെ ജൻമദിന ആഘോഷത്തിൽ








ശോശാമ്മ ടീച്ചർക്ക് ആശംസകളർപ്പിക്കാൻ മതമേലധ്യക്ഷൻമാരും മന്ത്രിമാരും ജനപ്രതിനിധികളും നാട്ടുകാരും ഉറ്റവരും ഉടയവരുമെല്ലാം നിറമനസോടെ എത്തി.

''പ്രിയപ്പെട്ട അമ്മച്ചി ഒരു അദ്ധ്യാപികയായിട്ട് ആയുസ്സ് വിനിയോഗിച്ച മഹദ് വ്യക്തിയാണ്. ആ നാളുകളിലെല്ലാം അനേകരെ ജാതി-മത ഭേദങ്ങളില്ലാതെ പഠിപ്പിച്ച് നേരായ ദിശയിൽ അവരെയെല്ലാം വഴി നടത്തി. അമ്മച്ചിയുടെ നിയോഗം വളരെ ശ്രദ്ധേയമായിരുന്നുവെന്ന് ഇത്തരുണത്തിൽ നമുക്ക് ഓർക്കാം. ഇനിയുമേറെ ദൗത്യം നിറവേറ്റുവാൻ തക്കവണ്ണം പ്രാർത്ഥിച്ച് ഈ അമ്മയെ ദൈവകരങ്ങളിൽ സമർപ്പിക്കാം. കഴിഞ്ഞ വർഷം അമ്മച്ചിക്ക് ആയുരാരോഗ്യസൗഖ്യം നേർന്നുകൊണ്ട് ദൈവത്തെ




സ്തുതിക്കാം...'' കഴിഞ്ഞ വർഷം മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാധ്യക്ഷൻ ഡോ. തിയോഡോഷ്യസ് മാർത്തോമ മെത്രാപോലീത്ത പറയുകയുണ്ടായി

പ്രാർത്ഥനാ യോഗത്തിൽ സ്തുതിഗീതങ്ങൾ ആലപിച്ചപ്പോൾ അതിനൊപ്പം പുഞ്ചിരി തൂകി കൈയടിച്ച് ഏറ്റുപാടിക്കൊണ്ട് ശോശാമ്മ ടീച്ചർ ഏവരുടെയും ശ്രദ്ധയാകർഷിച്ചു.



തനിക്ക് ഓർമ



വച്ച നാൾ മുതൽ വളരെ ലളിതമായ ജീവിത ശൈലിയാണ് അമ്മച്ചി പിന്തുടരുന്നതെന്ന് വർക്കി എബ്രഹാം പറഞ്ഞു. വീട്ടിലാദ്യം ഉണരുകയും അവസാനം ഉറങ്ങാൻ കിടക്കുകയും ചെയ്യുന്ന സ്വഭാവമായിരുന്നു അമ്മച്ചിയുടേത്. കാർഷിക കുടുംബം ആയിരുന്നതിനാൽ അക്കാലത്ത് വീട്ടിൽ ധാരാളം ജോലിക്കാരുണ്ടായിരുന്നു. അവർക്കെല്ലാം ഭക്ഷണം ഉണ്ടാക്കിക്കൊടുത്ത് വീട്ടിലെ ചുമതലകളെല്ലാം നിർവഹിച്ച ശേഷമാണ് അമ്മച്ചി സ്കൂളിൽ പഠിപ്പിക്കാൻ പോയിരുന്നതെന്ന് മൂത്ത മകനായ വർക്കി എബ്രഹാം വ്യക്തമാക്കി.




പൂർണ്ണ ഉത്തരവാദിത്വത്തോടെ അധ്യാപന കർമ്മം നിർവഹിച്ചിരുന്ന ശോശാമ്മ ടീച്ചർ സ്കൂളിലെ മറ്റ് ആക്ടിവിറ്റികളിലും സജീവമായിരുന്നു. പ്രയാസമനുഭവിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന കൊടുക്കുകയും അവരെ അകമഴിഞ്ഞ് സഹായിക്കുകയും ചെയ്ത് ഏവർക്കും പ്രിയപ്പെട്ട ടീച്ചറായി. തിരുവല്ല എസ്.സി.എസ് സ്കൂളിലാണ് ശോശാമ്മ ടീച്ചർ തന്റെ അധ്യാപന സപര്യയ്ക്ക് തുടക്കം കുറിച്ചത്. തുടർന്ന് തലവടി ടി.എം.ടി ഹൈസ്ക്കൂളിൽ എത്തിയ ടീച്ചർ ദീർഘകാലത്തെ അധ്യാപനത്തിനു ശേഷം അവിടെ നിന്നാണ് വിരമിച്ചത്. ഭർത്താവ് എബ്രഹാം സാറും ഇതേ സ്കൂളിൽ അധ്യാപകനായിരുന്നു.

എബ്രഹാം സാറിനും ശോശാമ്മ ടീച്ചർക്കും അഞ്ച് മക്കളാണുള്ളത്. എബ്രഹാം വർക്കിയാണ് മൂത്തമകൻ. മറ്റൊരു മകനായ എബ്രഹാം പി എബ്രഹാം അകാലത്തിൽ മരണമടഞ്ഞു. മറ്റ് മക്കളായ മാമ്മൻ എബ്രഹാമും സിസ്റ്റർ മേഴ്സി എബ്രഹാമും അമേരിക്കയിലാണ്. മറ്റൊരു മകൾ ആനി എബ്രഹാം നാട്ടിലുണ്ട്. മാർത്തോമാ സഭയുടെ വൈദിക ട്രസ്റ്റി സ്ഥാനം വഹിച്ച റവ. ലാൽ ചെറിയാൻ അച്ചനാണ് ആനി എബ്രഹാമിന്റെ ജീവിത പങ്കാളി. തിരുവല്ലയിലെ പുരാതന പ്രശസ്തമായ പാറയ്ക്കാമണ്ണിൽ കുടുംബാംഗമാണ് ശോശാമ്മ ടീച്ചർ.



കഠിനാദ്ധ്വാനവും ചിട്ടയായ ജീവിതവുമാണ് ശോശാമ്മ









ടീച്ചറുടെ ആരോഗ്യത്തിന്റെ രഹസ്യം. വളരെ പ്രത്യേകതയുള്ളതാണ് അമ്മച്ചിയുടെ ഭക്ഷണ ക്രമമെന്ന് വർക്കി എബ്രഹാം ചൂണ്ടിക്കാട്ടി. അതിരാവിലെ എഴുന്നേറ്റു കഴിഞ്ഞാൽ രണ്ട് ഗ്ലാസ് ചൂടുവെള്ളം കുടിക്കുന്ന ശീലം പണ്ടു തൊട്ടേയുണ്ട്. അതിപ്പോഴും തുടരുന്നു. ബ്രേക്ക് ഫാസ്റ്റിന് ഏറ്റവും ഇഷ്ടം ഇഡ്ഡലിയും സാമ്പാറുമാണ്. ഉച്ചയ്ക്കു മുമ്പ് 11 മണിക്ക് അരമുറി നാടൻ ഏത്തയ്ക്കാ നിർബന്ധമാണ്. കൃത്യ സമയത്ത് ഉച്ചഭക്ഷണം കഴിക്കും. നാല് മണിക്ക് കാപ്പിയോടൊപ്പം അരമുറി ഏത്തയ്ക്കായും കഴിക്കും. പ്രാർത്ഥിച്ച ശേഷം രാത്രി ഉറങ്ങുന്നതിനു മുമ്പ് ലഘു ഭക്ഷണമാണ്. മിക്കവാറും കുത്തരിക്കഞ്ഞിയാണ് കുടിക്കുക.

വാർധക്യസഹജമായ അസുഖം മൂലം 79-ാമത്തെ വയസ്സിലാണ് എബ്രഹാം സാർ ഈ ലോകത്തോട് വിട പറഞ്ഞത്. ശോശാമ്മ ടീച്ചർക്ക് പ്രഷർ, ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയ യാതൊരു അസുഖങ്ങളുമില്ല. കണ്ണട വയ്ക്കാതെ ഇപ്പോഴും നന്നായി വായിക്കും. രാവിലെയുള്ള പത്രവായന ഇപ്പോഴും തുടരുന്നു. മൺമറഞ്ഞ മകൻ എബ്രഹാം പി എബ്രഹാമിന്റെ ഭാര്യ ലാലി എബ്രഹാം ആണ് ശോശാമ്മ ടീച്ചറിനെ പരിപാലിക്കുന്നത്. പിന്നെ രണ്ടു പേർ മുഴുവൻ സമയവും അമ്മച്ചിക്കൊപ്പം ഉണ്ടാവും. അമേരിക്കയിൽ നിന്ന് വീഡിയോ കോളിലൂടെ മക്കൾ ഉൾപ്പെടെയുള്ളവർ സംസാരിക്കുമ്പോൾ എല്ലാവരെയും തിരിച്ചറിഞ്ഞ് അമ്മച്ചിയും സംഭാഷണം സരസമാക്കും.



അമ്മച്ചിയെ രണ്ടു തവണ അമേരിക്കയിൽ കൊണ്ടു വന്നിട്ടുണ്ടെന്ന് വർക്കി എബ്രഹാം പറഞ്ഞു. എന്നാൽ കൂടുതൽ കാലം ഇവിടെ നിൽക്കാൻ താത്പര്യമില്ലായിരുന്നു. നാട്ടിൽ ജീവിക്കുന്നതാണ് അമ്മച്ചിക്ക്

ഇഷ്ടം. എടത്വായ്ക്ക് സമീപം നീരേറ്റുപുറം അമിച്ചകരി പ്രദേശങ്ങൾ തനികുട്ടനാടൻ ഗ്രാമീണതയുടെ ഉത്തമ ഉദാഹരണമാണ്. വീടിനു ചുറ്റുപാടുമുള്ളവരോട് സ്നേഹത്തോടെ ഇടപഴകുകയും കുശലപ്രശ്നങ്ങൾ നടത്തുകയും ചെയ്യുന്നതിനൊപ്പം അവരിലൊരാളായി ജീവിക്കുവാനുമാണ് ശോശാമ്മ ടീച്ചർക്ക് ഏറെയിഷ്ടം. അവരെ കരുതുകയും അവരാൽ കരുതപ്പെടുകയും ചെയ്യുന്ന ജീവിത സാഹചര്യം ശോശാമ്മ ടീച്ചറെ ഏറെ സന്തോഷവതിയാക്കുന്നു.



നെടുമ്പ്രം ക്രിസ്റ്റോസ് മാർത്തോമ്മാ ഇടവകയിലാണ് ശോശാമ്മ ടീച്ചറുടെ വീട്.

പാലായുടെ മാണിക്യമായ കെ.എം മാണിയുടെ കുടുംബവുമായി ശോശാമ്മ ടീച്ചർക്ക് ആത്മബന്ധമുണ്ട്. പ്രളയ കാലത്ത് അമേരിക്കയിലുള്ള മക്കൾക്ക് അമ്മച്ചിയുമായി ബന്ധപ്പെടുവാൻ യാതൊരു മാർഗ്ഗവുമില്ലാതിരുന്ന സമയത്ത് സഹായഹസ്തവുമായി വെള്ളത്തിലൂടെ നടന്ന് അവിടെയത്തിയത് ജോസ് കെ മാണി എം.പിയുടെ ഭാര്യ നിഷ ജോസ് കെ മാണിയാണ്. കഴിഞ്ഞ വർഷം പിറന്നാൾ ദിനത്തിലും അമ്മച്ചിക്ക് ആശംസകളുമായി നിഷ എത്തി.

തന്റെ ജീവിതപങ്കാളിയെ അടക്കിയ സ്ഥലത്ത് തന്നെയും അടക്കണമെന്ന ആഗ്രഹം അമേരിക്കയിലായിരുന്ന സമയത്തും അമ്മച്ചിയെയും പ്രകടിപ്പിച്ചിട്ടുണ്ടെന്ന് വർക്കി എബ്രഹാം പറഞ്ഞു. പൂർണ പ്രത്യാശയിലുള്ള ജീവിതമാണ് ശോശാമ്മ ടീച്ചറുടേത്. ഏതു സമയത്തും ലോകത്തു നിന്ന് പോകുവാൻ തനിക്ക് മടിയില്ല എന്നുറപ്പിച്ചുകൊണ്ടുള്ള സന്തോഷ ജീവിതമാണ് അമ്മച്ചി ഇപ്പോൾ നയിക്കുന്നതെന്ന് മകൻ പറയുന്നു. ''നിങ്ങൾ എന്താണ് ചെയ്യുന്നതെന്നും അത് നിങ്ങളെ എവിടേക്കാണ് കൊണ്ടുപോകുന്നതെന്നും നിങ്ങൾക്കറിയാമെങ്കിൽ ജീവിതം രസകരമാണ്...'' എന്ന് പറയുംപോലെ 106 വയസിലെത്തിയ ശോശാമ്മ ടീച്ചറും ഉത്തമ ബോധ്യത്തോടെ തന്റെ ജീവിതം അർത്ഥവത്തും സമ്പന്നവും രസകരവുമാക്കുന്നു.

''പ്രിയ അമ്മച്ചിക്ക് ആശംസാമലരുകൾ...''

(ഫോട്ടോകൾ: കഴിഞ്ഞ വർഷത്തെ പിറന്നാളാഘോഷത്തിൽ നിന്നുള്ളവ)

# ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പ്രേഷിത ദൗത്യം അനുകരണീയം : ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്സ്.

ന്യൂ യോർക്ക് : അമേരിക്കയിലെ ആദ്യകാല സംഘടനകളിൽ ഒന്നും സീറോ മലബാർ സീറോ മലങ്കര ലത്തീൻ രൂപതകളുടെ സംയുക്ത കൂട്ടയ്മയുമായ ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഓഫ് അമേരിക്കയുടെ നാല്പത്തി ഏഴാമത് ഈസ്റ്റർ ആഘോഷം വർണ്ണാഭമായ പരിപാടികളോടെ ആഘോഷിച്ചു.

ലോങ്ങ് ഐലൻഡ്, എൽമോണ്ട് സെന്റ് വിൻസെന്റ് ഡി പോൾ മലങ്കര കാത്തലിക് കത്തീഡ്രൽ ചർച്ച് ഹാളിൽ വച്ചു നടന്ന ചടങ്ങിൽ

സീറോ മലങ്കര അമേരിക്ക, കാനഡ ഭദ്രാസനാധിപൻ ബിഷപ്പ് റെവ. ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്സ് മുഖ്യ അതിഥിയായി പങ്കെടുത്തു. ചെണ്ടമേളവും താലപ്പൊലിയും മുത്തുക്കുടയുമായി

ഘോഷയാത്രയോടെയാണ് അതിഥികളെ സ്വീകരിച്ച് ആനയിച്ചത്. ചടങ്ങിൽ ഇന്ത്യാ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കൽ അധ്യക്ഷത വഹിച്ചു. സീറോ മലങ്കര സെന്റ് ഡി പോൾ കത്തീഡ്രൽ വികാരി റെവ. ഫാ. നോബി അയ്യനേത്ത് , റെവ. ഫാ. ഡയോൺ തോമസ് സി എം ഐ, ട്രസ്റ്റീ ബോർഡ് ചെയർമാൻ ആന്റോ വർക്കി എന്നിവർ ആശംസകൾ അർപ്പിച്ചു .

കോർഡിനേറ്റർ തോമസ് പ്രകാശിന്റെ ആമുഖത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്.

ആൽബർട്ട് ഡാനിയേൽ പ്രാർത്ഥനാ ഗാനവും സിതാര ചെറിയാൻ അമേരിക്കൻ ദേശീയ ഗാനവും പ്രേം കൃഷ്ണൻ ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു .

സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യാ കാത്തലിക് അസോസിയേഷൻ ചെയ്ത ചാരിറ്റി പ്രവർത്തനങ്ങൾ സമൂഹത്തിലെ  പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് താങ്ങും തണലും ആവുന്നതിൽ അഭിമാനമുണ്ടെന്നു സെക്രട്ടറി പറഞ്ഞു.

ഈസ്റ്റർ ആഘോഷത്തിൽ മുഖ്യാതിഥി ആയിരുന്ന ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്സ് തിരുമേനി തന്റെ ഈസ്റ്റർ സന്ദേശത്തിൽ അസമത്വവും അസ്സമാധാനവും നിറഞ്ഞ ലോകത്തിൽ ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പ്രവർത്തനങ്ങൾ ശ്രേഷ്ഠമാണെന്ന് പ്രശംസിച്ചു. ആത്മീയ തലങ്ങളിലും ഉപവി പ്രവർത്തന മേഖലകളിലും ഇന്ത്യാ കാത്തലിക് അസോസിയേഷൻ ചെയ്തു കൊണ്ടിരിക്കുന്ന അനവധിയായ നന്മകളെ കൃതജ്ഞതയോടെ സ്മരിക്കുന്നതായി അദ്ദേഹം അറിയിച്ചു. ഉത്ഥാനം ചെയ്ത കർത്താവ് ആദ്യം അരുളിച്ചെയ്തത് നിങ്ങൾക്കേവർക്കും സമാധാനം എന്നായിരുന്നു. ആ സമാധാനം ശിഷ്യന്മാരെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കു നയിച്ചു. എന്നാൽ , ഇന്ന് വ്യക്തികൾ ഉത്കണ്ഠയുടെയും വിഭജനത്തിന്റെയും അനിശ്ചിതത്വത്തിന്റെയും പിടിയിലാണ് . കുടുംബങ്ങൾ സംഘർഷത്തിന്റെയും ഒറ്റപ്പെടലുകളുടെയും സാമ്പത്തിക സമ്മർദ്ദത്തിന്റെയും തടവറയിലാണ്. നമ്മുടെ സമൂഹമാവട്ടെ , കോപാന്ധതയുടെയും ആദരാവില്ലായ്മയുടെയും വെറുപ്പിന്റെ ഭാഷയുടെയും നീരാളി പിടിയിലാണ്. ലോക മാവട്ടെ അനീതിയുടെയും ഭയത്തിന്റെയും യുദ്ധത്തിന്റെയും വേദനയുടെയും പിടിയിലാണ്. അനേക ലക്ഷങ്ങൾ പട്ടിണി കൊണ്ടും യുദ്ധം മൂലവും മരിക്കുന്നു. അതിനാൽ നമ്മുടെ വ്യക്തി ജീവിതത്തിൽ ക്ഷമയും കുടുംബങ്ങളിൽ സമാധാനവും ശീലിക്കണം. നമ്മുടെ സമൂഹത്തിൽ കരുണയും ദയയും സഹകരണവും ആദരവും സൃഷ്ടിക്കണം. ലോകത്തിൽ നിന്ന് മാതാന്ധതയും വംശീയതയും വെറുപ്പും വെടിഞ്ഞ് സമാധാനവും ആദരവും പരസ്പര ബഹുമാനവും നാനാത്വ ത്തിലെ ഏകത്വത്തിലേക്കു നമുക്ക് മുന്നേറാം. തീവ്ര വേദനകളുടെ നടുവിൽ നമുക്ക് അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും ക്രിസ്തു സാക്ഷ്യമാണ് വേണ്ടത്. അതിനായി ശാന്തിയുടെയും പ്രത്യാശയുടെയും സമാധാന






ത്തിന്റെയും ലോകം നമുക്ക് സൃഷ്ടിക്കാം. ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ചാരിറ്റി പ്രവർത്തനത്തോടൊപ്പം തുടർന്നു വരുന്ന സുവിശേഷ വത്കരണ പ്രവർത്തന ങ്ങൾ കാലഘട്ടത്തിന്റെ ആവശ്യകതയാണെ ന്നും ബിഷപ്പ് പ്രസ്താപിച്ചു.

എൽമോണ്ട് സീറോ മലങ്കര പള്ളി വി കാരി ഫാ. നോബി അയ്യനേത് തന്റെ സ്വത സിദ്ധമായ നർമ്മഭാഷണത്തിലൂടെ ഈസ്റ്റർ ആശംസകൾ നേർന്നു. നമുക്ക് ഏതെങ്കിലും നേട്ടങ്ങൾക്ക് വേണ്ടിയുള്ളതാവരുത് പ്രാർ ത്ഥന. ഏകാഗ്രതയോടെയുള്ള പ്രാർത്ഥന ദൈവത്തിൽ അലിഞ്ഞു ചേരലാണ് നുറു ങ്ങു കഥകളിലൂടെ നോബി അച്ചൻ വിശദീ കരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രേഷിത പ്രവർത്തനം ചെയ്തുവരുന്ന ഫാ. ഡയോൺ തോമസ് സി എം ഐ ഈസ്റ്റർ ആശംസകൾ നേർന്നു. ഉത്ഥാനം നമുക്ക് നൽകുന്ന സന്ദേശം അത് ചലനങ്ങൾ സൃ ഷ്ടിച്ചു എന്നതാണ്. “ഭയപ്പെടേണ്ട “എന്ന ക്രിസ്തുവിന്റെ അരുളപ്പാട് ശിഷ്യന്മാരെ പുതിയ സൃഷ്ടികളക്കി മാറ്റി. അങ്ങനെ അവർ ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കും പ്രേ ഷിതരായി വിശ്വാസ പ്രഘോഷണം നടത്തി. വിശ്വാസ സംരക്ഷണത്തിനായി ഒരിക്കലും വിട്ടുവീഴ്ച പാടില്ലെന്നും തന്റെ അനുഭവ സാക്ഷ്യത്തിലൂടെ ഫാ. ഡയോൺ വെളിപ്പെ ടുത്തി.

ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഓഫ് അമേരിക്കയുടെ പ്രസിഡന്റ് ജോസ ഫ് മാത്യു ഇഞ്ചക്കൽ ചടങ്ങിൽ അധ്യക്ഷത















വഹിച്ചു . ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പ്രസക്തിയും പ്രവർത്തനങ്ങളും ചടങ്ങിൽ വിശദീകരിച്ചു . ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ മുഖ മുദ്രയായ ചാരിറ്റി പ്രവർത്തങ്ങളുടെ ഈ വർഷത്തെ ലഘു വിവരണം ചടങ്ങിൽ പ്രസിഡന്റ് ജോസഫ് മാത്യു സദസ്സിന് മുന്നിൽ വച്ചു. ചിറമേൽ അച്ചന്റെ ഹംഗർ ഹണ്ട് പ്രസ്ഥാനത്തിന്റെ അമേരിക്കൻ അംബാസ്സിഡറായി പ്രവർത്തിച്ചു വരുന്നതിലുള്ള ചരിതാർഥ്യവും കൂടാതെ, കഴിഞ്ഞ ഏതാനും വർഷങ്ങളായി പുനലൂരിലെ വിളക്കുടിയിലുള്ള "സ്നേഹതീരം" റീഹാബിലിറ്റേഷൻ സെന്റർ, കോട്ടയത്തെ പി യു തോമസ് ചേട്ടന്റെ നവജീവൻ ട്രസ്റ്റ്, കുറവിലങ്ങാട്ടെ അനുഗ്രഹ ചാരിറ്റബിൾ ട്രസ്റ്റ് തുടങ്ങിയവർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം ഈ വർഷവും തടരുമെന്നും അതിനു നേതൃത്വം വഹിച്ചു പോന്ന മുൻ പ്രസിഡന്റ് മാരായ ലിജോ ജോൺ , ആന്റോ വർക്കി , ജോസ് മലയിൽ, റോയ് ആന്റണി എന്നിവരോടുള്ള നന്ദിയും സ്നേഹവും ചടങ്ങിൽ ജോസഫ് മാത്യു പ്രകാശിപ്പിച്ചു. കൂടാതെ, ഈ വർഷം ചങ്ങനാശ്ശേരിയിലെ മേഴ്സി ഹോമിന് നാലു ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകാനും ഷംഷാബാദ് അതിരൂപതയിൽ ഒരു പള്ളി പണിയുന്നതിന് ആവശ്യമായ പന്ത്രണ്ടു ലക്ഷം രൂപ നൽകുമെന്നുമുള്ള പ്രഖ്യാപനം ഹർഷാരവത്തോടെയാണ് സദസ്സ് സ്വീകരിച്ചത്. മുൻ പ്രസിഡന്റ് റോയ് ആന്റണി കഴിഞ്ഞ വർഷം കേരളത്തിൽ രണ്ടു വീടുകൾ വച്ചു നൽകിയതുൾപ്പെടെയുള്ള ചാരിറ്റി പ്രവർത്തങ്ങളുടെ പിന്തുടർച്ചക്കാരനാണ് താനെന്നതിൽ അഭിമാനമുണ്ടെന്നും പ്രസിഡന്റ് ഇഞ്ചക്കൽ പറഞ്ഞു. ചാരിറ്റി പ്രവർത്തനങ്ങൾക്കൊപ്പം പ്രേഷിത പ്രവർത്തനങ്ങളിലും അസോസിയേഷൻ വീണ്ടും ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് പ്രസിഡന്റ് പ്രസ്താവിച്ചു.

ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ ആന്റോ വർക്കി കണ്ണാടൻ ആശംസകൾ അർപ്പിച്ചു. ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പ്രവർത്തനം വലിപ്പ ചെറുപ്പമില്ലാത്ത കൂട്ടയ്മയുടേതാണെന്നും അതിനു നേതൃത്വം നൽകുന്ന പ്രസിഡന്റ് ഇഞ്ചക്കലിന് എല്ലാ വിധ പിന്തുണയും ചെയർമാൻ ആശംസിച്ചു.

ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ ഈ വർഷത്തെ ചാരിറ്റി കിക്ക് ഓഫ് ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് നിർവഹിച്ചു. ചങ്ങനാശ്ശേരിയിലെ മേഴ്സി ഹോമിനുള്ള നാല് ലക്ഷം രൂപയുടെ ചെക്ക് പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കൽ സ്റ്റെഫാനോസ് തിരുമേനിക്ക് കൈമാറി.

സ്നേഹ തീരത്തിനുള്ള രണ്ട് ലക്ഷം രൂപയുടെ ചെക്ക് ട്രസ്റ്റി ബോർഡ് ചെയർമാൻ ആന്റോ വർക്കി ഫാ. ഡയോൺ തോമസിനും കോട്ടയത്തെ നവജീവൻ ട്രസ്റ്റിനുള്ള രണ്ടു ലക്ഷം രൂപയുടെ ചെക്ക് വൈസ് പ്രസിഡന്റും ചാരിറ്റി ചെയർമാനുമായ തോമസ് പ്രകാശ് ഫാ. നോബി അയ്യനേതിനും കൈമാറി. ഷംഷാബാദ് അതി രൂപതയിൽ പള്ളി പണിക്കുള്ള ആദ്യ ഗഡുവായ നാലു ലക്ഷം രൂപയുടെ ചെക്ക് എക്സ് ഒഫീഷ്യോയും ട്രസ്റ്റീ ബോർഡ് മെമ്പറുമായ റോയ് ആന്റണി സ്റ്റെഫാനോസ് തിരുമേനിക്ക് കൈമാറി.

ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ കഴിഞ്ഞ വർഷത്തെ ചാരിറ്റി പ്രവർത്തനങ്ങൾ മുൻ പ്രസിഡന്റ് റോയ് ആന്റിണി വിശദീകരിച്ചു. ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ആരംഭം തന്നെ പ്രേഷിത പ്രവർത്തനം മുൻ നിർത്തിയായിരുന്നെന്നും ഇവിടെ രൂപതകളുടെ ആവിർഭാവത്തോടെയാണ് ചാരിറ്റി പ്രവർത്തനത്തിലേക്ക് കൂടുതൽ ശ്രദ്ധ തിരിഞ്ഞതെന്നും റോയ് ആന്റണി







അനുസ്മരിച്ചു . ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായി, ഒരു പ്രവർത്തന വർഷത്തിൽ രണ്ടു വീടുകൾ വച്ചു നൽകുക എന്ന മഹത്തായ കർമ്മം നിർവഹിക്കാൻ സഹായിച്ച ഏവർക്കും നന്ദിയും കൃതജ്ഞതയും അറിയിച്ചു.

തിരുവല്ല അതി രൂപതയിലെ ചുങ്കപ്പാറ സെന്റ് ജോർജ് ഇടവകയിൽ കാത്തലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പണിയുന്ന വീടിന്റെ പണി പൂർത്തിയാകുന്നതായും കുറവിലങ്ങാട് പഞ്ചായത്തിൽ പണിയുന്ന വീടിന്റ പണികൾ പുരോഗമിക്കുന്നതായും ട്രസ്റ്റീ ബോർഡ് മെമ്പറും മുൻ ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാനുമായ ലിജോ ജോൺ ഏവരെയും അറിയിച്ചു. കുർബ്ബാനകൾക്കായി പള്ളികൾ തേടി നടന്ന കാത്തലിക് അസോസിയേഷൻ എന്ന സംഘടനയുടെ ജന്മ സാഫല്യമാണ് ഷംഷാബാദ് രൂപതയിൽ നിർമ്മിക്കുന്ന പള്ളിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മേരി ഫിലിപ്പും തോമസ് പ്രകാശും പ്രോഗ്രാം കോർഡിനേറ്റർമാർ ആയിരുന്നു. ട്രസ്റ്റീ ബോർഡ് മെമ്പറും കോർഡിനേറ്ററുമായിരുന്ന മേരി ഫിലിപ്പ് എം സി ഷോൺ ഷാജിയെ സദസ്സിനു പരിചയപ്പെടുത്തി. ബെഞ്ചമിൻ ജോസഫ് ഘോഷയാത്രയുടെ കോർഡിനേറ്റർ ആയിരുന്നു.

തുടർന്ന് അരങ്ങേറിയ കലാ സന്ധ്യയിൽ ഷൈനിയുടെ നേതൃത്വത്തിൽ സെന്റ് മേരിസ് ബെത്പേജ് ടീം അവതരിപ്പിച്ച നൃത്തം ഏറെ ഹൃദ്യമായി. തോമസ് പ്രകാശിന്റെ നേതൃത്വത്തിൽ സെന്റ് വിൻസെന്റ് ഡിപോൾ മലങ്കര ചർച്ച് അവതരിപ്പിച്ച സ്കിറ്റും മൊബെന്റെ നേതൃത്വത്തിൽ സെന്റ് മേരിസ് ബെത്പേജ് അവതരിപ്പിച്ച കോൽകളിയും വേറിട്ടൊരു അനുഭവമായിരുന്നു. ഒലിവിയ പ്രകാശും സാറ ചാക്കോയും ചേർന്നവതരിപ്പിച്ച ബോളിവുഡ് ഡാൻസും മലങ്കര ഡിപോൾ ചർച്ച് അവതരിപ്പിച്ച സംഘ നൃത്തവും വേദിയെ പ്രകമ്പനം കൊള്ളിച്ചു. മേരിക്കുട്ടി മൈക്കിൾ , ഷിബു , പ്രേം കൃഷ്ണൻ എന്നിവരുടെ നാദ വിസ്മയം ഗൃഹാതുര സ്മരണകളും ഒപ്പം ഉത്സവ ലഹരിയും പടർത്തി .

ട്രഷറർ ജോർജ് തോമസ് ഏവർക്കും കൃതജ്ഞത അർപ്പിച്ചു. ഷോൺ ഷാജി പരിപാടികളുടെ അവതാരകനായിരുന്നു. പരിപാടികളുടെ മെഗാ സ്പോൺസർമാരായിരുന്ന ജോയ്ഫുൾ ഹോം കെയർ സി ഈ ഓ ജോയി മേക്കാട്ടിനെയും ഗ്ലോബൽ കൊളിഷൻ സി ഇ ഒ നോഹ ജോർജിനെയും ചടങ്ങിൽ ആദരിച്ചു.

സെക്രട്ടറി ജെയിംസ് ഇളമ്പുരയിടത്തിൽ,വൈസ് പ്രസിഡന്റ് തോമസ് പ്രകാശ്, ട്രഷറർ ജോർജ് തോമസ് , ജോയിന്റ് സെക്രട്ടറി മാത്യു ജോസഫ്, കമ്മിറ്റി അംഗങ്ങളായ ബെഞ്ചമിൻ ജോസഫ് പ്രിൻസ് ജോസഫ്, ടോണി നമ്പിയാപറമ്പിൽ ഓഡിറ്റർസ് സ്വപ്ന മലയിൽ, മേരിക്കുട്ടി മൈക്കിൾ, ബി ഓ ടി മെമ്പർമാരായ മേരി ഫിലിപ്പ് , കെ ജെ ഗ്രിഗറി, ജോസ് മലയിൽ, ലിജോ ജോൺ, ജോൺ കെ ജോർജ്, ബി ഓ ടി ചെയർമാൻ ആന്റോ വർക്കി, സോണൽ ഡയറക്ടർമാരായ ഷാജി സക്കറിയ , ജോർജ് കരോട്ട് , തോമസ് സാമുവൽ, ജോർജ്കുട്ടി, ജോസ് ഞാറാകുന്നേൽ , ബെൻ മാമ്മൻ എന്നിവർ ചേർന്ന് പരിപാടികൾക്ക് നേതൃത്വം നൽകി. ദിൽബാർ ഒരുക്കിയ വിഭവ സമൃദ്ധമായ ഡിന്നറോടെ പരിപാടികൾ സമാപിച്ചു.





TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ഡാളസ് കേരള അസോസിയേഷൻ സുവർണ്ണ ജൂബിലി നിറവിൽ

## ഗോൾഡൻ കേരള നൈറ്റ് പ്രവാസി മലയാളികൾക്ക് ദൃശ്യവിരുന്നായി




പി പി ചെറിയാൻ

ഡാളസ് : അമേരിക്കയിലെ മലയാളി സംഘടനകളിൽ മുൻപന്തിയിലുള്ള കേരള അസോസിയേഷൻ ഓഫ് ഡള്ളാസ് അതിന്റെ ചരിത്രപരമായ അൻപതാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ (1976-2026) ഭാഗമായി സംഘടിപ്പിച്ച "ഗോൾഡൻ കേരള നൈറ്റ്" ഗാർലൻഡിലെ സെന്റ് തോമസ് സൈറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ ആവേശകരമായി നടന്നു. ഏപ്രിൽ 25 ശനിയാഴ്ച വൈകുന്നേരം നടന്ന ചടങ്ങിൽ ഡള്ളാസിലെ സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും നൂറുകണക്കിന് പ്രവാസി മലയാളികളും പങ്കെടുത്തു.

കേരളത്തിന്റെ തനതായ കലാരൂപങ്ങളും ആധുനിക സംഗീത-നൃത്ത വിരുന്നുകളും കോർത്തിണക്കി ഒരുക്കിയ കലാസന്ധ്യ പ്രവാസി സമൂഹത്തിന് വേറിട്ടൊരു അനുഭവമായി മാറി. ആർട്സ് ഡയറക്ടർ ജിജി പി. സ്കറിയയുടെ ഏകോപനത്തിൽ ഡാളസിലെ പ്രമുഖ കലാകാരന്മാർ അണിനിരന്ന വിവിധ കലാപ്രകടനങ്ങൾ പരിപാടിയുടെ മാറ്റ് കൂട്ടി. കേരളീയ സംസ്കാരത്തിന്റെ തനിമ വിളിച്ചോതുന്ന പ്രകടനങ്ങൾ കാണികളുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി.

1976-ൽ പ്രവർത്തനമാരംഭിച്ച കേരള അസോസിയേഷൻ ഓഫ്



ഡാളസ് , അരനൂറ്റാണ്ട് പിന്നിടുമ്പോൾ അമേരിക്കൻ മലയാളി സമൂഹത്തിനിടയിലെ ഏറ്റവും ശക്തമായ സംഘടനയായി മാറിയിരിക്കുകയാണ്. അസോസിയേഷൻ പ്രസിഡന്റ് ഷിജു എബ്രഹാം, സെക്രട്ടറി മഞ്ജിത്ത് കൈനിക്കര എന്നിവരുടെ നേതൃത്വത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ പ്രവാസി സമൂഹത്തിന് വലിയ മാതൃകയാണെന്ന് ചടങ്ങിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു.

ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡന്റ് മാത്യു നൈനാൻ, കേരള അസോസിയേഷൻ മുൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ തുടങ്ങി സാമൂഹിക മണ്ഡലത്തിലെ നിരവധി പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു. പ്രവാസ ലോകത്തെ മലയാളികൾക്കിടയിൽ ഐക്യവും സ്നേഹവും ഊട്ടിയുറപ്പിക്കാൻ ഇത്തരം കൂട്ടായ്മകൾക്ക് സാധിക്കുമെന്ന് പരിപാടി തെളിയിച്ചു.

സുവർണ്ണ ജൂബിലി വർഷത്തിന്റെ ഭാഗമായി വരും മാസങ്ങളിലും വിപുലമായ ആഘോഷ പരിപാടികളും ജീവകാരുണ്യ പ്രവർത്തനങ്ങളും സംഘടിപ്പിക്കാനാണ് അസോസിയേഷൻ ലക്ഷ്യമിടുന്നത്. പ്രവാസി മലയാളി സമൂഹത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന ജൂബിലി ആഘോഷങ്ങൾ വരും ദിവസങ്ങളിലും തുടരും.



















**ABEL'S GARDEN PVT LTD**

**Karimannoor P.O. Thodupuzha, Idukki,**
**Kerala, India PIN. 685581**
**Email/ Phone : hello@abelsgarden.in**
**Tel:+917034413000, +917034643000, +919778050077**


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS
SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड
प्रोसेसिंग बिलों में
कटौती करें।
NRS PAY
nrspay.com
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# മുഖ്യമന്ത്രി മോഹം മനസിൽ കിടന്ന് തിളയ്ക്കുന്നു; കോൺഗ്രസ് ഡിജിറ്റൽ മീഡിയാ സെല്ലിൽ ചേരിതിരിഞ്ഞ് പോര്




**എ.എസ് ശ്രീകുമാർ**


കാര്യം പറയുന്നവരാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർ എന്നാണ് വയ്പ്പ്. എങ്കിൽ മുൻ മന്ത്രിയും മുതിർന്ന സി.പി.എം കേന്ദ്ര കമ്മിറ്റി അംഗവുമായ എ.കെ ബാലൻ യഥാർത്ഥ കമ്മ്യൂണിസ്റ്റാണ്. കാരണം അദ്ദേഹം ഒരു കാര്യം പറഞ്ഞിരിക്കുന്നു. ഗർഭം ഉണ്ടാവും മുമ്പേ കുട്ടിയുടെ ജാതകം നോക്കുന്നുവെന്നും ഇത് കോൺഗ്രസിന്റെ ആഭാസത്തരമാണെന്നുമാണ് കോൺഗ്രസിലെ മുഖ്യമന്ത്രി തർക്കത്തിൽ എ.കെ ബാലന്റെ പരിഹാസം. ചെന്നിത്തലയെയും വി.ഡി സതീശനെയും പരസ്പരം അടിപ്പിക്കുന്ന നിലപാടാണ് കെ.സിയുടേത്. ഗർഭം ഉണ്ടാവും മുമ്പേ കുട്ടിയുടെ ജാതകം നോക്കുകയാണെന്നും ഇത് കോൺഗ്രസിന്റെ ആഭാസത്തരമാണെന്നും എ.കെ ബാലൻ ആവർത്തിച്ചു. അതേ ബാലൻ പറഞ്ഞതാണ് സത്യം. അതാണിപ്പോൾ കേരളത്തിലെ കോൺഗ്രസ് ക്യാമ്പുകളിൽ നടക്കുന്നത്.

അതുകൊണ്ട്, മുഖ്യമന്ത്രി സ്ഥാനത്തെച്ചൊല്ലി കോൺഗ്രസിനുള്ളിൽ നടക്കുന്ന ചർച്ചകൾക്ക് കർശന വിലക്കേർപ്പെടുത്തിയിരിക്കുകയാണ് കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ്. പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെയോ സാമൂഹ്യ മാധ്യമങ്ങളിലൂടെയോ നടത്തുന്ന ഇത്തരം പ്രസ്താവനകൾ സംഘടനയുടെ പ്രതിച്ഛായയെ പൊതുസമൂഹത്തിൽ മോശമായി ബാധിക്കുമെന്നും അച്ചടക്കലംഘനമായി കണക്കാക്കുമെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. കുറച്ചു ദിവസങ്ങൾക്ക് മുമ്പും ഇത്തരമൊരു വിലക്ക് അദ്ദേഹം കൽപ്പിച്ചിരുന്നു. എന്നാൽ അതാരും ഗൗനിക്കാതെ കടിപിടി തുടരുകയായിരുന്നു. അതുകൊണ്ടാണ് പുതിയ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. പക്ഷേ പരസ്യ പ്രസ്താവന നടത്തിയാൽ ഏതുതരത്തിലുള്ള കർശന നടപടിയെടുക്കമെന്ന് അദ്ദേഹം പറയുന്നില്ല.

സണ്ണി ജോസഫല്ല സാക്ഷാൽ രാഹുൽ ഗാന്ധി വിലക്കിയാലും കസേരകളി നിർബാധം തുടരും. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, രമേശ് ചെന്നിത്തല എം.എൽ.എ, എ.ഐ.സി.സി

***പ്രധാന നേതാക്കൾ കാര്യമായ പ്രതികരണം നടത്തുന്നില്ലെങ്കിലും സോഷ്യൽ മീഡിയയിൽ കെ.സി വേണുഗോപാലിനെയും വി.ഡി സതീശന്റെയും രമേശ് ചെന്നിത്തലയുടെയും അനുയായികൾ ചേരിതിരിഞ്ഞ് രൂക്ഷമായി ഏറ്റുമുട്ടുകയാണ്. ഇതിനിടെ തിരഞ്ഞെടുപ്പിൽ ജയിച്ച് എം.എൽ.എ ആകാൻ സാധ്യതയുള്ളവരുടെ പിന്തുണ ഉറപ്പിക്കാനുള്ള നീക്കങ്ങളും മൂന്ന് നേതാക്കളുടെയും വിശ്വസ്തർ അണിയറയിൽ തുടങ്ങിയിട്ടുണ്ട്.***

ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ എന്നിവർക്കുവേണ്ടിയുള്ള അങ്കംവെട്ടാണിപ്പോൾ കലശലായി നടക്കുന്നത്. നിയമസഭാ തിരഞ്ഞെടുപ്പ് ഫലമറിയാൻ വെറും എട്ട് ദിവസം മാത്രം ശേഷിക്കെ മുഖ്യമന്ത്രിക്കസേര ഉറപ്പിക്കാനുള്ള പിടിവലിക്ക് ശക്തി കൂടിയിട്ടുണ്ട്. മേൽപ്പറഞ്ഞ മൂവരും പ്രത്യക്ഷത്തിൽ വലിയ കുഴപ്പമില്ലാതെയാണ് കാണുന്നതെങ്കിലും ഉള്ളിന്റെയുള്ളിൽ ആ വലിയ മോഹം കിടന്ന് വെട്ടിത്തിളക്കുകയാണ്.




കെ.പി.സി.സിയുടെ ഡിജിറ്റൽ മീഡിയ സെല്ലിലാണ് മൂവർക്കും വേണ്ടിയുള്ള ചേരിതിരിഞ്ഞുള്ള അടി. പാരമ്പര്യം കൊണ്ടും സമരചരിത്രം കൊണ്ടും നേതൃസ്ഥാനത്തേയ്ക്ക് ചെന്നിത്തല യോഗ്യനാണെന്ന് സ്ഥാപിക്കാൻ പഴയ ചിത്രങ്ങൾ സഹിതം പ്രചാരണം നടക്കുന്നുണ്ട്. മുതിർന്ന നേതാക്കളെ അധിക്ഷേപിക്കുന്നതിന് നേതൃത്വം നൽകിയത് എറണാകുളത്തെ വി.ഡി സതീശൻ ഗ്രൂപ്പിലെ പ്രധാനിയും കെ.പി.സി.സി ഡിജിറ്റൽ മീഡിയ സെൽ കോർഡിനേറ്ററുമായ വിമല ബിനുവാണെന്നാണ് ആരോപണം. കെ സുധാകരനെ അധിക്ഷേപിക്കുന്ന വിമല ബിനുവിന്റെ വാട്സ്ആപ്പ് ചാറ്റ് ഇതിനിടെ പുറത്തുവന്നിരുന്നു.

'ഇലക്ഷൻ 2026 വി.ഡി.എസ്' എന്ന വാട്സ് ആപ്പ് ഗ്രൂപ്പിലെ ചാറ്റുകളായിരുന്നു പുറത്തുവന്നത്. വിമല ബിനുവാണ് ഇതിന്റെ അഡ്മിൻ. ''കണ്ണൂർ സിഹം എന്നല്ല ഏത് കോണോത്തിലെ സിംഹം അലറിയാലും രാവും പകലും കഷ്ടപ്പെട്ടവന്റെ ഒപ്പം...'' എന്ന ക്യാപ്ഷനോട് കൂടി വി.ഡി സതീശന്റെ പടം വിമല ബിനു ഗ്രൂപ്പിൽ പങ്കുവെക്കുകയുണ്ടായി. റോജി എം ജോണിന്റെ ഫേസ്ബുക്ക് പോസ്റ്റിന് താഴെ അധിക്ഷേപ

ത്തിനും ഈ ഗ്രൂപ്പിൽ ആഹ്വാനം ചെയ്യുകയുണ്ടായി. വിമല ബിനുവിനെതിരെ കെ.പി.സി നടപടി ഉണ്ടാകുമെന്ന അഭ്യൂഹങ്ങളും ഇതിനിടെ ഉണ്ടായിട്ടുണ്ട്. എന്നാൽ മുഖ്യമന്ത്രി കസേര തർക്കത്തിൽ തന്റെ പേരിൽ വ്യാജ സ്ക്രീൻ ഷോട്ടുകൾ പ്രചരിപ്പിക്കുന്നുവെന്നും പ്രചരണം നടത്തിയവർക്കെതിരെ കേസെടുക്കണമെന്നും വിമല ഡി.ജി.പിക്ക് നൽകിയ പരാതിയിൽ പറയുന്നു.

ഇതിനിടെ കെ.സി വേണുഗോപാൽ പക്ഷക്കാരനായ അജയ് തറയിൽ ''എന്റെ സ്വപ്നത്തിലെ കോൺഗ്രസ് മുഖ്യമന്ത്രി...'' എന്ന തലക്കെട്ടോടെ ഫെയ്സ് ബുക്കിൽ ഇട്ട പോസ്റ്റിൽ, ''ഒരു ദിവസമെങ്കിലും ജയിലിൽ കിടന്നവനും ഒരിറ്റ് വെള്ളമെങ്കിലും ജലപീരങ്കിയിൽനിന്ന് ശരീരത്തിൽ പതിച്ചവനുമാകണം മുഖ്യമന്ത്രി...'' എന്ന് പറയുന്നു. വിദ്യാർഥി, യൂത്ത് കോൺഗ്രസ് നേതാവായിരിക്കെത്തന്നെ ദേശീയ തലത്തിൽ നേതാക്കളുമായി അടുത്ത ബന്ധം സ്ഥാപിച്ചിരുന്നെന്നും ഇന്ദിര, രാജീവ് തുടങ്ങിയവരോടെല്ലാം അടുപ്പമുണ്ടായിരുന്നു എന്നും ചെന്നിത്തലയ്ക്ക് വേണ്ടി ഒരു കൂട്ടർ വാദമുയർത്തുന്നത്. ഇങ്ങനെ മുഖ്യമന്ത്രി ആരാകണം എന്നതിനെ ചൊല്ലിയുള്ള സൈബർ പോര് അവസാനം ഇല്ലാതെ തുടരുകയാണ് സംസ്ഥാന കോൺഗ്രസിൽ.

പ്രധാന നേതാക്കൾ കാര്യമായ പ്രതികരണം നടത്തുന്നില്ലെങ്കിലും സോഷ്യൽ മീഡിയയിൽകെ.സിവേണുഗോപാലിനെയും വി.ഡി സതീശന്റെയും രമേശ് ചെന്നിത്തലയുടെയും അനുയായികൾ ചേരിതിരിഞ്ഞ് രൂക്ഷമായി ഏറ്റുമുട്ടുകയാണ്. ഇതിനിടെ തിരഞ്ഞെടുപ്പിൽ ജയിച്ച് എം.എൽ.എ ആകാൻ സാധ്യതയുള്ളവരുടെ പിന്തുണ ഉറപ്പിക്കാനുള്ള നീക്കങ്ങളും മൂന്ന് നേതാക്കളുടെയും വിശ്വസ്തർ അണിയറയിൽ തുടങ്ങിയിട്ടുണ്ട്.

അതേസമയം, കോൺഗ്രസിലെ മുഖ്യമന്ത്രി ചർച്ച യു.ഡി.എഫിന് വോട്ട് ചെയ്തവർക്ക് നിരാശയുണ്ടാക്കുന്നുവെന്ന രൂക്ഷ വിമർശനവുമായി മുസ്ലിംലീഗ് മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എ രംഗത്തുവന്നു.

ചർച്ചകൾ തടയേണ്ടവർ തന്നെ പരസ്യപ്രസ്താവന നടത്തുകയാണെന്നും ഉപമുഖ്യമന്ത്രി സ്ഥാനം കോൺഗ്രസ് ലീഗിന് കണ്ടറിഞ്ഞു നൽകുമെന്നും അബ്ദുൾ ഹമീദ് പറഞ്ഞു. ഉപമുഖ്യമന്ത്രി സ്ഥാനത്തെക്കുറിച്ച് കോൺഗ്രസ് ആലോചിക്കുക പോലും ചെയ്യാത്ത സാഹചര്യത്തിൽ മുസ്ലീം ലീഗ് അവസരം മുതലാക്കി ഒരു ചൂണ്ടയെറിഞ്ഞിരിക്കുകയാണ്. അങ്ങനെ അവരുടെ മനസിലിരിപ്പും വ്യക്തമായി.

***ഇതിനിടെ കെ.സി വേണുഗോപാൽ പക്ഷക്കാരനായ അജയ് തറയിൽ ''എന്റെ സ്വപ്നത്തിലെ കോൺഗ്രസ് മുഖ്യമന്ത്രി...'' എന്ന തലക്കെട്ടോടെ ഫെയ്സ് ബുക്കിൽ ഇട്ട പോസ്റ്റിൽ, ''ഒരു ദിവസമെങ്കിലും ജയിലിൽ കിടന്നവനും ഒരിറ്റ് വെള്ളമെങ്കിലും ജലപീരങ്കിയിൽ നിന്ന് ശരീരത്തിൽ പതിച്ചവനുമാകണം മുഖ്യമന്ത്രി...'' എന്ന് പറയുന്നു.***






സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ
SINCE 2005
21 Year Legacy of Trust & Quality
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ് ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.act ayansgold.in
വിദേശ പഠനം / ജോലി തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# ദ ക്യാപിറ്റൽ ഡിസ്ട്രിക്ട് മലയാളി അസോസിയേഷൻ 2026ലെ ഈസ്റ്റർ - വിഷു ആഘോഷിച്ചു



ആൽബനി: ന്യൂയോർക്കിന്റെ ക്യാപിറ്റലായ ആൽബനിയിലെ മലയാളികളുടെ കൂട്ടായ്മയായ ദ ക്യാപിറ്റൽ ഡിസ്ട്രിക്ട് മലയാളി അസോസിയേഷന്റെ 2026ലെ ഈസ്റ്റർ-വിഷു ആഘോഷങ്ങൾ വിവിധ കലാപരിപാടികളോടെ നടത്തപ്പെട്ടു. ഏപ്രിൽ 18 ഉച്ചയ്ക്ക് 12 മണിക്ക് തുടങ്ങി വൈകീട്ട് 6 മണി വരെ ജർമൻ-അമേരിക്കൻ ക്ലബിന്റെ ബാകിറ്റ് ഹാളിൽ വച്ചാണ് നടത്തപ്പെട്ടത്.



പ്രസിഡന്റ് ജിജി കുര്യൻ, വൈസ് പ്രസിഡന്റ് മൃദുല മണികണ്ഠൻ, സെക്രട്ടറി മെറിൻ ജോസഫ്, ട്രഷററർ സാന്തനു നായർ, കമ്മിറ്റി അംഗങ്ങളായ സെനോ ജോസഫ്, ശ്രുതി ഗോപിനാഥ്, അലൻ മുരിക്കൻ, ശ്വേത ജോസ്, ബിജിത് കുമാർ പി.എം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

നടൃശാസ്ത്ര സ്കൂൾ ഓഫ് ഡാൻസ് അവതരിപ്പിച്ച ഭരതനാട്യം, നേറ്റിവിറ്റി സ്കിറ്റ്, ജൂലിയാന ജേക്കബ്, ശ്രുതി സുബിൻ, വാരിഷ് ശേഖർ എന്നിവരുടെ ക്ലാസിക്കൽ ഡാൻസ്, വിഷു സ്കിറ്റ്,

അഞ്ജന പ്രദീപ് അവതരിപ്പിച്ച മോഹിനിയാട്ടം, സിനിമാറ്റിക് ഡാൻസ്, മരീന അലക്സാണ്ടർ അവതരിപ്പിച്ച കഥക്, വിവിധ ക്ലാസിക് ഡാൻസുകളും പാട്ടുകളുമായി നിരവധി പ്രോഗ്രാമുകൾ ഉണ്ടായിരുന്നു.

മെറിൻ മേരി ജോസഫ് നന്ദി പ്രകാശിപ്പിച്ചു. ചാൾസ് മാർ ക്കോസും ആരതി നായരും എം.സിമാരുമായിരുന്നു.











NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# സ്റ്റാറ്റൻ ഐലന്റ് മലയാളി അസോസിയേഷൻ: പ്രവർത്തനോൽഘാടനം ഉജ്ജ്വലമായി



ബിജു ചെറിയാൻ, ന്യൂയോർക്ക്

ന്യൂയോർക്ക് : സ്റ്റാറ്റൻ ഐലന്റ് മലയാളി അസോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ഉജ്ജ്വല തുടക്കം കുറിച്ചു. ഏപ്രിൽ 12-ാം തീയ്യതി ഞായറാഴ്ച സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ട ഈസ്റ്റർ, വിഷു സംയുക്ത ആഘോഷങ്ങളിലും പ്രവർത്തന ഉൽഘാടന ചടങ്ങിലും അമേരിക്കയിലെ പ്രമുഖ മാധ്യമ പ്രവർത്തകനും ഏഷ്യാനെറ്റ് ന്യൂസ് കറസ്പോണ്ടന്റ് തലവനുമായ ഡോ.കൃഷ്ണകിഷോർ, പ്രശസ്ത നെഫ്രോളജിസ്റ്റും ട്രാൻസ്പ്ലാന്റ് വിദഗ്ധനുമായ ഡോ. മധു ഭാസ്ക്കരൻ എം.ഡി. എന്നിവർ മുഖ്യാതിഥികളായിരുന്നു.

നാലു പതിറ്റാണ്ടിലേറെയായി ന്യൂയോർക്കിലെ മലയാളി സമൂഹത്തിന്റെ ഭാഗമായി തീർന്ന സ്റ്റാറ്റൻ ഐലന്റ് മലയാളി അസോസിയേഷന്റെ ഈ വർഷ



ത്തെ വിവിധ പ്രവർത്തനങ്ങൾക്ക് ഡോ. കൃഷ്ണ കിഷോർ തിരി തെളിയിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. റെജി വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനത്തിൽ വെരി. റവ. ആദായി പൗലൂസ് കോറെപ്പിസ്ക്കോപ്പ (വികാരി, സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച്) ഈസ്റ്റർ സന്ദേശം നൽകി. മലയാളിയുടെ ഗൃഹാതുര ഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന വിഷു ഉൽസവത്തിന്റെ ആശംസകൾ. ഡോ മധു ഭാസ്ക്കരൻ നേർന്നു. സെക്രട്ടറി ശ്രീമതി ലൈസി അലക്സ് സ്വാഗതവും ട്രഷറർ ശ്രീ. ജോസ് വർഗീസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. ജോഷ്വ- ജെയിംസ് അമേരിക്കൻ ദേശീയഗാനവും, റോഷിൻ മാമ്മൻ ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു.

പൊതുസമ്മേളനത്തിനുശേഷം കുട്ടികളുടെയു മുതിർന്നവരുടേയും വിവിധ കലാപരിപാടികൾ അരങ്ങേറി. ചിട്ടയായ പരിശീലനത്തോടെ അവതരിപ്പിക്കപ്പെട്ട വിവിധ നൃത്തങ്ങൾ, ഗാനങ്ങൾ തുടങ്ങിയവ ഉന്നത നിലവാരം പുലർത്തി. ശ്രീ. മൈക്കിൾ തര്യൻ അസോസിയേറ്റ്സിന്റെ സ്റ്റേറ്റ് ഫാം ബിസിനസ്സ് സ്ഥാപനം ഈ വർഷത്തെ അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് മുഖ്യ സ്പോൺസർ ആയിരിക്കും.

കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലന്റ് പ്രസിഡന്റ് ശ്രീ. സാബു തോമസ് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. സ്റ്റാറ്റൻ ഐലന്റ് മലയാളി സീനിയർ ഫോറം പ്രസിഡന്റ് ശ്രീ.തോമസ് തോമസ് പാലത്തറ, ഫൊക്കാന, ഫോമ, നഴ്സസ്സ് അസോസിയേഷൻ എന്നിവയുടെ പ്രതിനിധികളായി ശ്രീ. ആന്റോ വർക്കി, ശ്രീ.ജോണി കെ ജോർജ്, ശ്രീമതി ഉഷാ ജോർജ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഡിന്നറോടു കൂടി പരിപാടികൾ




















STATEN IS ND


ALAYALEE ASSOCIATION OF
STATEN ND


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# വസന്തത്തിന്റെ വരവിൽ കാവ്യമാസത്തിന് അക്ഷരാഘോഷമൊരുക്കി കേരള റൈറ്റേഴ്സ് ഫോറം





**ചെറിയാൻ മാത്തിലേത്ത്**


ഹൂസ്റ്റൺ: വസന്തത്തിന്റെ നയനമനോഹരമായ തുടക്കം. ടെക്സാസ് സംസ്ഥാനത്തിന്റെ തെക്കുകിഴക്കൻ പ്രദേശം കാട്ടു പൂക്കൾ കൊണ്ട് നിറയുന്നു. പാതയോരങ്ങളിലും മൈതാനങ്ങളിലും പുറമ്പോക്കുഭൂമിയിലും എന്നുവേണ്ട എവിടെയും സമൃദ്ധമായ നിറങ്ങൾ. വിടർന്നവയും അതിനു വെമ്പി നിൽക്കുന്ന പൂമൊട്ടുകളും. വെള്ളയും തന്നെ ആഘോഷമായ പിങ്കും മഞ്ഞയും നീല ബ്ളൂ ബോണറ്റ് പുഷ്പയും സംസ്ഥാനത്തിന്റെ പാടങ്ങൾ കണ്ണിന് ഏറെ

കുളിർമ്മ നൽകുന്നു. വഴിയോരങ്ങളിലെ മഞ്ഞ നമ്മുടെ വിഷുക്കാലത്തിന്റെ നിറപ്പകിട്ട് ഗൃഹാതുര ഓർമയായി മനസിലേക്കെത്തിക്കുന്നു. നമ്മുടെ സ്വന്തം വിഷുക്കാലം നമ്മെത്തേടി വരുന്നതുപോലെ.









ഈ പശ്ചാത്തലത്തിലാണ് വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹ്യൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറം പതിവുപോലെ ചർച്ചകളും വിലയിരുത്തലുകളുമൊക്കെയായി സ്റ്റാഫോർഡിലെ മസാല ഹട്ട് റസ്റ്റോറന്റിൽ യോഗം ചേർന്നു. ഏപ്രിൽ മാസം കാവ്യ മാസമായാണല്ലോ ആചരിക്കുന്നത്. പരമ്പരാഗതവും ആധുനികവും കൂടാതെ മലയാളവും ഇംഗ്ലീഷുമെല്ലാം സമൃദ്ധമായി ഇവിടെ നിറഞ്ഞു നിൽക്കുന്നു. വസന്തത്തിലെ മനോഹരമായ മഴച്ചാറ്റലുകൾക്കൊപ്പം.

ജോസഫ് തച്ചാറയുടെ 'എന്റെ മശിഹ' എന്ന കവിത സാധാരണ നമ്മുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്നതോ അല്ലെങ്കിൽ കാലങ്ങളായി നമ്മുടെ മനസ്സിൽ പതിഞ്ഞിരിക്കുന്നതോ ആയ മശിഹ രൂപത്തിനു കടക വിരുദ്ധമാണ്. ദേവ-ദൈവ സങ്കല്പങ്ങൾ വരയിലൂടെയോ വാക്കുകളിലൂടെയോ ആവിഷ്ക്കരിക്കപ്പെടുമ്പോൾ അത് ആകർഷണീയവും സുന്ദരവും ആയിരിക്കണമെന്നാണല്ലോ വെയ്പ്. പക്ഷേ, കവി ഇവിടെ പരോക്ഷമായി ചോദിക്കുന്നത് അങ്ങനെയുള്ള രൂപങ്ങൾ നമ്മോടു ചേർന്നു നിൽക്കുന്നതാണോ എന്നാണ്.

ബാബു കുരൂരിന്റെ 'നിന്നെ ഞാനും അറിഞ്ഞില്ല...' എന്ന കവിതയാണ് തുടർന്ന് അവതരിപ്പിത്. മലയാള പദങ്ങൾ കോർത്തിണക്കുന്നതിന്റെ സൗന്ദര്യം ഉൾക്കൊണ്ടതായിരുന്നു ഈ കവിത. ബന്ധങ്ങൾ എത്ര തീവ്രമാണെങ്കിലും എത്ര അടുത്ത് ചേർത്ത് വയ്ക്കപ്പെട്ടതാണെങ്കിലും ഒരിക്കൽ വേർപെടുന്ന അവസരങ്ങൾ ഉണ്ടാക്കുന്ന നഷ്ടബോധം.

അപ്പോഴാണ് ചോദിക്കുന്നത് ''നിന്നെ ഞാനും അറിഞ്ഞില്ലല്ലോ...'' എന്ന്. ആ ബന്ധങ്ങൾ വ്യക്തിപരമാകാം. പ്രകൃതിയുമായി ഇണങ്ങിയിട്ടുള്ളതുമാകാം.

''എങ്കിലും എന്റെ ഈ
അന്ത്യ യാത്രയിൽ നീ
എന്നെ അറിഞ്ഞിരുന്നുവെങ്കി
ലെന്നു ഞാനേറ്റം മോഹിച്ചു വിട-
വാങ്ങവേ, അറിയുന്നു ഞാനും
നിന്നെ അറിഞ്ഞിരുന്നില്ലെന്ന്...''


റോയ് തോമസ് അവതരിപ്പിച്ചത് വ്യത്യസ്തമായ അർത്ഥതലങ്ങളുള്ള, ഒരു കാരൾ ഗീതത്തിന്റെ സൗന്ദര്യം മുറ്റി നിന്ന കവിതയായിരുന്നു. 'ബെതലേഹേമേ നീ രാജകുമാരനായ്...'' ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രാചീന കവിത്രയത്തിലെ ഭക്തകവി തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ സുന്ദരകാണ്ഡത്തിലെ ഏതാനും വരികൾ അദ്ദേഹം വായിച്ചു.

ജോൺ മാത്യു ''When World Will Look Like When All the Water Leaves Us...'' എന്ന കവിത അവതരിപ്പിച്ചു.

''We who will soon die
Because we have been
so thirsty
We whose tears can fill
Rivers seas oceans,
We sail...''










ചെറിയാൻ മഠത്തിലേത്ത്, മാത്യു നെല്ലിക്കുന്ന്, ബാബു കുരൂർ, ജോസഫ് തച്ചാറ, ഗ്രേസി നെല്ലിക്കുന്ന്, ബോബി മാത്യു, മറിയാമ്മ തോമസ്, എ.സി ജോർജ്, റോയ് തോമസ്, ഡോളി കാച്ചപ്പിള്ളി, മോട്ടി മാത്യു, റവ. ഡോ. തോമസ് അമ്പലവേലിൽ തുടങ്ങിയവർ ചർച്ചയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

യോഗത്തിൽ കേരള റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് ചെറിയാൻ മഠത്തിലേത്ത് അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോൺ മാത്യു സാഹിത്യ ചർച്ചകളുടെ മോഡറേറ്ററായിരുന്നു. റൈറ്റേഴ്സ് ഫോറത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബാബു കുരൂരുനെ യോഗം പബ്ളിക് റിലേഷൻസിന്റെ ചുമതല ഏൽപ്പിച്ചു. പ്രസിഡന്റിന്റെ ഉപക്രമത്തിന് ശേഷം സെക്രട്ടറി മോട്ടി മാത്യു കൃതജ്ഞത പ്രകാശിപ്പിച്ചു.

ഫോട്ടോ: മോട്ടി മാത്യു


'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# കെ.എച്ച്.എൻ.എ സൂപ്പർ സിംഗർ സീസൺ 2 വാനമ്പാടി K.S. ചിത്ര ഉത്‌ഘാടനം ചെയ്യുന്നു

## KHNA Super Singers - Season 2 | ഏപ്രിൽ 26, 11:30 AM EST




**സതീഷ് മാടമ്പത്ത്**

**കെ.എച്ച്.എൻ.എ ന്യൂസ് മീഡിയ**

ഫ്ലോറിഡ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (KHNA) സംഘടിപ്പിക്കുന്ന KHNA Super Singers - Season 2 എന്ന സംഗീത മത്സര പരിപാടിക്ക് ഈ വരുന്ന ഏപ്രിൽ 26-ന് (11:30 AM EST) തിരശ്ശീല ഉയരുന്നു. ഇന്ത്യയുടെ വാനമ്പാടി ശ്രീമതി K.S. ചിത്രയാണ് Zoomൽ നടക്കുന്ന ഓൺലൈൻ ചടങ്ങ് ഉത്‌ഘാടനം ചെയ്യുന്നത്.

പ്രശസ്ത ഗായകരായ ശ്രീ. ബിജു നാരായണൻ, ശ്രീ. ശ്രീവത്സൻ ജെ. മേനോൻ, ഉയർന്നു വരുന്ന സംഗീത പ്രതിഭ ശ്രീ. നവനീത് ഉണ്ണികൃഷ്ണൻ എന്നിവർ വിശിഷ്ടാതിഥികളായി എത്തുന്നു. പ്രവാസി യുവഗായകർക്ക് സംഗീത രംഗത്തെ പ്രമുഖരുമായി നേരിട്ട് സംവദിക്കാനും പ്രചോദനം നേടാനുമുള്ള അപൂർവ അവസരമായിരിക്കും ഇത്.

2020-ൽ സംഘടിപ്പിച്ച KHNA Super Singers - Season 1 വൻ വിജയമായിരുന്നു. അമേരിക്കയിലെ യുവഗായകർക്ക് അവരുടെ പ്രതിഭ പ്രകടിപ്പിക്കാനുള്ള മികച്ച വേദിയായി ഇത് മാറിയപ്പോൾ, നിരവധി പേർക്ക് സംഗീത രംഗത്ത് മുന്നേറാനുള്ള പ്രചോദനവും ആത്മവിശ്വാസവും ലഭിച്ചു. ആ വിജയത്തിന്റെ തുടർച്ചയായാണ് KHNA ഈ മത്സര പരിപാടിയുടെ രണ്ടാമത്തെ സീസൺ ഒരുക്കുന്നത്.

'പ്രവാസ ജീവിതത്തിനിടയിലും നമ്മുടെ സാംസ്കാരിക വേരുകളോട് ബന്ധം നിലനിർത്തുന്നതിൽ സംഗീതത്തിന്റെ പങ്ക് വളരെ വലുതാണ്. KHNA Super Singers യുവതലമുറയിലെ സംഗീത പ്രതിഭകൾക്ക് ആത്മവിശ്വാസവും അംഗീകാരവും നൽകുന്ന ഒരു വേദിയാണ്. Season 2 കൂടുതൽ പ്രതിഭകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു.' എന്ന് KHNA പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പറഞ്ഞു:

സുന്ദര നാരായണ ഗാനാഞ്ജലി ട്രസ്റ്റ് ആണ് ഈ പരിപാടി സ്പോൺസർ ചെയ്ത് പ്രേക്ഷകരിലേക്ക് എത്തിക്കുന്നത്.

പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി വിപുലമായ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. ശ്രീ. സതീഷ് അമ്പാടി (Chair), സതീഷ് മാടമ്പത്ത് (Technical Coordinator), സതീഷ് കാളത്ത് (Outreach Co-ordinator) എന്നിവർ നേതൃത്വം നൽകുന്ന സമിതിയിൽ അഞ്ജന പ്രയാഗ, സുനിത മേനോൻ, രഞ്ജിത്ത് പിള്ള, ഹരികൃഷ്ണ കോയിപ്പള്ളിൽ (Program Coordinators) എന്നിവരും ഉൾപ്പെടുന്നു.

അമേരിക്കയിലെ യുവഗായകർക്ക് തങ്ങളുടെ പ്രതിഭ കാഴ്ചവയ്ക്കാനും ആകർഷകമായ സമ്മാനങ്ങൾ നേടാനുമുള്ള മികച്ച വേദികളിൽ ഒന്നാണ് KHNA Super Singers - Season 2. താഴെ കാണുന്ന ലിങ്ക്/QR Code ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

Registration: https://namaha.org/?page_id=3955

ഉത്ഘാടന ചടങ്ങ് വിവരങ്ങൾ

തീയതി: ഏപ്രിൽ 26, 2026


സമയം: 11:30 AM EST

Zoom Meeting ID: 879 8046 5052

Passcode: 202602

സംഗീതപ്രേമികളും യുവഗായകരുടെ ആത്മീയരും എല്ലാവരും ഈ ഉത്ഘാടന ചടങ്ങിൽ പങ്കെടുക്കണമെന്ന് KHNA നേതൃത്വം അഭ്യർത്ഥിക്കുന്നു.


Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com


Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# മക്കാലനിലും സാൻ ആന്റോണിയോയിലും ലഭിച്ച ഉജ്വല സ്വീകരണത്തിന് നന്ദി അറിയിച്ച് 'ടീം പ്രോമീസ് ഫോമാ'

മക്കാലൻ: അമേരിക്കൻ മലയാളികളുടെ ആശയും അഭിലാഷവുമായ ഫോമായുടെ ജനകീയ പ്രവർത്തനങ്ങളുടെ ഊർജസ്വലമായ തുടർച്ച മുദ്രാവാക്യമാക്കി 2026–'28 ഭരണ സമിതിയിലേയ്ക്ക് ആത്മവിശ്വാസത്തോടെ ജനവിധി തേടുന്ന 'ടീം പ്രോമീസ് ഫോമാ' മക്കാലനിലും സാൻ ആന്റോണിയോയിലും ലഭിച്ച സ്വീകരണത്തിന് മലയാളി സംഘടനകളോട് ഹൃദയപൂർവം നന്ദി പറയുകയാണ്. കേരള അസോസിയേഷൻ ഓഫ് റിയോഗ്രാന്റെ വാലി-മക്കാലൻ, സാൻ ആന്റോണിയോ മലയാളി അസോസിയേഷൻ എന്നിവയുടെ ഊഷ്മള സ്വീകരണമാണ് ഇലക്ഷൻ കാംപെയ്നിന്റെ ഭാഗമായി ടീം പ്രോമീസിന് ലഭിച്ചത്.




മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) നയിക്കുന്ന ടീം പ്രോമിസിന്റെ സ്ഥാനാർത്ഥികൾ വിവിധ സംഘടനാ നേതാക്കളുമായി ആശയവിനിമയം നടത്തുകയും ഫോമായുടെ ഭാവി വളർച്ചയെക്കുറിച്ചും ഇനി നടപ്പാക്കേണ്ട സ്വപ്ന പദ്ധതികൾ സംബന്ധിച്ചും തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. ടീം പ്രോമിസിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയും നാല് പതിറ്റാണ്ട് കാലത്തെ സംഘടനാ പ്രവർത്തന മികവിനുടമയുമായ മാത്യു വർഗീസ് (ജോസ്), ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് മൽസരിക്കുന്ന അനു സ്കറിയ, ട്രഷറർ സ്ഥാനാർത്ഥി ബിനോയ്



തോമസ്, ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവരുടെ പ്രവർത്തനങ്ങൾ ഫോമായ്ക്ക് മുതൽക്കൂട്ടാവുമെന്ന് അവർക്ക് ആശംസകൾ നേർന്നുകൊണ്ട് സംഘടനാ ഭാരവാഹികൾ വ്യക്തമാക്കുകയുണ്ടായി.

മക്കാലൻ മലയാളി അസോസിയേഷന്റെ പ്രതിനിധികളുമായി ടീം പ്രോമിസ് നടത്തിയ ചർച്ച ഫോമായുടെ വീക്ഷണത്തെയും സംഘടനയുടെ കെട്ടുറപ്പിനെയും അടിസ്ഥാനമാക്കിയായിരുന്നു. ഫോമായുടെ ലക്ഷ്യങ്ങൾ, പ്രവർത്തനരീതി, ഭാവി രൂപപ്പെടുത്തുന്നതിൽ ഗ്രാസ്റൂട്ട് തലത്തിലുള്ള ജനകീയ പങ്കാളിത്തത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് സമഗ്രമായ അവബോധം ലഭിക്കുന്നതായിരുന്നു ചർച്ച. സംഘടനയിൽ കൂടുതൽ ആഴത്തിലുള്ള പങ്കാളിത്തം ഉറപ്പാക്കാനുള്ള മാർഗങ്ങളെപ്പറ്റിയും യോഗത്തിൽ അഭിപ്രായമുയർന്നു. സതേൺ റീജിയണിൽ നിന്നുള്ള നാഷണൽ കമ്മിറ്റി അംഗമായ ജിജു കുളങ്ങരയും മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹുസ്റ്റണിലെ (മാഗ്) സന്ദീപ് തേവർവേരിലും ടീം പ്രോമിസിനൊപ്പം സഞ്ചരിച്ചുകൊണ്ട് അവരുടെ നിലപാടുകൾക്ക് ശക്തമായ പിന്തുണ നൽകി.

മക്കാലനിൽ നിന്ന് യോഗത്തിൽ പങ്കെടുത്ത ജെയ്സൺ വേണാട്ട് (മുൻ പ്രസിഡന്റ്, ഓഡിറ്റർ), സഞ്ജു വർഗീസ് (പ്രസിഡന്റ്), സന്തോഷ് പോൾ (സെക്രട്ടറി), ഷാജി വേണാട്ട് (ജോയിന്റ് സെക്രട്ടറി), ബിനോ ജോൺ (വൈസ് പ്രസിഡന്റ്), സിജോ ജെയിംസ് (മുൻ നാഷണൽ കമ്മിറ്റി മെമ്പർ), ആന്റണി മാത്യു, ജോസഫ് ബിജു, വിൽസൺ കോട്ടയ്ക്കൽ, ശ്രീദേവി രവിശങ്കർ, ദീപ ബിജു, ഗ്ലാക്സി വർഗീസ്, ശ്രീദേവി രവിശങ്കർ, ദീപ ബിജു, എന്നിവരുടെ നിർദേശങ്ങളും ആശംസകളും



ചർച്ചകൾ സൃഷ്ടിപരമാക്കുകയും അത് ടീം പ്രോമിസിന് ആത്മവിശ്വാസമേകുകയും ചെയ്തു. ഇത് തിരഞ്ഞെടുപ്പ് കാമ്പെയ്നിന്റെ ഭാഗമായുള്ള ഔദ്യോഗിക സന്ദർശനം നടത്തിയ ആശയവിനിമയം സൃഷ്ടിപരമായിരുന്നു. തുറന്ന മനസ്സോടെയുള്ള കൂടിക്കാഴ്ചയിൽ, റീജിയൺ തലത്തിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഫോമായിൽ ജ്ഞാബദ്ധരാണെന്ന് ടീം പ്രോമിസ് അംഗങ്ങൾ വ്യക്തമാക്കി.യോഗത്തിൽ സാൻ ആന്റോണിയോ മലയാളി അസോസിയേഷൻ പ്രസിഡന്റ് നന്ദകുമാർ, ബിനു ജോർജ്



എന്നതിലുപരി സ്നേഹവും സഹകരണവും ഊട്ടിയുറപ്പിക്കുന്നതിനുള്ള കൂടിക്കാഴ്ചയായി മാറിയെന്ന് ടീം പ്രേമീസ് സാരഥി മാത്യു വർഗീസ് അഭിപ്രായപ്പെട്ടു.

സാൻ ആന്റോണിയോ മലയാളി സമൂഹത്തിന്റെ പ്രതിനിധികളുമായി ടീം പ്രോമിസ് എല്ലാ അസോസിയേഷനുകളുടെയും ശബ്ദം പ്രതിഫലിക്കുന്നതിനുമുള്ള നിർദേശങ്ങൾ ഉയർന്നു. സംഘടനയുടെ പ്രവർത്തനത്തിൽ സുതാര്യത, ഉത്തരവാദിത്വം, ഏവരെയും ഉൾക്കൊള്ളുന്ന നേതൃത്വരീതി എന്നിവ ഉറപ്പാക്കുന്നതിൽ തങ്ങൾ പ്രതി തുടങ്ങിയവർ പങ്കെടുത്തു. പരസ്പര ബഹുമാനവും സൗഹൃദയും ഊട്ടിയുറപ്പിച്ച കൂടിക്കാഴ്ച, ഫോമായിലൂടെ കൂടുതൽ ശക്തവും ക്രിയാത്മകവുമായ ഒരു മലയാളി സമൂഹം രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള ചവിട്ടുപടിയായി മാറി.




NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS
SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड
प्रोसेसिंग बिलों में
कटौती करें।
NRS PAY
nrspay.com
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ന്യൂയോർക്ക് വാലി കോട്ടേജ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ് ശ്രദ്ധേയമായി



ജിനേഷ് തമ്പി

ന്യൂയോർക്ക് : മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് വാലി കോട്ടേജ് സെന്റ് മേരീസ് ഓർത്തഡോക്‌സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താ വിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ഡോ.സ്കറിയ ഉമ്മൻ, ഡോ. റെബേക്ക പോത്തൻ, ബിജോ തോമസ്, ഡോ. സ്മിത തോമസ്, സജി പോത്തൻ എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ സെക്രട്ടറി പോൾ കറുകപ്പിള്ളിൽ, ട്രഷറർ വൽസ ബോബൻ, വർഗീസ് ഉലഹന്നാൻ എന്നിവരും സന്നിഹിതരായിരുന്നു.

ഇടവക വികാരി ഫാ. മാത്യു തോമസ് ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

ഡോ. റെബേക്ക പോത്തൻ കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താ വിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വെക്കുകയും ചെയ്തു.

ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.



മുൻ വർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളെക്കുറിച്ച് സംസാരിച്ച ഡോ. സ്കറിയ ഉമ്മൻ ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവക അംഗങ്ങളേയും പ്രത്യേകിച്ചു ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിച്ചു.

രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, റാഫിൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ബിജോ തോമസ് നൽകി.

ഡോ. റെബേക്ക പോത്തൻ ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയക്കാൻ ആവശ്യപ്പെടുകയും, സൈറ്റ് & സൗണ്ട് ഷോയെ കുറിച്ചുള്ള വിവരങ്ങൾ നൽകുകയും ചെയ്തു.

കോൺഫറൻസിന്റെ വിശദാംശങ്ങളെ കുറിച്ച് സംസാരിച്ച സജി പോത്തൻ ഇടവക വികാരിക്കും ഇടവകാംഗങ്ങൾക്കും ഊഷ്മളമായ സ്വാഗതത്തിനും പിന്തുണയ്ക്കും നന്ദി അറിയിച്ചു.

ഇടവക വികാരി ഫാ. മാത്യു തോമസ് ഗോൾഡ് സ്പോൺസറായി രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും, കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.

കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.

ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973-489-6440

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917-612-8832

ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917-533-3566





# നവ്യുഗ് ചിൽഡ്രൻസ് തിയറ്റർ ക്യാമ്പ് ആവേശകരമായി സമാപിച്ചു





പാലാ കെ.എം. മാത്യു ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നവ്യുഗ് ചിൽഡ്രൻസ് തിയറ്റർ അഞ്ചുദിവസത്തെ നാടക ക്യാമ്പ് വിജയകരമായി പൂർത്തിയാക്കി. യുവപ്രതിഭകളെ, പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ വളർത്തിയെടുക്കുന്നതിൽ തങ്ങൾക്കുള്ള പ്രതിബദ്ധത ഈ ക്യാമ്പിലൂടെ സംഘടന ഒരിക്കൽ കൂടി ഉറപ്പിച്ചു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 5 മുതൽ 18 വയസ്സുവരെയുള്ള നാല്പതോളം കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. അഞ്ച് ദിവസം നീണ്ടുനിന്ന തീവ്രവും രസകരവുമായ പരിശീലന പരിപാടികളിലൂടെ അഭിനയം, നൃത്തം, ഏകാംഗാഭിനയം തുടങ്ങിയ വിവിധ മേഖലകളിൽ കുട്ടികൾ തങ്ങളുടെ കഴിവും താൽപ്പര്യവും പ്രകടിപ്പിച്ചു.

മുൻ ആഭ്യന്തര മന്ത്രിയും കോട്ടയം എം.എൽ.എയുമായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൗണ്ടേഷൻ ചെയർമാൻ ജോർജ് എബ്രഹാം മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ ബേബി മാത്യു സോമതീരം അധ്യക്ഷത വഹിച്ചു.

ഇത്തരം സംരംഭങ്ങൾക്ക് ഫൗണ്ടേഷന്റെ പൂർണ്ണ പിന്തുണ ജോർജ് എബ്രഹാം തന്റെ മുഖ്യ പ്രഭാഷണത്തിൽ വാഗ്ദാനം ചെയ്തു. 'ഈ ക്യാമ്പുകൾ വെറും പ്രകടനങ്ങൾ പഠിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്; അവ കുട്ടികളെ ശാക്തീകരിക്കുകയും അവരുടെ ആത്മവിശ്വാസവും സ്വാഭിമാനവും വർദ്ധിപ്പിക്കുകയും ചെയ്യുന്നു,' അദ്ദേഹം പറഞ്ഞു. നാടക പരിശീലനം ശബ്ദവ്യക്തത, ആശയവിനിമയ ശേഷി എന്നിവ മെച്ചപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'കുട്ടികളിലെ സർഗ്ഗാത്മകതയും ഭാവനയും വളർത്താനും സ്വതന്ത്രമായി ചിന്തിക്കാനും ഇത് അവരെ പ്രേരിപ്പിക്കുന്നു. റിഹേഴ്സലുകളിലെ അച്ചടക്കം അവരെ സമയനിഷ്ഠയും പ്രതിബദ്ധതയും പഠിപ്പിക്കുന്നു,' അദ്ദേഹം പറഞ്ഞു.

യുവ കലാകാരന്മാരെ വാർത്തെടുക്കുന്നതിനും അവരുടെ കഴിവുകൾ തിരിച്ചറിയാൻ സഹായിക്കുന്നതിനും പ്രശസ്ത ചലച്ചിത്ര സംവിധായകൻ ജോഷി മാത്യു നൽകുന്ന പിന്തുണയ്ക്ക് അദ്ദേഹം നന്ദി അറിയിച്ചു.

കലയുടെ പരിവർത്തന ശക്തിയുടെ സാക്ഷ്യപത്രമാണ് നവ്യുഗ് ചിൽഡ്രൻസ് തിയറ്റർ ക്യാമ്പ്. ഇത് കുട്ടികൾക്ക് പ്രകടനം നടത്താനുള്ള ഒരു വേദി മാത്രമല്ല, മറിച്ച് അവരുടെ വ്യക്തിത്വ വികാസത്തിനും ആത്മവിശ്വാസത്തിനും ഭാവി അവസരങ്ങൾക്കുമുള്ള ഒരു അടിത്തറ കൂടിയാണ് നൽകുന്നത്.




AMERICAN MEGA SHOW
AURA
2026
T&T PRODUCTION
SPICE GARDENS BAR & GRILL
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal



# കുടുംബബന്ധങ്ങൾ: സംസ്കാരത്തിന്റെ ജീവനാളങ്ങൾ

ജയ് പിള്ള

വിവാഹവും, വിവാഹ മോചനവും നമുക്ക് ഇന്ന് സമൂഹത്തിൽ വളരെ സുപരിചിതമാണല്ലോ?! നാം പലപ്പോഴും കാണുന്ന ഒന്നാണ് വളരെ ആർഭാടമായി പൊന്നിൽ കുളിച്ചു നടത്തിയ വിവാഹങ്ങൾ വരെ ചുരുങ്ങിയ നാൾ കൊണ്ട് പിരിയുന്നത്. എന്നാൽ മറ്റു ചിലവ നാട് വിട്ടു മറുനാട്ടിൽ എത്തിക്കഴിയുമ്പോൾ ആണ് ദൃഢം ആകുന്നതും, വേർപിരിയുന്നതും ഒക്കെ. എന്നാൽ പതിറ്റാണ്ടുകൾ കഷ്ടപ്പാടും, ബുദ്ധിമുട്ടുകളും, സമ്പത്തും എല്ലാം പങ്കുവച്ചു ജീവിതത്തെ ഒരു സംഗീത, സ്വര,താളലയമായി മുന്നോട്ട് പോകുന്ന ഒട്ടനവധി ദമ്പതിമാരും ഉണ്ട്. ചിലപ്പോഴൊക്കെ നമ്മുടെ ചുറ്റുപാടും നമ്മൾ അറിയുന്ന, നമ്മളെ അറിയുന്ന പല ബന്ധങ്ങളും നൂല് പൊട്ടിയ പട്ടം പോലെ പറന്നകലുമ്പോൾ മനസ്സിൽ ഒരു ദുഖത്തിന്റെ കരിനിഴൽ വീഴാറുണ്ട് . കാരണം നമ്മൾ എല്ലാവരും ദിനം പ്രതി പലതരത്തിലുള്ള പൊരുത്തക്കേടുകൾ പൊരുത്തങ്ങൾ ആക്കി മുന്നേറുന്ന സാമൂഹിക ജീവികൾ ആണല്ലോ?! വിവാഹ ബന്ധങ്ങൾ ദൃഢമായി പോകേണ്ടത് സാംസ്കാരിക സമ്പത്തും, സാമൂഹിക ജീവി എന്ന നിലയിൽ പാലിയ്ക്കേണ്ട ഒരു ഉത്തരവാദിത്വവും ആണെന്ന് ഉള്ള ഒരു ധാരണ പുലർത്തി കൊണ്ടു ചിലതു പറയാം.

വിവാഹം ഒരു കരാർ മാത്രമല്ല; അത് ഒരുമിച്ച് ജീവിക്കാൻ എടുത്ത ഒരു പ്രതിജ്ഞയാണ്. ഇഷ്ടം തോന്നുമ്പോൾ ചേർന്നും, ഇഷ്ടം മങ്ങിയപ്പോൾ പിരിഞ്ഞുമാകുന്ന ഒരു ബന്ധമല്ല അത്. മറിച്ച്, ഇഷ്ടാനിഷ്ടങ്ങൾക്കിടയിൽ സമത്വം കണ്ടെത്തി, സന്തോഷവും ദുഃഖവും പങ്കുവെച്ച് മുന്നോട്ട് പോകുന്ന ഒരു ജീവിച്ചിരിക്കുന്ന അനുഭവമാണ് വിവാഹം. ഈ ബന്ധം പലപ്പോഴും ഒരു സമരമായി തോന്നാം; എന്നാൽ അതേ സമയം അത് ഒരു മനോഹരമായ പരിണാമവുമാണ് രണ്ടു വ്യക്തിത്വങ്ങൾ ഒരുമിച്ച് വളരുന്ന ഒരു യാത്ര.

ഡേറ്റിംഗ് കാലത്തോ സുഹൃത്തുക്കളായിരിക്കുമ്പോഴോ നമ്മൾ തമ്മിൽ പങ്കുവയ്ക്കുന്ന ആ സൗഹൃദം, ആശയവിനിമയം, പരസ്പര ബഹുമാനം ഇവയൊക്കെ വിവാഹത്തിനു ശേഷവും നിലനിൽക്കേണ്ടതുണ്ട്. സിനിമകളെക്കുറിച്ചും, പുസ്തകങ്ങളെയും, ജീവിതാനുഭവങ്ങളെയും പങ്കുവെച്ച ആ സ്നേഹ

ബന്ധം, പലപ്പോഴും പാർക്കിലും, ഫോണിലും ഒക്കെ ആയി മണിക്കൂറുകൾ ഒന്നിച്ചു ചിലവഴിച്ചവർ, വിവാഹത്തിന് ശേഷം എന്തുകൊണ്ട് മാറുന്നു എന്ന ചോദ്യമാണ് ഇവിടെ ഉയരുന്നത്. പലരും ഡേറ്റിങ് കാലത്തു എടുക്കുന്ന ഒരു തെറ്റായ തീരുമാനം ആണ് 'നമുക്ക് ഒരുമിച്ചു പോകാൻ കഴിയില്ല എന്ന് തോന്നിയാൽ അപ്പോള്പിരിയണം' - ഒരുമിച്ച് ജീവിക്കാൻ കഴിയില്ലെങ്കിൽ, പിരിയാൻ തയ്യാറായി വിവാഹം ചെയ്യുന്നതിൽ അർത്ഥമില്ല. അതിനേക്കാൾ നല്ലത്, സുഹൃത്തുക്കളായി തുടരുക തന്നെയാണ്. രണ്ടു വ്യക്തികൾ ഒരു മുറിയിൽ, ഒരു വീട്ടിൽ കുറച്ചു ദിവസങ്ങൾ ഒന്നിച്ചു കഴിയുമ്പോൾ മാത്രമാണ് അവർ പരസ്പരം അറിയുന്നത്, അവരുടെ മനസ്സിനൊപ്പം,പ്രവർത്തിയ്ക്കു ഒപ്പം, ചിന്തകൾക്ക് ഒപ്പം ശരീരവും കൂടി പങ്കുവയ്ക്കപ്പെടുമ്പോൾ, ദമ്പതികളുടെ മാതാപിതാക്കളുടെ, സുഹൃത്തുക്കളുടെ ഇഷ്ടാനിഷ്ടങ്ങൾ കൂടി അറിഞ്ഞു പങ്കുവച്ചു സഹകരിയ്ക്കുമ്പോൾ ആണ് 'കുടുംബം' എന്ന മഹാ വൃക്ഷം ജന്മം കൊള്ളുന്നത്.

ഇന്നത്തെ പുതിയ തലമുറയിൽ വിവാഹബന്ധങ്ങൾ എളുപ്പത്തിൽ തകർന്നുപോകുന്നത് നമ്മൾ കാണുന്നു. അതിന്റെ പ്രധാന കാരണം 'ഈഗോ'യാണ്. സഹനത്തിനും, ക്ഷമയ്ക്കും, പരസ്പര മനസ്സിലാക്കലിനും പകരം 'ഞാൻ' എന്ന ചിന്ത മുൻപന്തിയിലേക്ക് വരുമ്പോൾ ബന്ധങ്ങൾ തകരാൻ സമയം വേണ്ടിവരില്ല. വിവാഹം രണ്ട് വ്യക്തികളുടെ മാത്രമല്ല, രണ്ട് സംസ്കാരങ്ങളുടെയും, രണ്ട് കുടുംബങ്ങളുടെയും, രണ്ട് ജീവിതശൈലികളുടെയും സംഗമമാണ്. ആ സംഗമം വിജയകരമാകാൻ പരസ്പര ബഹുമാനവും സഹകരണവും നിർബന്ധമാണ്. പണ്ട് നമ്മൾ ഒക്കെ കുട്ടികളെയാണ് വളർന്നതും, മാതാപിതാക്കകൾ, രക്ഷിതാക്കൾ നമ്മളെ വളർത്തിയത് എങ്കിൽ ഇന്ന് നമ്മളുടെ കുട്ടികളെ വ്യക്തികളായിട്ടാണ് നമ്മൾ കുഞ്ഞു പ്രായത്തിലെ വളർത്തുന്നതും, അവർ സ്വയം പര്യാപ്തരാകുവാൻ വേണ്ടി കാണിച്ചു കൂട്ടുന്ന തത്രപ്പാടുകളും വളരെ വലുതാണ്.



**കുട്ടികൾ ഉള്ള കുടുംബങ്ങളിൽ വേർപിരിയലിന്റെ ആഘാതം കൂടുതൽ ആഴത്തിൽ അനുഭവപ്പെടുന്നു. മാതാപിതാക്കളുടെ തമ്മിലുള്ള അകലം, അഭിപ്രായവ്യത്യാസങ്ങൾ, ചിലപ്പോൾ തുറന്ന സംഘർഷങ്ങൾ ഇവയെല്ലാം കുട്ടികളുടെ മാനസികാവസ്ഥയെ ബാധിക്കുന്നു. അവർക്ക് സുരക്ഷാഭാവം കുറയാം, ആശങ്കയും ഭയവും വർധിക്കാം. ചില കുട്ടികൾക്ക് ഏകാന്തതയും, ആശയക്കുഴപ്പവും, കുറ്റബോധവും വരെ അനുഭവപ്പെടാം 'ഇതിനു ഞാൻ കാരണമോ?" എന്ന ചോദ്യത്തോടെ അവർ വളരാൻ ഇടയുണ്ട്.**

വിവാഹജീവിതം ഒരു സംഗീത സമന്വയമാണ്. അതിൽ ചിലപ്പോഴൊക്കെ അപസ്വരങ്ങളും ഉണ്ടാകും; ചിലപ്പോൾ താളം തെറ്റാം. പക്ഷേ, ആ ചെറിയ തെറ്റുകൾ തന്നെയാണ് ആ സംഗീതത്തെ കൂടുതൽ മനുഷ്യസംബന്ധമാക്കുന്നത്. സുഖവും ദുഃഖവും, വിജയം- പരാജയം, ചിരിയും കണ്ണീരും എല്ലാം ചേർന്നതാണ് ഒരു സമ്പൂർണ്ണ കുടുംബജീവിതം.

ഒരു വ്യക്തിയായി ജീവിക്കുമ്പോൾ ലഭിക്കാത്ത അനുഭവങ്ങളും പാഠങ്ങളും വിവാഹജീവിതം നമുക്ക് നൽകുന്നു. അത് ഒറ്റപ്പെടലിൽ നിന്ന് കൂട്ടായ്മയിലേക്കുള്ള ഒരു യാത്രയാണ്. ഒരാൾ മറ്റൊരാളെ പൂർണ്ണമായി മനസ്സിലാക്കാൻ ശ്രമിക്കുന്നിടത്താണ് ബന്ധത്തിന്റെ സൗന്ദര്യം. വിട്ടുവീഴ്ചകളും,

ക്ഷമയും, സ്നേഹവും ചേർന്നാണ് ഒരു കുടുംബം നിലനിൽക്കുന്നത്.

അതുകൊണ്ട്, വിവാഹത്തെ ഒരു ബാധ്യതയായി കാണാതെ, ഒരു അവസരമായി കാണണം ഒരുമിച്ച് വളരാനുള്ള, ഒരുമിച്ച് സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള, ഒരുമിച്ച് ജീവിതം ആഘോഷിക്കാനുള്ള ഒരു അവസരം. ബന്ധത്തിൽ പ്രശ്നങ്ങൾ വരുന്നത് സ്വാഭാവികമാണ്; എന്നാൽ അവയെ കൈകാര്യം ചെയ്യാനുള്ള മനോഭാവമാണ് ബന്ധത്തെ ശക്തമാക്കുന്നത്.

അവസാനമായി, വിവാഹം ഒരു അന്ത്യം അല്ല; അത് ഒരു തുടക്കമാണ്. രണ്ടു ഹൃദയങ്ങൾ ചേർന്ന് ഒരു പുതിയ ലോകം സൃഷ്ടിക്കുന്ന തുടക്കം. ആ ലോകം സ്നേഹത്താലും സഹനത്താലും നിറഞ്ഞാൽ, ജീവിതം ഒരു മനോഹര സംഗീതമായി മാറും.

ഇതിനൊപ്പം, പുതിയ തലമുറയിൽ വളർന്നുവരുന്ന ജീവിതശൈലിയും ചിന്താഗതിയും വിവാഹബന്ധങ്ങളെ വ്യത്യസ്തമായി സ്വാധീനിക്കുന്നതും നമുക്ക് മനസ്സിലാക്കേണ്ടതാണ്. വ്യക്തിസ്വാതന്ത്ര്യത്തിനും വ്യക്തിപരമായ ലക്ഷ്യങ്ങൾക്കും ഇന്ന് വലിയ പ്രാധാന്യമുണ്ട്. അത് നല്ലതാണ്; എന്നാൽ അതിനൊപ്പം ബന്ധങ്ങളെ നിലനിർത്താനുള്ള ഉത്തരവാദിത്വവും സമതുലിതമായി കൈകാര്യം ചെയ്യേണ്ടത് അനിവാര്യമാണ്. ക്ഷമയും സഹനവും ഇല്ലാത്തിടത്ത് എത്ര സ്നേഹം ഉണ്ടായാലും അത് ദീർഘകാലം നിലനിൽക്കില്ല.

**വിവാഹം ഒരാളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതല്ല; മറിച്ച് അത് കൂടുതൽ ഉത്തരവാദിത്വമുള്ള സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു മാറ്റമാണ്. "ഞാൻ" എന്ന ചിന്തയിൽ നിന്ന് "നാം" എന്ന ബോധത്തിലേക്കുള്ള പരിണാമമാണ് വിവാഹം. ഈ മാറ്റം സ്വാഭാവികമായി സ്വീകരിക്കാൻ കഴിയുമ്പോഴാണ് ബന്ധങ്ങൾ ശക്തമാകുന്നത്. ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ വലിയ സംഘർഷങ്ങളായി മാറാതിരിക്കാൻ, സംസാരവും കേൾവിയും ഒരുപോലെ പ്രധാനമാണ്.**



വിവാഹം ഒരാളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതല്ല; മറിച്ച് അത് കൂടുതൽ ഉത്തരവാദിത്വമുള്ള സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു മാറ്റമാണ്. ''ഞാൻ'' എന്ന ചിന്തയിൽ നിന്ന് ''നാം'' എന്ന ബോധത്തിലേക്കുള്ള പരിണാമമാണ് വിവാഹം. ഈ മാറ്റം സ്വാഭാവികമായി സ്വീകരിക്കാൻ കഴിയുമ്പോഴാണ് ബന്ധങ്ങൾ ശക്തമാകുന്നത്. ചെറിയ അഭിപ്രായവ്യത്യാസങ്ങൾ വലിയ സംഘർഷങ്ങളായി മാറാതിരിക്കാൻ, സംസാരവും കേൾവിയും ഒരുപോലെ പ്രധാനമാണ്.

സമൂഹത്തിന്റെ അടിത്തറ കുടുംബമാണ്. ദൃഢമായ കുടുംബബന്ധങ്ങൾ ഇല്ലാതെ ഒരു സമൂഹത്തിനും ദീർഘകാല സ്ഥിരത കൈവരിക്കാൻ കഴിയില്ല. കുട്ടികൾക്ക് ലഭിക്കുന്ന ആദ്യ പാഠശാല കുടുംബമാണ്; അവിടെ അവർ സ്നേഹവും, മാന്യവുമാണ്, സഹജീവിതത്തിന്റെ മൂല്യങ്ങളും പഠിക്കുന്നത്. അതിനാൽ, വിവാഹബന്ധങ്ങളെ സംരക്ഷിക്കുന്നത് വ്യക്തികളുടെ മാത്രമല്ല, സമൂഹത്തിന്റെ തന്നെ ഉത്തരവാദിത്വമാണ്.

സംസ്കാരത്തിന്റെ ഭാഗമായാണ് കുടുംബബന്ധങ്ങൾ വളർന്നുവരുന്നത്. ഓരോ തലമുറയും അത് കൈമാറുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

പുതിയ തലമുറയിൽ സാങ്കേതികവിദ്യയും വേഗതയേറിയ ജീവിതശൈലിയും വളരുമ്പോൾ, ബന്ധങ്ങൾക്കും അതേ വേഗതയിൽ തീരുമാനങ്ങൾ എടുക്കുന്ന പ്രവണതയും കൂടുന്നു. എന്നാൽ, ബന്ധങ്ങൾ വളരാൻ സമയം ആവശ്യമാണ്. മനസ്സിലാക്കലും വിശ്വാസവും ഒരു ദിവസം കൊണ്ടല്ല രൂപപ്പെടുന്നത്.

വിവാഹജീവിതത്തിൽ പ്രശ്നങ്ങൾ വരുന്നത് പരാജയത്തിന്റെ അടയാളമല്ല; മറിച്ച് അത് ബന്ധം കൂടുതൽ ദൃഢമാകാനുള്ള അവസരങ്ങളാണ്. പരസ്പരം കൈപിടിച്ചു നിൽക്കുമ്പോൾ, പ്രയാസങ്ങളും സന്തോഷങ്ങളും ഒരുപോലെ പങ്കുവെക്കുമ്പോൾ, ആ ബന്ധം കൂടുതൽ അർത്ഥവത്താകുന്നു. കുടുംബത്തിലെ സമാധാനവും സ്നേഹവും സമൂഹത്തിലേക്കും വ്യാപിക്കുന്നു.

അതിനാൽ, വിവാഹത്തെ എളുപ്പത്തിൽ ഉപേക്ഷിക്കാവുന്ന ഒരു സംവിധാനമായി കാണാതെ, സംരക്ഷിക്കേണ്ട ഒരു മൂല്യമായി കാണേണ്ട സമയമാണിത്. ക്ഷമയും, സഹനവും, പരസ്പര ബഹുമാനവും ചേർന്നാൽ മാത്രമേ ഒരു കുടുംബം ദൃഢമായി നിലനിൽക്കൂ. ആ ദൃഢതയാണ് നമ്മുടെ സംസ്കാരത്തിന്റെ ശക്തി.

ഒടുവിൽ, ജീവിതത്തിന്റെ സംഗീതത്തിൽ ചിലപ്പോൾ സ്വരഭേദങ്ങൾ ഉണ്ടായേക്കാം. എന്നാൽ, ഒരുമിച്ച് നിൽക്കാനുള്ള മനസ്സുണ്ടെങ്കിൽ, ആ സംഗീതം ഒരിക്കലും നിശ്ശബ്ദമാകില്ല. വിവാഹം എന്നത് അതുപോലെ ഒരു അനന്തമായ രാഗമാണ് സ്നേഹത്തിന്റെ, സഹനത്തിന്റെ, ഐക്യത്തിന്റെ ഒരു മനോഹര ഗാനം.

ഇതോടൊപ്പം, വിവാഹബന്ധം പിരിഞ്ഞ ശേഷം ഉണ്ടാകുന്ന സാമൂഹികവും മാനസികവുമായ പ്രതിഫലനങ്ങളും ഗൗരവമായി പരിഗണിക്കേണ്ടതാണ്. പലപ്പോഴും, വേർപിരിഞ്ഞ ദമ്പതികൾ തൊഴിലിടങ്ങളിലും സമൂഹത്തിലും തമ്മിൽ ഇടപെടുമ്പോൾ, വ്യക്തിപരമായ അതിരുകൾ (boundaries) ലംഘിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകാം. പഴയ ബന്ധത്തിന്റെ വികാരങ്ങൾ, അസ്വസ്ഥതകൾ, അല്ലെങ്കിൽ വിരോധങ്ങൾ പുതിയ സാഹചര്യങ്ങളിലേക്കും കടന്നുവരുമ്പോൾ, അത് വ്യക്തികളുടെ വ്യക്തിജീവിതത്തെയും തൊഴിൽപരമായ പെരുമാറ്റത്തെയും ബാധിക്കും. ഇതു ചിലപ്പോൾ സഹപ്രവർത്തകരെയും സമൂഹത്തെയും അസ്വസ്ഥരാക്കുന്ന രീതിയിലേക്കും നീങ്ങാം.

പ്രത്യേകിച്ച്, കുട്ടികൾ ഉള്ള കുടുംബങ്ങളിൽ വേർപിരിയലിന്റെ ആഘാതം കൂടുതൽ ആഴത്തിൽ അനുഭവപ്പെടുന്നു. മാതാപിതാക്കളുടെ തമ്മിലുള്ള അകലം, അഭിപ്രായവ്യത്യാസങ്ങൾ, ചിലപ്പോൾ തുറന്ന സംഘർഷങ്ങൾ ഇവയെല്ലാം കുട്ടികളുടെ മാനസികാവസ്ഥയെ ബാധിക്കുന്നു. അവർക്ക് സുരക്ഷാഭാവം കുറയാം, ആശങ്കയും ഭയവും വർധിക്കാം. ചില കുട്ടികൾക്ക് ഏകാന്തതയും, ആശയക്കുഴപ്പവും, കുറ്റബോധവും വരെ അനുഭവപ്പെടാം 'ഇതിനു ഞാൻ കാരണമോ?'' എന്ന ചോദ്യത്തോടെ അവർ വളരാൻ ഇടയുണ്ട്.

ഇത്തരം സാഹചര്യങ്ങൾ കുട്ടികളുടെ വ്യക്തിത്വവികസനത്തെയും ബോധവികാസത്തെയും ബാധിക്കാം. ആത്മവിശ്വാസക്കുറവ്, ബന്ധങ്ങളിൽ വിശ്വാസം കുറയുക, ഭാവിയിൽ ബന്ധങ്ങൾ സ്ഥാപിക്കാൻ മടിക്കുക തുടങ്ങിയ വെല്ലുവിളികൾ അവർ നേരിടാൻ സാധ്യതയുണ്ട്. സ്കൂൾ ജീവിതത്തിലും, സാമൂഹിക ഇടപെടലുകളിലും, ഇവ പ്രതിഫലിക്കാം. അതിനാൽ, വേർപിരിയൽ സംഭവിച്ചാലും, മാതാപിതാക്കൾ കുട്ടികളുടെ മുന്നിൽ പരസ്പരം ബഹുമാനത്തോടെ പെരുമാറുന്നത് അത്യാവശ്യമാണ്.

വേർപിരിയൽ ചിലപ്പോൾ അനിവാര്യമായ ഒരു തീരുമാനമായേക്കാം; എന്നാൽ അതിന്റെ പ്രഭാവം കുറയ്ക്കാനുള്ള ഉത്തരവാദിത്വം മുതിർന്നവർക്കാണ്. പ്രത്യേകിച്ച് കുട്ടികളുടെ ഭാവി സംരക്ഷിക്കാൻ, പരസ്പര കുറ്റപ്പെടുത്തലുകൾ ഒഴിവാക്കി, ഒരു ആരോഗ്യകരമായ സഹപാലനം (co-parenting) രീതിയിലേക്ക് നീങ്ങേണ്ടത് നിർണ്ണായകമാണ്. കുട്ടികൾക്ക് സ്നേഹവും സുരക്ഷയും ഒരുപോലെ ലഭിക്കേണ്ടതാണ്.

അവസാനമായി, വിവാഹബന്ധം നിലനിർത്തുക എന്നത് ഒരു വ്യക്തിപരമായ തീരുമാനമത്രമല്ല; അത് ഒരു സാമൂഹിക ഉത്തരവാദിത്വവുമാണ്. കുടുംബത്തിന്റെ ദൃഢത സമൂഹത്തിന്റെ ദൃഢതയിലേക്ക് നയിക്കുന്നു. അതുകൊണ്ട്, ബന്ധങ്ങളെ സംരക്ഷിക്കാനും, പ്രശ്നങ്ങളെ സഹനത്തോടെയും വിവേകത്തോടെയും കൈകാര്യം ചെയ്യാനും നമ്മൾ തയ്യാറാകണം. അതിലൂടെ, വ്യക്തികളും കുടുംബങ്ങളും സമൂഹവും കൂടുതൽ സമതുലിതവും സമാധാനപരവുമായ ഒരു ദിശയിലേക്ക് മുന്നേറും. വിമർശനവും,സംഘടനവും അല്ല വിവേകവും,സഹനവുമാണ് കുടുംബ ബന്ധങ്ങളുടെ ആധാരം.



# ആര് നയിക്കണം? ആർക്കാണ് സംശയം?

ജോർജ് എബ്രഹാം

'വിജയമെന്നത് എല്ലാമല്ല, അത് മാത്രമാണ് ഏക ലക്ഷ്യം,' ഗ്രീൻ ബേ പാക്കേഴ്സിന്റെ ഐതിഹാസിക പരിശീലകനായിരുന്ന വിൻസ് ലോംബാർഡി പറഞ്ഞ ഈ വാചകം ഏറെ പ്രശസ്തമാണ്. പുറമെ നിന്ന് നോക്കുമ്പോൾ ഇത് അൽപം പരുഷമായും കടുപ്പമേറിയതായും തോന്നാം. എന്നാൽ അതിന്റെ യഥാർത്ഥ അർത്ഥം അതിനേക്കാൾ ആഴമേറിയതും കഠിനാധ്വാനം ആവശ്യപ്പെടുന്നതുമാണ്. ലോംബാർഡിയുടെ ദർശനത്തിൽ വിജയം എന്നത് ഒരു ആകസ്മികതയോ ഒരു നിമിഷം കൊണ്ട് സംഭവിക്കുന്നതോ അല്ല, മറിച്ച് അത് പൂർണ്ണമായ പ്രതിബദ്ധതയുടെ ഫലമാണ്. ഇതിന് കൃത്യമായ തയ്യാറെടുപ്പും അച്ചടക്കവും ടീം വർക്കും അശ്രാന്തപരിശ്രമവും ആവശ്യമാണ്. അത് ലക്ഷ്യത്തോടുള്ള വിട്ടുവീഴ്ചയില്ലാത്ത അഭിനിവേശവും സമ്പൂർണ്ണ ഏകാഗ്രതയും ആവശ്യപ്പെടുന്നു. അതിന്റെ കാതൽ എന്നത് വിജയത്തോടുള്ള അഹങ്കാരമോ ആവേശമോ അല്ല, മറിച്ച് ശരാശരിയിൽ ഒതുങ്ങിക്കൂടാൻ വിസമ്മതിക്കുക എന്നതാണ്. ആത്യന്തികമായി, ഇത് ഉന്നതമായ ലക്ഷ്യങ്ങൾക്കായി തീവ്രമായി പരിശ്രമിക്കാനുള്ള ആഹ്വാനമാണ്.



കേരളം ഇപ്പോൾ ഇത്തരമൊരു നിമിഷത്തിലാണ് നിൽക്കുന്നത്. ജനങ്ങൾ അവരുടെ വിധി ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. ഔദ്യോഗിക പ്രഖ്യാപനം വെറുമൊരു സമയത്തിന്റെ പ്രശ്നം മാത്രമാണ്. എന്നിട്ടും, തിരഞ്ഞെടുപ്പ് ചൂട് അടങ്ങുന്നതിന് മുമ്പേ തന്നെ വിവിധ വിഭാഗങ്ങളിലെ ഇടനിലക്കാർ തങ്ങളുടെ സ്ഥാനമുറപ്പിക്കാനും സമ്മർദ്ദങ്ങൾ ചെലുത്താനും അടുത്ത ഗവൺമെന്റിന്റെ



നേതൃത്വത്തെക്കുറിച്ച് ഊഹാപോഹങ്ങൾ പരത്താനും തിരക്കിലാണ്. പിണറായി വിജയന്റെ പത്ത് വർഷത്തെ പിഴവുകൾ നിറഞ്ഞ ഭരണത്തിന് അന്ത്യം കുറിച്ച് യുഡിഎഫ് (UDF) അധികാരത്തിൽ വരാൻ പോകുന്നു എന്ന വികാരമാണ് പൊതുവെയുള്ളത്.

ഇത് സ്വാഭാവികമായും പൊതു ചർച്ചകളിൽ ഒരു ചോദ്യത്തിലേക്ക് നയിക്കുന്നു: യുഡിഎഫ് സർക്കാരിനെ ആര് നയിക്കും? സത്യത്തിൽ, ഇങ്ങനെയൊരു ചോദ്യം ഉയരേണ്ട ആവശ്യമില്ല. കഴിഞ്ഞ അഞ്ച് വർഷമായി ഒരു നേതാവ് മുന്നിൽ നിന്ന് നയിച്ചു സിപിഐ (എം) നേതൃത്വത്തിലുള്ള സർക്കാരിന്റെ പരാജയങ്ങൾ തുറന്നുകാട്ടുന്നതിലും, കോൺഗ്രസ് പാർട്ടിയുടെ അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിലും, തന്ത്രപരമായ നീക്കങ്ങളിലൂടെ ഉപതിരഞ്ഞെടുപ്പുകളിലും തദ്ദേശ തിരഞ്ഞെടുപ്പുകളിലും തുടർച്ചയായ വിജയങ്ങൾ സമ്മാനിക്കുന്നതിലും അദ്ദേഹം അചഞ്ചലനായി നിന്നു. ഇന്ന്, ആ നേതൃത്വം ഒരു നിർണ്ണായക ജനവിധിയുടെ പടിവാതിൽക്കൽ നിൽക്കുകയാണ്; അത് നിരന്തരമായ പരിശ്രമത്തിന്റെയും രാഷ്ട്രീയ വ്യക്തതയുടെയും ഫലമാണ്. വഴികൾ ഇത്രത്തോളം വ്യക്തമായിരിക്കുകയും, വാക്കുകളിലല്ല മറിച്ച് പ്രവൃത്തിയിലൂടെ നേതൃത്വം തെളിയിക്കപ്പെടുകയും ചെയ്യുമ്പോൾ പിന്നെന്തിനാണ് ഒരു സംവാദം?

**വി.ഡി. സതീശൻ തന്റെ പദവി അർഹതയിലൂടെ നേടിയെടുത്തതാണ്. നേതൃത്വം എന്നത് അവകാശവാദത്തിലൂടെയോ ഊഹാപോഹങ്ങളിലൂടെയോ അവസാന നിമിഷത്തെ തന്ത്രങ്ങളിലൂടെയോ ലഭിക്കേണ്ട ഒന്നല്ല; അത് അച്ചടക്കം, ത്യാഗം, നിർണ്ണായക നിമിഷങ്ങളിൽ ഉറച്ചുനിൽക്കാനുള്ള ധൈര്യം എന്നിവയിലൂടെ കാലക്രമേണ വാർത്തെടുക്കേണ്ടതാണ്. പദവികൾ അർഹിക്കപ്പെടുന്നത് പോരാട്ടഭൂമികളിലെ കഠിനാധ്വാനത്തിലൂടെയാണ്, അല്ലാതെ അധികാര ഇടനാഴികളിലെ സ്തുതിപാടലിലൂടെയല്ല. വ്യക്തമായ ജനവിധി ലഭിക്കുന്ന ഈ നിമിഷത്തിൽ, നേതൃത്വത്തെ ഊഹാപോഹങ്ങളിലേക്കോ ആഭ്യന്തര ചർച്ചകളിലേക്കോ വലിച്ചിഴയ്ക്കരുത്.**

വി.ഡി. സതീശൻ തന്റെ പദവി അർഹതയിലൂടെ നേടിയെടുത്തതാണ്. നേതൃത്വം എന്നത് അവകാശവാദത്തിലൂടെയോ ഊഹാപോഹങ്ങളിലൂടെയോ അവസാന നിമിഷത്തെ തന്ത്രങ്ങളിലൂടെയോ ലഭിക്കേണ്ട ഒന്നല്ല; അത് അച്ചടക്കം, ത്യാഗം, നിർണ്ണായക നിമിഷങ്ങളിൽ ഉറച്ചുനിൽക്കാനുള്ള ധൈര്യം എന്നിവയിലൂടെ കാലക്രമേണ വാർത്തെടുക്കേണ്ടതാണ്. പദവികൾ അർഹിക്കപ്പെടുന്നത് പോരാട്ടഭൂമികളിലെ കഠിനാധ്വാനത്തിലൂടെയാണ്, അല്ലാതെ അധികാര ഇടനാഴികളിലെ സ്തുതിപാടലിലൂടെയല്ല. വ്യക്തമായ ജനവിധി ലഭിക്കുന്ന ഈ നിമിഷത്തിൽ, നേതൃത്വത്തെ ഊഹാപോഹങ്ങളിലേക്കോ ആഭ്യന്തര ചർച്ചകളിലേക്കോ വലിച്ചിഴയ്ക്കരുത്. എവിടെയാണോ നേതൃത്വം ഇതിനകം പരീക്ഷിക്കപ്പെടുകയും തെളിയിക്കപ്പെടുകയും ചെയ്തത്, അവിടെ അതിനെ അംഗീകരിക്കണം. ഈ കാര്യത്തിൽ, അർഹത ഇതിനകം തെളിയിക്കപ്പെട്ടു

കഴിഞ്ഞു. ഇതോടൊപ്പം പുതിയൊരു തലമുറയിലേക്ക് അധികാരം കൈമാറുന്ന സുപ്രധാനമായ മാറ്റത്തെ അംഗീകരിക്കേണ്ട നിമിഷം കൂടിയാണിത്. സമകാലീന പോരാട്ടങ്ങളിൽ തങ്ങളുടെ കഴിവ് തെളിയിച്ച, ഇന്നത്തെ ആഗ്രഹങ്ങൾ മനസ്സിലാക്കുന്ന, വ്യക്തതയോടും ദൃഢനിശ്ചയത്തോടും കൂടി ഭാവി രൂപപ്പെടുത്താൻ തയ്യാറുള്ള നേതാക്കളെ ശാക്തീകരിക്കുന്നതിലൂടെയാണ് ഓരോ രാഷ്ട്രീയ പ്രസ്ഥാനവും നവീകരിക്കപ്പെടുന്നത്. നവീകരണം എന്നത് ഭൂതകാലവുമായുള്ള വേർപിരിയലല്ല, മറിച്ച് പഴയ മൂല്യങ്ങളെ പുതിയ ഊർജ്ജത്തോടും ദൃഢമായ നേതൃത്വത്തോടും കൂടി മുന്നോട്ട് കൊണ്ടുപോകുന്നതാണ്. ഒരു തലമുറ വളരെക്കാലം അധികാരം കൈവശം വച്ചു, അതിന്റെ പരിണതഫലങ്ങൾ നമ്മുടെ മുന്നിൽ ദൃശ്യമാണ്.

ഒരു നേതാവും കുറവുകളില്ലാത്തവനല്ല. ഏത് മേഖലയിലും പൂർണ്ണത എന്നത് ഒരു മിഥ്യയോ അല്ലെങ്കിൽ അപൂർവ്വമായ ഒന്നോ മാത്രമാണ്. ആ ലക്ഷ്യത്തിലേക്കുള്ള നിരന്തരമായ പരിശ്രമമാണ് യഥാർത്ഥത്തിൽ പ്രധാനം. തീരുമാനങ്ങൾ എടുക്കുന്നതിലെ കാർക്കശ്യം ചിലപ്പോൾ അഹങ്കാരമായി തെറ്റിദ്ധരിക്കപ്പെട്ടേക്കാം, എന്നാൽ മറ്റുള്ളവരുടെ കാഴ്ചപ്പാടുകളെ ഭയന്ന് നേതൃത്വം നിശ്ചലമാകാൻ പാടില്ല. ഇതിന് വ്യക്തതയും ബോധ്യവും പ്രവർത്തിക്കാനുള്ള ധൈര്യവും ആവശ്യമാണ്. ഒരു നേതാവിനെ ഒറ്റപ്പെട്ട തീരുമാനങ്ങൾ കൊണ്ടോ ഭാഗികമായ കാര്യങ്ങൾ കൊണ്ടോ വിലയിരുത്തരുത്, മറിച്ച് അവരുടെ പ്രവർത്തനങ്ങളുടെ ആകെത്തുകയിലൂടെ വേണം അളക്കാൻ: അവരുടെ തീരുമാനങ്ങൾ, ഉദ്ദേശ്യം, ഫലം എന്നിവയുടെ പൂർണ്ണരൂപം. വിമർശകർ എപ്പോഴും ഉണ്ടാകും; അത് പൊതുജീവിതത്തിൽ അനിവാര്യമാണ്. എന്നാൽ ചരിത്രം സ്വന്തമായ രീതിയിൽ വേർതിരിവുകൾ നടത്തും. അവസാനം, വിമർശകർക്കായി ഒരിക്കലും പ്രതിമകൾ പണിയപ്പെടാറില്ലല്ലോ.

ജോർജ്ജ് സാന്തായന ഒരിക്കൽ മുന്നറിയിപ്പ് നൽകി: ''ചരിത്രം മറക്കുന്നവർ അത് ആവർത്തിക്കാൻ വിധിക്കപ്പെട്ടവരാണ്.'' ചരിത്രം ഒരു പഴയ രേഖയല്ല, മറിച്ച് ഒരു കണ്ണാടിയാണെന്ന ഓർമ്മപ്പെടുത്തലാണിത്. അമിതമായ ആത്മവിശ്വാസം, അധികാര കേന്ദ്രീകരണം, സ്ഥാപനങ്ങളുടെ തകർച്ച, അസഹിഷ്ണുത, കെടുകാര്യസ്ഥത, അതിലുപരിയായി വിയോജിപ്പുകളെ കേൾക്കാനുള്ള വിസമ്മതം എന്നിവ പരാജയത്തിലേക്ക് നയിക്കുമെന്ന് കാലം പലതവണ കാട്ടിത്തന്നിട്ടുണ്ട്.

ചരിത്രത്തിൽ നിന്ന് പഠിക്കുക എന്നതിനർത്ഥം അതിൽ തളച്ചിടപ്പെടുക എന്നല്ല. മറിച്ച് വിവേകം വളർത്തുക, അസുഖകരമായ സത്യങ്ങളെ നേരിടാനുള്ള ധൈര്യം കാട്ടുക, ആവശ്യമുള്ളപ്പോൾ വ്യത്യസ്തമായി പ്രവർത്തിക്കാനുള്ള അച്ചടക്കം പാലിക്കുക എന്നതാണ്. മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കഴിഞ്ഞകാല രാഷ്ട്രീയ അനുഭവങ്ങൾ വ്യക്തമായ ഓർമ്മപ്പെടുത്തലുകളാണ്; പാഠങ്ങൾ അവഗണിച്ചാൽ എത്ര ശക്തമായ നേതൃത്വവും തകർച്ച നേരിടാം. തീരുമാനമെടുക്കുന്നവരുടെ മുന്നിലുള്ള വെല്ലുവിളി ലളിതവും എന്നാൽ നിർണ്ണായകവുമാണ്: ആ തെറ്റുകൾ ആവർത്തിക്കരുത്.

**യുഡിഎഫ് സർക്കാരിനെ ആര് നയിക്കും? സത്യത്തിൽ, ഇങ്ങനെയൊരു ചോദ്യം ഉയരേണ്ട ആവശ്യമില്ല. കഴിഞ്ഞ അഞ്ച് വർഷമായി ഒരു നേതാവ് മുന്നിൽ നിന്ന് നയിച്ചു സിപിഐ (എം) നേതൃത്വത്തിലുള്ള സർക്കാരിന്റെ പരാജയങ്ങൾ തുറന്നുകാട്ടുന്നതിലും, കോൺഗ്രസ് പാർട്ടിയുടെ അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിലും, തന്ത്രപരമായ നീക്കങ്ങളിലൂടെ ഉപതിരഞ്ഞെടുപ്പുകളിലും തദ്ദേശ തിരഞ്ഞെടുപ്പുകളിലും തുടർച്ചയായ വിജയങ്ങൾ സമ്മാനിക്കുന്നതിലും അദ്ദേഹം അചഞ്ചലനായി നിന്നു. ഇന്ന്, ആ നേതൃത്വം ഒരു നിർണ്ണായക ജനവിധിയുടെ പടിവാതിൽക്കൽ നിൽക്കുകയാണ്;**



കേരളത്തിലെ ജനങ്ങൾനാട്ടിലുള്ളവരും ലോകമെമ്പാടുമുള്ളവരുംഇത് സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. അധികാരം ജനങ്ങൾ കൈമാറിയേക്കാം, എന്നാൽ അത് വിവേകപൂർണ്ണവും ചിന്തോദ്ദീപകവും ദീർഘവീക്ഷണമുള്ളതുമായ തീരുമാനങ്ങളിലൂടെ ബഹുമാനിക്കപ്പെടുന്നുണ്ടോ എന്നതാണ് വരാനിരിക്കുന്ന യഥാർത്ഥ പരീക്ഷണം. അത് ആരംഭിക്കുന്നത് 'ആര് നയിക്കണം' എന്ന ചോദ്യത്തിൽ നിന്നാണ്.

CELEBRATING 30 Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



# ഗോഡ് പാർട്ടിക്കിൾ

**ജി. പുത്തൻകുരിശ്**

''ഗോഡ് പാർട്ടിക്കിൾ'' എന്നത് യഥാർത്ഥത്തിൽ എന്താണ്

ഹിഗ്സ് ബോസോൺ എന്നത് 1964 ൽ പ്രവചിക്കപ്പെട്ടതും 2012 ൽ CERN ന്റെ Large Hadron Collider ൽ കണ്ടെത്തപ്പെട്ടതുമായ ഒരു അടിസ്ഥാന കണികയാണ്. ഇത് ദൈവികമല്ല; ദൈവത്തെ വിശദീകരിക്കുന്നതുമല്ല. 'God Particle" എന്ന പേര് ഒരു ജനപ്രിയ ശാസ്ത്രപുസ്തകത്തിൽ നിന്നാണ് വന്നത്. ഭൗതികശാസ്ത്രത്തിൽ ഇത് ഹിഗ്സ് ഫീൽഡിന്റെ ക്വാണ്ടം ഉത്തേജനം അതായത് ആ ഫീൽഡിലെ ഏറ്റവും ചെറിയ തരംഗം മാത്രമാണ്. തരം: സ്കെയ്‌ലർ ബോസോൺ (spin 0), ഭാരം: ഏകദേശം 125 GeV, ആയുസ്സ്: ഏകദേശം $10^{-22}$ സെക്കൻഡ് (അത്യന്തം ചെറുത്), ചാർജ്: 0

പങ്ക്: ഹിഗ്സ് ഫീൽഡ് യാഥാർത്ഥ്യമാണെന്ന് തെളിയിക്കുന്ന തെളിവ്

ഭാരം നൽകുന്നത് ബോസോൺ അല്ല ഫീൽഡാണ്. ബോസോൺ എന്നത് ആ ഫീൽഡ് യഥാർത്ഥമാണെന്ന് കാണിക്കുന്ന ഒരു സിഗ്നേച്ചർ മാത്രം. ഇതിന്റെ പിന്നിലെ ഭൗതികശാസ്ത്രം: ഹിഗ്സ് ഫീൽഡ്. ആധുനിക ഭൗതികശാസ്ത്രം പ്രകാരം ബ്രഹ്മാണ്ഡം ചെറിയ കണികകളാൽ അല്ല, ഫീൽഡുകളാൽ ആണ് നിർമ്മിതം. ഓരോ കണികയും അതിന്റെ സ്വന്തം ഫീൽഡിലെ ഒരു തരംഗമാണ്.


**ഹിഗ്സ് ഫീൽഡ് ഒരു പ്രത്യേക ഫീൽഡാണ്:**

ഇത് മുഴുവൻ ബഹിരാകാശത്തെയും നിറയ്ക്കുന്നു പൂർണ്ണ ശൂന്യത്തിലും. ഇതിന് എല്ലായിടത്തും ഒരു non zero vacuum expectation value ഉണ്ട്. കണികകൾ ഇതിലൂടെ സഞ്ചരിക്കുമ്പോൾ വ്യത്യസ്ത തോതിൽ ഇതുമായി ഇടപെടുന്നു. ഇടപെടൽ ശക്തമായാൽ ഭാരം കൂടുതലാകും.

ഉദാഹരണങ്ങൾ: ഇലക്ട്രോൺ → കുറച്ച് ഇടപെടൽ → ചെറിയ ഭാരം, W, Z ബോസോണുകൾ → ശക്തമായ ഇടപെടൽ → വലിയ ഭാരം, ഫോട്ടോൺ → ഇടപെടൽ ഇല്ല → ഭാരം 0. ഈ പ്രക്രിയയെ Brout-Englert-Higgs mechanism എന്നു വിളിക്കുന്നു. ഉപമ: ഹിഗ്സ് ഫീൽഡിലൂടെ നടക്കുന്നത് ഒരു തിരക്കേറിയ ജനക്കൂട്ടത്തിലൂടെ നടക്കുന്നതുപോലെ. ചിലർ എളുപ്പത്തിൽ കടന്നുപോകും (കുറഞ്ഞ ഭാരം), ചിലർ മന്ദഗതിയാകും (കൂടുതൽ ഭാരം).ഒരാളും തൊടാതെ വഴുതിപ്പോകുന്ന ഒരാൾ ഫോട്ടോണിനെപ്പോലെ ഭാരം ഇല്ലാത്തത്.

**ഹിഗ്സ് ബോസോൺ എന്തുകൊണ്ട് പ്രധാനമാണ്**


2012 നു മുമ്പ് ഹിഗ്സ് ഫീൽഡ് ഒരു സിദ്ധാന്തം മാത്രമായിരുന്നു. ഹിഗ്സ് ബോസോണിന്റെ കണ്ടെത്തൽ തെളിയിച്ചത്: ഭാരം സ്വഭാവഗുണമല്ല ഫീൽഡുമായുള്ള ഇടപെടലിൽ നിന്നാണ് ഉണ്ടാകുന്നത്. സ്റ്റാൻഡേർഡ് മോഡൽ പൂർണ്ണമായി ഹിഗ്സ് അവസാന



മായി കാണാതിരുന്ന ഭാഗം. ആദ്യകാല ബ്രഹ്മാണ്ഡം വ്യത്യസ്തമായിരുന്നു ഉയർന്ന ഊർജത്തിൽ കണികകൾ ഭാരം ഇല്ലാത്തവയായിരുന്നു; ബ്രഹ്മാണ്ഡം തണുത്തപ്പോൾ ഹിഗ്സ് ഫീൽഡ് ''ഓൺ'' ആയി. ഹിഗ്സ് ഫീൽഡ് ഇല്ലായിരുന്നുവെങ്കിൽ: ആറ്റങ്ങൾ ഇല്ല, രസതന്ത്രം ഇല്ല, നക്ഷത്രങ്ങളും ഗ്രഹങ്ങളും ഇല്ല, ജീവൻ ഇല്ല. നമ്മൾ അറിയുന്ന രൂപത്തിലുള്ള ഭാരം തന്നെ ഉണ്ടായിരിക്കില്ല.

**ഇത് എങ്ങനെ കണ്ടെത്തി**

ഹിഗ്സ് ബോസോൺ സ്വാഭാവികമായി ലഭ്യമല്ല; അതിനെ ഉയർന്ന ഊർജത്തിലുള്ള കൂട്ടിയിടികളിൽ സൃഷ്ടിക്കണം. LHC യിൽ: പ്രോട്ടോണുകൾ പ്രകാശ വേഗത്തിന് അടുത്ത വേഗത്തിൽ കൂട്ടിയിടിക്കുന്നു. ഊർജം → ഭാരം ($E = mc^2$). ഒരു ഹിഗ്സ് ബോസോൺ ഒരു നിമിഷം മാത്രം പ്രത്യക്ഷപ്പെടുന്നു. അത് ഉടൻ തന്നെ മറ്റ് കണികകളായി (ഫോട്ടോണുകൾ, ദ ബോസോണുകൾ മുതലായവ) ചിതറുന്നു. ഡിറ്റക്ടറുകൾ ഈ ചിതറലുകളുടെ മാതൃകകൾ പുനർനിർമ്മിക്കുന്നു. ഒരു ബില്യൺ കൂട്ടിയിടികളിൽ ഒന്ന് മാത്രമാണ് ഹിഗ്സ് ബോസോൺ സൃഷ്ടിക്കുന്നത് അതുകൊണ്ടാണ് കണ്ടെത്താൻ ദശാബ്ദങ്ങൾ എടുത്തത്.



**"God Particle" എന്ന് വിളിക്കുന്നതെന്തിന്**

ഈ പേര് ലിയോൺ ലെഡർമാൻ എഴുതിയ The God Particle എന്ന പുസ്തകത്തിൽ നിന്നാണ് വന്നത്. ഭൗതികശാസ്ത്രജ്ഞർക്ക് ഈ പേര് ഇഷ്ടമല്ല, കാരണം ഇത് ദൈവശാസ്ത്രപരമായ അർത്ഥം സൂചിപ്പിക്കുന്നു. ഹിഗ്സ് ബോസോൺ ദൈവത്തെക്കുറിച്ചല്ല ഇത് ദ്രവ്യത്തിന് ഭാരം എന്തുകൊണ്ട് ഉണ്ടാകുന്നു എന്നതിനെക്കുറിച്ചാണ്.

**മതവും ഗോഡ് പാർട്ടികളും**

''ഗോഡ് പാർട്ടിക്കിൾ'' എന്ന പേര് മതപരമായ അർത്ഥത്തിൽ ഉദ്ദേശിച്ചിട്ടുള്ളതല്ല ഈ പേര്. ആദ്യം മതവുമായി ബന്ധിപ്പിക്കാനല്ല ഉദ്ദേശിച്ചത് ഭൗതിക



**"ഗോഡ് പാർട്ടിക്കിൾ" എന്ന പേര് മതപരമായ അർത്ഥത്തിൽ ഉദ്ദേശിച്ചിട്ടുള്ളതല്ല ഈ പേര്. ആദ്യം മതവുമായി ബന്ധിപ്പിക്കാനല്ല ഉദ്ദേശിച്ചത് ഭൗതികശാസ്ത്രജ്ഞനായ ലിയോൺ ലെഡർമാൻ ആദ്യം അതിനെ 'Goddamn Particle" എന്ന് വിളിക്കാനായിരുന്നു ആഗ്രഹിച്ചത് കണ്ടെത്താൻ അത്രയും ബുദ്ധിമുട്ടായതിനാൽ. പക്ഷേ പ്രസാധകർ വിപണനപരമായ കാരണങ്ങളാൽ അത് 'ഠവല ഏീറ ജമൃശേരഹല' ആയി മാറ്റി. ഇതാണ് അനാവശ്യമായ ഒരു മതബന്ധം സൃഷ്ടിച്ചത്.**

ശാസ്ത്രജ്ഞനായ ലിയോൺ ലെഡർമാൻ ആദ്യം അതിനെ 'Goddamn Particle" എന്ന് വിളിക്കാനായിരുന്നു ആഗ്രഹിച്ചത് കണ്ടെത്താൻ അത്രയും ബുദ്ധിമുട്ടായതിനാൽ. പക്ഷേ പ്രസാധകർ വിപണനപരമായ കാരണങ്ങളാൽ അത് 'The God Particle" ആയി മാറ്റി. ഇതാണ് അനാവശ്യമായ ഒരു മതബന്ധം സൃഷ്ടിച്ചത്. മതസമൂഹങ്ങൾ പലപ്പോഴും ഈ പേരിനെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നു


പേരിൽ 'God' എന്ന വാക്ക് ഉള്ളതിനാൽ ചിലർ ഇത്: ദൈവത്തിന്റെ നിലവാരം തെളിയിക്കുന്നു, അല്ലെങ്കിൽ ദൈവത്തെ നിഷേധിക്കുന്നു, അല്ലെങ്കിൽ ദൈവത്തെ ഭൗതികശാസ്ത്രം കൊണ്ട് മാറ്റിസ്ഥാപിക്കുന്ന പക്ഷേ ഭൗതികശാസ്ത്രജ്ഞർ ഈ വ്യാഖ്യാനങ്ങളെ സ്ഥിരമായി തള്ളിക്കളയുന്നു ഹിഗ്സ് ബോസോൺ കണങ്ങൾക്ക് ഭാരം ലഭിക്കുന്ന രീതി മാത്രമാണ് വിശദീകരിക്കുന്നത് ബ്രഹ്മാണ്ഡത്തിന്റെ ആത്മീയ/മതപരമായ സൃഷ്ടിയെ അല്ല.

വാർത്താമാധ്യമങ്ങൾ ശ്രദ്ധ നേടാൻ ഈ നാടകീയമായ പേരിനെ ഉപയോഗിച്ചു, ഹിഗ്സ് ബോസോൺക്ക് ദൈവശാസ്ത്രപരമായ അർത്ഥമുണ്ടെന്നവർ വ്യാഖ്യാനിച്ചു. ശാസ്ത്രജ്ഞർ നിരന്തരം ഇത് തെറ്റാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മതം ശക്തമായി പ്രതികരിക്കുന്നതെന്തുകൊണ്ട്? ശാസ്ത്രം ദൈവത്തിന്റെ ''സ്ഥലം'' കുറയ്ക്കുമോ എന്ന ഭയം ചില മതചിന്തകർക്ക് ഹിഗ്സ് ബോസോൺ പോലുള്ള കണ്ടെത്തലുകൾ ദൈവത്തെ വിശദീകരണങ്ങളിൽ നിന്ന് മാറ്റുന്നുവെന്ന ആശങ്കയുണ്ട്. മറ്റുചിലർക്ക് ഇത് സൃഷ്ടിയുടെ സൗന്ദര്യം സ്ഥിരീകരിക്കുന്നതുപോലെ തോന്നുന്നു. വിശ്വാസത്തെ വെല്ലുവിളിക്കുന്നതെന്ന തെറ്റായ ധാരണ ചില നാസ്തികർ ഹിഗ്സ് ബോസോൺ ദൈവത്തെ നിഷേധിക്കുന്നു എന്ന് അവകാശപ്പെട്ടു, ഇത് മതസമൂഹങ്ങളിൽ പ്രതിരോധപ്രതികരണം സൃഷ്ടിച്ചു. പക്ഷേ ശാസ്ത്രജ്ഞർ പറയുന്നു: ഇത് ഭൗതികശാസ്ത്രത്തിന്റെ തെറ്റായ ഉപയോഗമാണ്. ഹിഗ്സ് ബോസോൺ അടിസ്ഥാന ഘടനയും അസ്തിത്വവും സംബന്ധിച്ച കാര്യങ്ങളാണ് കൈകാര്യം ചെയ്യുന്നത് മതവും ഇതേ വിഷയങ്ങളെ സ്പർശിക്കുന്നു.

ഈ ഒത്തുചേരൽ തത്വചിന്താപരമായ ചിന്തകൾക്ക് വഴിയൊരുക്കുന്നു, പക്ഷേ ശാസ്ത്രീയ തെളിവോ നിഷേധമോ നൽകുന്നില്ല. അപ്പോൾ മതം ''കുഴങ്ങുന്നത്'' എന്തുകൊണ്ട്?

കാരണം 'God Particle" എന്ന പേര് ശാസ്ത്രം പറയാത്ത ഒരു ദൈവശാസ്ത്ര അവകാശവാദം സൂചിപ്പിക്കുന്നതുപോലെ തോന്നുന്നു. യാഥാർത്ഥ്യത്തിൽ: ഹിഗ്സ് ബോസോൺ മതവിശ്വാസത്തെ ഭീഷണിപ്പെടുത്തുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്നില്ല

അത് ഭൗതികശാസ്ത്രത്തിന്റെ സ്റ്റാൻഡേർഡ് മോഡലിനെ പൂർത്തിയാക്കുന്നതാണ്.


Shirley A.
Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# ന്യൂജേഴ്സിയിൽ ഫുഡ് ഫെസ്റ്റിവൽ മെയ് 16ന് ഒരുക്കങ്ങൾ ധൃതഗതിയിൽ




ബിജു ചെറിയാൻ

ന്യൂജേഴ്സി: അമേരിക്കയിലെ മലങ്കര ആർച്ച ഡയോസിസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മൂന്നാമത് ഫുഡ് ഫെസ്റ്റിവൽ (മലങ്കര ആർച്ച്ഡയോസിസ് എക്സ്ട്രാവഗൻസ) ഉജ്ജ്വലമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ നടന്നു വരുന്നു. ഭദ്രാസന ആസ്ഥാനത്തുവെച്ച് മെയ് 16–ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്ന ഏകദിന ഫുഡ് ഫെസ്റ്റിവൽ കൗണ്ടിയുടെ ഉൽസവമായാണ് നടക്കുന്നത്.

നോർത്ത് ഈസ്റ്റ് ഏരിയയിലുള്ള വിവിധ ദേവാലയങ്ങളുടെ പരിപൂർണ്ണ സഹകരണത്തോടെ നടത്തപ്പെടുന്ന ആഘോഷപരിപാടികളിൽ ഇന്ത്യൻ സമൂഹത്തോടൊപ്പം ഒട്ടനവധി



തദ്ദേശീയരും സ്റ്റേറ്റ് കൗണ്ടി പ്രതിനിധികളും പങ്കെടുക്കും.

രുചികരമായ നാടൻ കേരള ഭക്ഷണം, നോർത്ത് ഇന്ത്യൻ, അമേരിക്കൻ ഫുഡുകൾ, വിവിധയിനം എക്സിബിഷനുകൾ, യോഗ പരിശീലനം, ഫേസ് പെയിന്റിംഗ്, വിവിധയിനം വസ്ത്രങ്ങളുടെയും ആഭരണങ്ങളുടേയും പ്രദർശനവും വിൽപ്പനയും, ചെടികളുടെ വിതരണം, കുട്ടികളുടെയും മുതിർന്നവരുടെയും കലാപരിപാടികൾ കലാമത്സരങ്ങൾ എന്നിവ ചടങ്ങിന് മാറ്റുകൂട്ടും.

സ്പെക്ട്രം ഓട്ടോസ് ആണ് ഈ വർഷത്തെ മുഖ്യ സ്പോൺസർ. ഒട്ടനവധി ബിസിനസ് സ്ഥാപനങ്ങൾ, അഭ്യുദയകാംക്ഷികൾ എന്നിവർ സ്പോൺസർമാരായി ഈ ഉദ്യമത്തോട് സഹകരിക്കുന്നു.





മലങ്കര ആർച്ച് ഡയോസിസ് കൗൺസിൽ, വിവിധ ഭക്തസംഘടനകൾ എന്നിവയുടെ സംയുക്ത സഹകരത്തിലും നേതൃത്വത്തിലുമാണ് പരിപാടിയുടെ ഉജ്ജ്വല വിജയത്തിനായുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നത്. ജനുവരിയിൽ ഭദ്രാസന ആസ്ഥാനത്തു നടന്ന കിക്കോഫ് മലങ്കര ആർച്ച് ഡയോസിസ് അധിപനും, പാത്രിയർക്കാ വികാരിയുമായ ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ് തിരുമനസ്സുകൊണ്ട് ഉൽഘാടനം ചെയ്തു.

തുടർന്ന് ട്രൈസ്റ്റേറ്റ് ഏരിയയിലെ വിവിധ ദേവാലയങ്ങളിൽ വെച്ച് നടന്ന പ്രചരണ കിക്കോഫിന് MAE കോർഡിനേറ്റർ ശ്രീ. സാബു സ്ക്കറിയ, കോർ കമ്മറ്റിയംഗങ്ങളായ ബോബി കുറിയാക്കോസ് (ഭദ്രാസന ജോയിന്റ് ട്രഷറർ), ജോയി ഇട്ടൻ, റോയി മാത്യു, റവ.ഫാ.ബെൽസൺ കുരിയാക്കോസ് (ഭദ്രാസന ജോയിന്റ് സെക്രട്ടറി) തുടങ്ങിയവർ നേതൃത്വം നൽകി.

വരുംദിനങ്ങളിൽ കൂടുതൽ ദേവാലയങ്ങളിൽ വെച്ച് കിക്കോഫു





കൾ നടക്കുന്നതാണ്. MAE കമ്മ റ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ സബ് കമ്മിറ്റികൾ വിവിധ പ്രവർ ത്തനങ്ങൾക്ക് നേതൃത്വം നൽകു ന്നു.

കഴിഞ്ഞ രണ്ടു വർഷങ്ങളി ലും വളരെ വിജയകരമായി നടത്തപ്പെട്ട ഫുഡ്ഫെസ്റ്റിവലി ന്റെ മൂന്നാമത് ആഘോഷങ്ങളി ലേക്ക് ഏവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നുവെന്ന് ഭാര വാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് : സാബു സ്ക്കറിയ(2679807923), റോയി മാത്യു(8456499732), ജോയി ഇട്ടൻ(9145641702), റ വ.ഫാദർ. ബെൽസൺ കുര്യാ ക്കോസ്(5166399791), ബോബി കുര്യാക്കോസ്(8455960424).









MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ആരാധനാ ഉദ്ദേശ്യം, സ്വാർത്ഥ ലാഭം മാത്രമോ?



ഈ ഇടയിൽ കേൾക്കാനിടയായ ഒരു പ്രസംഗം വളരെ അർത്ഥ ഗർഭമായി തോന്നിയതിനാൽ, എല്ലാവരുടെയും ശ്രദ്ധക്കായി, ചിന്തക്കായി, എന്റെ ചില അഭിപ്രായങ്ങളോട് ,സമർപ്പിക്കട്ടെ. ഒരു ആരാധനാലയത്തിന്റെ പേരും, അതിനടുത്തുള്ള പ്രധാന വഴിയും മാത്രം അറിയാവുന്ന ആ മനുക്ഷ്യൻ ആരാധനാലയം അന്വേഷിച്ചു, ആ വഴിയിലൂടെ, നാട്ടുകാരായ വഴിയാത്രക്കാരിൽ അനേകരെ സമീപിച്ചു. ആർക്കും അങ്ങനെ ഒരു ആരാധനാലയത്തെപ്പറ്റി യാധൊരു വിവരവും ഉണ്ടായിരുന്നില്ല. ക്ഷീണിച്ചു എങ്കിലും അന്വേഷണം തുടർന്നു. ഭാഗ്യത്തിന്, ഈ ആരാധനാലയം അറിയാവുന്ന ഒരാളെ കണ്ടുകിട്ടി. അദ്ദേഹം വഴി കൃത്യമായി പറഞ്ഞു കൊടുത്തു. 'നിങ്ങൾ തിരികെ ഒരു അര മൈൽ നടക്കുമ്പോൾ, വലതു വശത്തായി ഒരു 'മദ്യ ഷാപ്' കാണാം. അതിനോട് ചേർന്ന് കിടക്കുന്ന വഴിയിലൂടെ ഒരു അറുപതു അടി ഉള്ളിലേക്ക് ചെന്നാൽ വലതു വശത്തു, ഈ ആരാധന ആലയം കാണാം. ഈ മദ്യ ഷാപ്പ് കണ്ടുപിടിക്കാൻ ഒരു പ്രയാസവും ഉണ്ടായില്ല. നാട്ടിൽ എല്ലാവർക്കും തന്നെ അറിയാമായിരുന്നു.

ഇവിടെ ചിന്തിക്കാനുള്ളത്, എന്തു കൊണ്ടാണ്. 'മദ്യ ഷാപ്' എല്ലാവർക്കും അറിയാം, ആരാധനാലയം അറിയാവുന്ന നാട്ടുകാർ അപൂർവം. മദ്യത്തെ പ്രോത്സാഹിപ്പിക്കുകയല്ല. ക്രിസ്തുവിന്റെ സുവിശേഷം, നിങ്ങൾ പോയി, മനുക്ഷ്യൻ നശിച്ചു പോകാതിരിപ്പാൻ അവരെ ഉത്ബോധിപ്പിൻ എന്നും, 'മാനവ സേവ' ആണ് 'മാധവ സേവ' എന്നും, ' അവനവനാത്മ സുഖത്തിനാചരിക്കുന്നവ ..., അപരന് സുഖത്തിനായ് വരേണം..' എന്നും, ശ്രീനാരായണഗുരുവും ഉപദേശിക്കുന്നു. ഈ ഉപദേശങ്ങൾ എല്ലാം കേട്ടനുസരിക്കാൻ തീരുമാനിച്ചു, ആചാരാനുഷ്ഠിതമായി ഉറച്ചു കൊണ്ട് ആരാധനാലയം വിടുന്നതോടെ, ഉറപ്പുകളും തീരുമാനങ്ങളും വിട്ടു പോകുന്നു. അതോ...., നിർവികാരരും നിർജീവികളുമായി പ്രാർത്ഥിക്കാൻ പോയി വരികയാണോ? വഴിക്കുള്ള, സമൂഹത്തിലുള്ള മനുക്ഷ്യരെയും ജീവികളെയും ഒന്നും നോക്കുന്നതും, കാണുന്നതും ഇല്ലേ? കണ്ണുകൾ കാണാനും, ചെവികൾ കേൾക്കാനും, ദൈവം തന്നതാണ്. ആരാധന ആലയങ്ങൾ വിശുദ്ധന്മാരുടെയും, ദൈവങ്ങളുടെയും ഒരു കാഴ്ച ബംഗ്ളാവ് അല്ലാ. ആവശ്യത്തിലിരിക്കുന്ന പാപികൾക്കും, രോഗികൾക്കും, ദുഃഖിതർക്കും.. മരുന്നും, ശുശ്രൂഷകളും, സ്നേഹവും എത്തിച്ചു കൊടുക്കുന്ന ഒരു ആശുപത്രിയാണ്. അതിനാൽ, അവിടെ നിന്ന് നാം, സമൂഹത്തിലേക്ക് ഇറങ്ങണം. സമൂഹത്തിന്റെ ആവശ്യങ്ങളെ മനസ്സിലാക്കി, സഹായ ഹസ്തം നീട്ടണം. നമ്മുടെ ആത്മീയത സമൂഹത്തിനു ഒരു സുഗന്ധമായി മാറുമ്പോൾ, നമുക്കും നമ്മുടെ ആരാധനാലയങ്ങൾക്കും ഒരു പ്രതിശ്ചായ ലഭിക്കുന്നു. നമ്മുടെ സ്വാഗതാർഹമായ സാന്നിദ്ധ്യത്തെ സമൂഹം അറിയുകയും, അതിന്റെ സ്വാധീനം നല്ല വ്യതിയാനങ്ങൾക്കു കാരണമാവുകയും ചെയ്യും. ഓർക്കുക,: സുഗന്ധമില്ലെങ്കിൽ പുഷ്പങ്ങളും, നന്മ ഇല്ലെങ്കിൽ മനുക്ഷ്യരും കാഴ്ച്ചയ്ക്ക് മാത്രമേ ഉപകരിക്കൂ, അതിനാൽ അവഗണിക്ക പ്പെടുകയും ചെയ്യും..

'ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി ഞാൻ പൊഴിക്കവേ .....

ഉദിക്കയാണെന്നാത്മാവി- ലായിരം സൗര മണ്ഡലം..

ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായി ചിലവാക്കവേ ...

ഹൃദയത്തിലുലാവുന്നു നിത്യ നിർമ്മല പൗർണ്ണമി.' (അക്കിത്തം) ആദ്ധ്യമായി, നമ്മുടെ സ്നേഹവും സൗഹൃദവും കുടുംബത്തിൽ ഉണ്ടായിരിക്കണം. കുട്ടികളെയും പരിചയിപ്പിക്കണം. അത് നമ്മോടു കൂടെ, നമ്മൾ പോകുന്നിടത്തൊക്കെ, നമ്മുടെ വ്യക്തിത്വത്തിൽ പ്രകടമാകണം. സൗഹൃദവും, സ്നേഹവും, കരുണയും, നീതിയും ഒക്കെ നമ്മുടെ സഹജാവബോധമായിത്തീരണം. ഇവകൾ മറ്റുള്ളവർക്കും നമുക്കും, നമ്മുടെ സമൂഹത്തിനും...., ആരോഗ്യത്തിനും നിലനിൽപ്പിനും വേണ്ടിയ ഒരു ഔഷധമായി നിലനിൽക്കും. എന്നാൽ, ഇവയുടെ അഭാവം..., വെറുപ്പും, അസൂയയും, അധർമ്മവും വളർത്തും. സമൂഹത്തെയും, കുടുംബങ്ങളെയും, നരക തുല്യം ആക്കി മാറ്റും. ആരെയും മാറ്റി നിർത്തേണ്ടതല്ലാ., എല്ലാവരെയും ചേർത്ത് നിർത്താനാണ് ശ്രമിക്കേണ്ടത്. നമ്മൾ ഇരിക്കുന്നിടത്തേക്കു മറ്റുള്ളവർ വരാനായി കാത്തിരിക്കേണ്ടാ. മുഖപക്ഷങ്ങളും മുൻവിധികളും ഇല്ലാതെയുള്ള ബന്ധങ്ങൾ സ്ഥാപിക്കണം. അന്യോന്യം സന്ദർശനങ്ങൾ ഉണ്ടാകണം. ആത്മീയത, ക്ഷേത്രങ്ങൾക്കുള്ളിലും, പള്ളികൾക്കുള്ളിലും മാത്രമായി ഒതുക്കാതെ, ലോകത്തിലേക്ക്, സമൂഹത്തിലേക്കു ഇറക്കി കൊണ്ടുവരണം.

# കേരളത്തിൽ വെടിക്കെട്ട് സ്ഫോടനങ്ങൾ തുടർക്കഥയാവുന്നു;

## ഞെട്ടിക്കുന്ന ഓർമയായി പുറ്റിങ്ങൽ ക്ഷേത്രവും




**എ.എസ് ശ്രീകുമാർ**

ശ്രദ്ധക്കുറവും അനാസ്ഥയും കെടുകാര്യസ്ഥതയും ക്ഷണിച്ചുവരുത്തിയ അതിദാരുണമായ സ്ഫോടനമാണ് തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് നിർമാണ ശാലയിൽ ഉണ്ടായത്. വെടിക്കോപ്പ് പുരയിൽ 40-ഓളം പേർ ഉണ്ടായിരുന്നു. ഈ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 13 ആയി. പരുക്കേറ്റവരെ ശരീരാവയവങ്ങൾ അറ്റ നിലയാലാണ് തൃശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. നിരവധി പേർക്ക് 70 ശതമാനത്തിലേറെ പൊള്ളൽ ഏറ്റിട്ടുണ്ട്. മരണസംഖ്യ ഉയരുമെന്ന കാര്യത്തിൽ സംശയമില്ല. തൃശൂർ പൂരത്തിൽ തിരുവമ്പാടി വിഭാഗത്തിന്റെ വെടിക്കെട്ട് ഒരുക്കുന്ന പടക്ക നിർമാണ ശാലയും പരിസരവുമാണ് ശവപ്പറമ്പായിമാറിയത്. തിരുവമ്പാടി വെടിക്കെട്ട് ലൈസൻസി മുണ്ടത്തിക്കോട് സതീഷിന്റെ വെടിക്കെട്ട് പുരയിലാണ് അപകടം. ഇയാളുടെ നില അതീവ ഗുരുതരമെന്നാണ് വിവരം.

അഞ്ച് ഏക്കറിലായി 8 വെടിപ്പുരകളാണ് ഉണ്ടായിരുന്നത്. ഇതിൽ 5 പുരകൾ പൂർണമായി കത്തി നശിച്ചുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. പ്രദേശത്ത് സ്ഫോടക വസ്തുക്കൾ ഇനിയും പൊട്ടാതെ കിടക്കുന്നതായുള്ള സൂചനയുണ്ട്. അപകടത്തിൽ പെട്ടവരിലേറെയും മുണ്ടത്തിക്കോട്-കുണ്ടന്നൂർ സ്വദേശികളാണ്. ശരീരഭാഗങ്ങൾ മൃതദേഹങ്ങളായിട്ടാണ് കണക്കാക്കുന്നത് എന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് അറിയിച്ചു. മൃതദേഹങ്ങൾ മോർച്ചറിയിലേക്ക് മാറ്റിയിരിക്കുകയാണ്. അവിടെ ഫോറൻസിക്ക് വിഭാഗത്തിന് പരിശോധനക്ക് മൃതദേഹങ്ങൾ തിരിച്ചറിയാൻ ഉൾപ്പടെയുള്ള പ്രത്യേക ക്രമീകരണം സജ്ജീകരിച്ചിട്ടുണ്ട്. അപകടം സംബന്ധിച്ച് മജിസ്റ്റീരിയൽ തല അന്വേഷണത്തിന് ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഉത്തരവിട്ടിരിക്കുകയാണ്. അപകട കാരണവും അനന്തരഫലങ്ങളും വിശദമായി അന്വേഷിക്കുന്നതിന് സബ് ഡിവിഷണൽ മജിസ്ട്രേറ്റായ തൃശൂർ ആർഡിഒയെ ചുമതലപ്പെടുത്തി. ആദ്യ സ്ഫോടനം നടന്നത് 3.30നാണ്. പിന്നീടും

പ്രദേശത്ത് പലവട്ടം പൊട്ടിത്തെറി ഉണ്ടായി.

കേരളത്തിൽ ഉണ്ടായിട്ടുള്ള വെടിക്കെട്ട് അപകടങ്ങളുടെ പട്ടിക വളരെ നീണ്ടതാണ്. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ വെടിക്കെട്ടപകടമായിരുന്നു 2016 ഏപ്രിൽ 10-ന് പുലർച്ചെ 3:30-ന് കൊല്ലം ജില്ലയിലുള്ള പരവൂരിൽ പുറ്റിങ്ങൽ ക്ഷേത്രത്തിലുണ്ടായ വെടിക്കെട്ടപകടം. ഇതിൽ ഔദ്യോഗിക കണക്ക് പ്രകാരം 114 പേർ കൊല്ലപ്പെടുകയും 300-ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവമായിരുന്നു ഇത്. പുറ്റിങ്ങൽ ക്ഷേത്രത്തിലെ കമ്പപ്പുരയിൽ തീപിടിച്ചായിരുന്നു ദുരന്തം. ജില്ലാ ഭരണ കൂടത്തിന്റെ വിലക്ക് ലംഘിച്ചാണ് വെടിക്കെട്ട് നടത്തിയത്. രണ്ട് പ്രാദേശിക വെടിക്കെട്ട് സംഘങ്ങൾ തമ്മിൽ നടത്തിയ മത്സരമാണ് ദുരന്തത്തിനു കാരണമായത്. മത്സരകമ്പമുള്ള വെടിക്കെട്ട് ജില്ലാ അധികൃതർ നേരത്തേ തടഞ്ഞിരുന്നു. എന്നാൽ ആചാരപ്രകാരമുള്ളതാണെന്ന് വ്യക്തമാക്കിക്കൊണ്ട് ക്ഷേത്രം അധികൃതർ വെടിക്കെട്ട് നടത്താൻ തീരുമാനിച്ചതാണ് ദുരന്തത്തിൽ കലാശിച്ചത്.

വർക്കല കൃഷ്ണൻകുട്ടി, കഴക്കൂട്ടം സുരേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലുള്ള രണ്ട് സംഘങ്ങളാണ് വെടിക്കെട്ട് നടത്തിയത്. സംഭവം നടന്ന സമയം പുലർച്ചെയായതിനാലും പ്രദേശത്തെ വൈദ്യുതി വിതരണം നിലച്ചതിനാലും രക്ഷാപ്രവർത്തനം ബുദ്ധിമുട്ടിലായി. പോലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി. അപകടശേഷം ക്ഷേത്ര പരിസരത്തു നിന്നും ശാർക്കര കുറുമണ്ടൽ ക്ഷേത്ര പരിസരത്തെ കാറുകളിൽ നിന്നും കണ്ടത്തിയ ഉഗ്രശേഷിയുള്ള സ്ഫോടക വസ്തുക്കൾ പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (പെസോ) ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നശിപ്പിക്കുകയുണ്ടായി.

മുകളിലേക്കു പൊങ്ങി പൊട്ടിയ ഒരു അമിട്ടിലെ കത്തിക്കഴിഞ്ഞിട്ടില്ലാത്ത ഒരു ഗുളിക കമ്പപ്പുരയിൽ വീണാണ് അപകടമുണ്ടായത്. സ്ഫോടനത്തിന്റെ പ്രകമ്പനം ഒന്നര കിലോമീറ്റർ അകലെ വരെ ഉണ്ടായി. അമ്പല സമീപമുള്ള ദേവസ്വം ബോർഡ് കെട്ടിടം പൂർണമായും തകർന്നു. സമീപത്തുള്ള നൂറിലേറെ വീടുകൾക്കും സാരമായ കേടുപാടുകൾ സംഭവിച്ചു. സ്ഫോടനത്തിനും അഗ്നിനാളത്തിനുമൊപ്പം കോൺക്രീറ്റ് പാളികൾ ആൾക്കൂട്ടത്തിലേക്ക് ചിതറിത്തെറിച്ചാണ് മരണം കൂടുതലും സംഭവിച്ചത്. മൃതദേഹങ്ങൾ പലതും തിരിച്ചറിയാനാവാത്തവിധം വികൃതമായിരുന്നു. കളക്ടർ അനുമതി നിഷേധിച്ചിട്ടും പോലീസിന്റെ മൗനാനുവാദത്തോടെയാണ് വെടിക്കെട്ടു നടന്നതെന്ന കൊല്ലം ജില്ലാ കളക്ടർ ഷൈനാമോളുടെ പ്രസ്താവന വിവാദമായി.

ക്ഷേത്രത്തിൽ നിയമവിരുദ്ധമായാണ് വെടിക്കെട്ടു നടക്കാൻ പോകുന്നതെന്ന അറിവുണ്ടായിട്ടും, സ്ഥലം സി.ഐ അത് മേലധികാരികളിൽ നിന്നും മറച്ചുവെച്ചു. വെടിക്കെട്ടു സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട് ജില്ലാ പോലീസ് കമ്മീഷണർ അവഗണിച്ചുവെന്നും, സ്ഥലം സി.ഐ തയ്യാറാക്കിയ എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയിരിക്കുന്നു.





**കേരളം സാക്ഷ്യം വഹിച്ച മറ്റ് വെടിക്കെട്ട് അപകടങ്ങളുടെ വിവരങ്ങൾ ഇങ്ങനെ:**

* 2016 എറണാകുളം ജില്ലയിലെ മരട് കൊട്ടാരം ഭഗവതി ക്ഷേത്രം താലപ്പൊലിക്ക് വെടിക്കെട്ട് തയ്യാറാക്കുന്ന തെക്കേ ചേരുവാരം വെടിക്കെട്ട് പുരയിൽ ഉണ്ടായ സ്ഫോടനത്തിൽ 2 മരണം.

* 2013-പാലക്കാട് പന്നിയംകുറുശ്ശി കുളങ്കുന്നത്ത് പടക്കനിർമ്മാണശാലയിലുണ്ടായ പൊട്ടിത്തെറി. മരണം 6.

* 2011-ഷൊർണൂരിനടുത്ത് ത്രാങ്ങാലിയിൽ വെടിക്കെട്ടുപുരയ്ക്ക് തീപിടിച്ചു. മരണം 13.

* 2008 ഫെബ്രുവരി 18-എറണാകുളം ജില്ലയിലെ മരടിൽ കൊട്ടാരം ഭഗവതി ക്ഷേത്രം താലപ്പൊലി വെടിക്കെട്ടിനിടെ ഡൈന ആളുകളുടെ ഇടയിൽ വീണു പൊട്ടി 3 മരണം.

* 2006-തൃശ്ശൂർ പൂരത്തിന് തയ്യാറാക്കിയിരുന്ന വെടിക്കെട്ട് സാമഗ്രികൾ സൂക്ഷിക്കുന്നിടത്തുണ്ടായ അപകടം. മരണം 7.

* 1999-പാലക്കാട് ആളൂരിൽ ചാമുണ്ടിക്കാവ് താലപ്പൊലി ഉത്സവത്തിനിടെ ഉണ്ടായ വെടിക്കെട്ടപകടം. മരണം 8.

* 1998-പാലക്കാട് കഞ്ചിക്കോട് വെടിക്കോപ്പ് നിർമ്മാണശാലയിൽ പൊട്ടിത്തെറി. മരണം 13.

* 1997-തൃശ്ശൂർ ചിയ്യാരം പടക്കനിർമ്മാണശാലയിൽ പൊട്ടിത്തെറി. മരണം 6.

* 1990-കൊല്ലം മലനടയിൽ പോരുവഴി പെരുവിരുത്തി ക്ഷേത്രത്തിലെ വെടിക്കെട്ട് ഷെഡ്ഡിലുണ്ടായ അപകടം. മരണം 26.

* 1989-തൃശ്ശൂർ കണ്ടശ്ശംകടവ് പള്ളിയിൽ അഞ്ചു വർഷത്തിന് ശേഷം വീണ്ടും അപകടം. മരണം 12.

* 1988-തൃപ്പൂണിത്തുറയിൽ വെടിക്കെട്ട് മരുന്നുപുരക്ക് തീപടിച്ച് സ്ത്രീ ജോലിക്കാർ മരിച്ചു. മരണം 10.

* 1987 ഏറണാകുളം ജില്ലയിലെ മരട് കൊട്ടാരം ഭഗവതി ക്ഷേത്രം താലപ്പൊലി വെടിക്കെട്ടിന് വെടിക്കെട്ടൊരുക്കുന്ന വടക്കേ ചേരുവാരം വെടിക്കെട്ട് പുരയ്ക്കു തീപിടിച്ചു 5 മരണം.

* 1987-തൃശ്ശൂർ വേലൂരിൽ വെള്ളാട്ടഞ്ചൂർ -കൂട്ടന്മൂലി ക്ഷേത്രത്തിലെ അപകടം. മരണം 20.

* 1984-തൃശ്ശൂർ കണ്ടശ്ശംകടവ് പള്ളിപ്പെരുന്നാളിലുണ്ടായ വെടിക്കെട്ടപകടം. മരണം 20.

* 1978-തൃശ്ശൂർ പൂരത്തോട് അനുബന്ധിച്ച് കുഴിയമിട്ട് ലക്ഷ്യം തെറ്റി ആൾക്കൂട്ടത്തിൽ പതിച്ചുണ്ടായ അപകടം. മരണം 8.

* 1952-ശബരിമലയിൽ ജനുവരി 14-ന് പകൽ മൂന്ന് മണിക്കുണ്ടായ കരിമരുന്നു സ്ഫോടനം. മരണം 68.

ഈ സ്ഫോടനങ്ങൾ ഒരു ഉത്സവത്തിന്റെ സന്തോഷത്തിനപ്പുറം ജീവനും സ്വത്തിനും ഭീഷണിയാകുന്ന ഒരു ഗുരുതര പ്രശ്നമായി മാറുന്നു. വെടിമരുന്നിന്റെ അനിയന്ത്രിതമായ സംഭരണം, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത നിർമ്മാണം, നിയമ ലംഘനം തുടങ്ങിയവയാണ് ഇത്തരം ദുരന്തങ്ങളുടെ പ്രധാന കാരണങ്ങൾ. പലപ്പോഴും ലഭേച്ഛയും അശ്രദ്ധയും ചേർന്നാണ് നിരപരാധികളുടെ ജീവൻ നഷ്ടപ്പെടുന്നത്. അധികാരികൾ ശക്തമായ നടപടികൾ സ്വീകരിക്കേണ്ട സമയമാണിത്. നിയമങ്ങൾ കർശനമായി നടപ്പാക്കുകയും അനധികൃത പടക്കശാലകൾ അടച്ചുപൂട്ടുകയും വേണം. അതേസമയം, പൊതുജനങ്ങളും ജാഗ്രത പുലർത്തേണ്ടതുണ്ട്. സുരക്ഷയെ അവഗണിക്കുന്ന ആഘോഷങ്ങൾക്ക് പിന്തുണ നൽകാതിരിക്കുക എന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ഒരു നിമിഷത്തിന്റെ അശ്രദ്ധ ആയുസ് മുഴുവൻ വേദനയായി മാറരുത്.



# സ്കേറ്റിങ്ങിൽ രാജ്യാന്തര നേട്ടവുമായി മലയാളി സഹോദരിമാർ

തായ് വാനിൽ നടന്ന രാജ്യാന്തര ഓപ്പൺ റോളർ സ്കേറ്റിങ്ങിൽ സുവർണ മെഡൽ അണിഞ്ഞ് കേരളത്തിൽനിന്നുള്ള സഹോദരിമാർ. പത്തനംതിട്ട കുഴിക്കാല കല്ലട ഭവനിൽ തോമസ് പോളിന്റെയും എലിസബത്തിന്റെയും മക്കളായ ജുവിന ലിസ് തോമസും അനുജത്തി ജുലൈന ലിസ് തോമസുമാണ് ഈ നേട്ടം കൈവരിച്ചത്.

ജുവിന പെയർ സ്കേറ്റിങ്ങിൽ സ്വർണം നേടി.ജുലൈന പെയർ, കപ്പിൾ വിഭാഗങ്ങളിൽ സ്വർണവും സോളോ ഡാൻസിൽ വെങ്കലവും കരസ്ഥമാക്കി. ജുവിന പത്തനംതിട്ട വാഴമുട്ടം നേഷൻ യു.പി. സ്കൂളിൽ ഏഴാം തരത്തിൽ പഠിക്കുന്നു. ജുലൈന ലേ മൗണ്ട് ഗ്രീൻ സ്കൂളിൽ നാലാം ക്ലാസ് വിദ്യാഥിനിയാണ്.



ഇവരുടെ ചേച്ചി ജുനിയ ലിസ് തോമസ് സ്കേറ്റിങ്ങിൽ ദേശീയ മെഡൽ ജേത്രിയാണ്. പത്താം ക്ലാസ് പരീക്ഷ കാരണം ഇക്കുറി മത്സരങ്ങളിൽനിന്നു വിട്ടു നിന്നതാണ്.

ആർട്ടിസ്റ്റിക് സ്കേറ്റിങ്ങിൽ 2019 ൽ ലോക ചാംപ്യനായ, പത്തനംതിട്ട സ്വദേശി തന്നെയായ അഭിജിത്ത് അമൽ രാജാണ് ഇവരുടെ പ്രധാന പരിശീലകൻ. ഏഷ്യൻ ചാംപ്യനായ എൻ.എൽ.വക്കാസിയയും പരിശീലിപ്പിക്കുന്നു.

തായ് വാനിൽ മത്സരിച്ച ഇന്ത്യൻ ടീമിൽ ഒൻപത് മലയാളികളുണ്ടായിരുന്നു.എല്ലാവർക്കും മെഡൽ ലഭിച്ചു.

താരങ്ങൾ മലേഷ്യയിൽ ഒരാഴ്ചത്തെ പരിശീലനം കഴിഞ്ഞേ മടങ്ങിയെത്തുകയുള്ളൂ.


#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123

# പ്രഥമ സന്ന്യാസിനി സംഗമത്തിൽ അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷിച്ചു






റോയി ചേലമലയിൽ

ചിക്കാഗോ: സെന്റ് തോമസ് സീറോ മലബാർ രൂപതാസ്ഥാപനത്തിന്റെയും അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജത ജൂബിലിയുടെ ഭാഗമായി ചിക്കാഗോയിലെ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ വച്ചു നടന്ന അമേരിക്കയിലും കാനഡയിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും സംഗമത്തിൽ ചിക്കാഗോ സിറോമലബാർ രൂപതയുടെ പ്രഥമ ബിഷപ്പ് ആയ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകത്തിന്റെ ജൂബിലി ആഘോഷിച്ചു.

ഈ സംഗമത്തിന്റെ രണ്ടാം ദിവസം ഏപ്രിൽ 18- ന് രാവിലെ ജൂബിലേറിയൻ അങ്ങാടിയത് പിതാവിന്റെ മുഖ്യ കാര്മ്മികത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ബിഷപ്പ് ജോയി ആലപ്പാട്ട്

വചന സന്ദേശം നൽകി. വികാരി ജനറൽമാരായ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറം, ഫാ. ജോൺസൻ കോവൂർ പുത്തൻപുരയിൽ, സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രാഹം കളരിക്കൽ എന്നിവർ സഹകാർമികരായിരുന്നു.

തുടർന്ന പൊതുയോഗത്തിൽ ഫാ. ജോൺ മേലേപ്പുറം സ്വാഗതം ആശംസിച്ചു. ബിഷപ്പ് ജോയി ആലപ്പാട്ട് അധ്യക്ഷനായിരുന്നു. യു.എസ്. ഗവൺമെന്റിൽ സീനിയർ എക്സിക്യൂട്ടീവ് ഓഫീസറായി സേവനം ചെയ്യുന്ന റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സന്യാസിനിയായ സി. അമേലിയ ഹൂളർ, സി. അഞ്ജലി മാത്യു എന്നിവർ അങ്ങാടിയത്ത് പിതാവിന് ജൂബിലി മംഗളങ്ങൾ അർപ്പിച്ച് സംസാരിച്ചു. .

തുടർന്ന് റവ. ഫാ. അലക്സാണ്ടർ കുര്യൻ, സി. സേവ്യർ എന്നിവർ ചേർന്ന് അങ്ങാടിയത് പിതാവിനെ പൊന്നാട അണിയിപ്പിച്ചു. തുടർന്ന് വിശിഷ്ട അതിഥികളോടും പങ്കെടുത്ത ഇരുപത്തിയെട്ട് സന്യാസിനി സമൂഹത്തിന്റെ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ കേക്ക് കട്ട് ചെയ്തു. അങ്ങാടിയത് പിതാവ് തന്റെ മറുപടി പ്രസംഗത്തിൽ തനിക്കു ലഭിച്ച ഈ അംഗീകാരത്തിന് ഏവർക്കും നന്ദി രേഖപ്പെടുത്തി. സി. ലിസ ആഞ്ഞിലിക്കൽ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി. സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രാഹം കളരിക്കൽ എം സീ ആയി പ്രവർത്തിച്ചു.









# കേരളത്തിലെ വെടിക്കെട്ട് ദുരന്തങ്ങൾ: ആചാരപ്പേരിലെ കൂട്ടക്കുരുതിയും ഭരണകൂടത്തിന്റെ മൗനവും



ജെയിംസ് വർഗീസ്

കേരളത്തിലെ ഉത്സവപ്പറമ്പുകൾ ഇന്ന് വെളിച്ചത്തിന്റെയും ശബ്ദത്തിന്റെയും വിസ്മയങ്ങളല്ല, മറിച്ച് പലപ്പോഴും കണ്ണീരിന്റെയും ചോരയുടെയും സ്മാരകങ്ങളായി മാറുകയാണ്. ലോകത്തിന് മുന്നിൽ വലിയ പ്രബുദ്ധതയും നൂറു ശതമാനം സാക്ഷരതയും പ്രസംഗിക്കുന്ന ഒരു ജനത, നൂറുകണക്കിന് മനുഷ്യജീവനുകൾ പൊലിഞ്ഞിട്ടും എന്തുകൊണ്ടാണ് ഇന്നും ഈ 'കരിമരുന്ന് ഭ്രാന്തിൽ' നിന്ന് മോചിതരാകാത്തത് എന്നത് ചിന്തിക്കേണ്ട വിഷയമാണ്. ഓരോ വർഷവും ഉത്സവ സീസണുകൾ എത്തുമ്പോൾ വിലാപയാത്രകളും പൊള്ളലേറ്റ ശരീരങ്ങളും നമ്മുടെ വാർത്താതാളുകളിൽ നിറയുന്നു. എന്നാൽ ഈ ദുരന്തങ്ങളെല്ലാം വെറും 'ദൈവഹിതം' എന്ന് വിശ്വസിക്കാനാണ് അധികാരികൾക്കും ഒരു വലിയ വിഭാഗം ജനങ്ങൾക്കും താല്പര്യം.

ഭരണകൂടത്തിന്റെ അനാസ്ഥയാണ് പലപ്പോഴും ഈ കൊലപാതകങ്ങൾക്ക് വളം വെച്ചുകൊടുക്കുന്നത്. ഓരോ വലിയ ദുരന്തത്തിന് ശേഷവും അന്വേഷണ കമ്മീഷനുകൾ രൂപീകരിക്കുകയും കർശനമായ നിയമങ്ങൾ കൊണ്ടുവരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്യുമെങ്കിലും, കുറച്ചു ദിവസങ്ങൾ കഴിയുമ്പോൾ എല്ലാം പഴയപടിയാകുന്നു. നിലവിലുള്ള 'എക്സ്പ്ലോസീവ് ആക്ട്' പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പലപ്പോഴും രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങിയോ അല്ലെങ്കിൽ വോട്ട് ബാങ്ക് ഭയന്നോ ലംഘിക്കപ്പെടുകയാണ്. ജനവാസ കേന്ദ്രങ്ങളിൽ വെടിക്കെട്ട് പാടില്ലെന്ന നിയമം കാറ്റിൽ പറത്തിക്കൊണ്ട് ജനങ്ങൾക്കിടയിൽ പടക്കം പൊട്ടിക്കുന്നത് കണ്ടില്ലെന്ന് നടിക്കുന്ന ഭരണസംവിധാനം ആരെയാണ് പേടിക്കുന്നത്? ആചാരങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് മനുഷ്യജീവനുകളെ ബലികൊടുത്തുകൊണ്ടല്ല എന്ന തിരിച്ചറിവുള്ള ഒരു പുതിയ സർക്കാർ






വരണമെന്നത് ഒരു നാടിന്റെയാകെ സ്വപ്നമാണ്.

കേരളത്തിന്റെ 'സാക്ഷരത' എന്ന അവകാശവാദം വെടിക്കെട്ട് ദുരന്തങ്ങൾക്ക് മുന്നിൽ പലപ്പോഴും തോറ്റുപോകാറുണ്ട്. നല്ല വിദ്യാഭ്യാസം ഉണ്ടെന്ന് അവകാശപ്പെടുന്നവർ പോലും വലിയ ശബ്ദമുണ്ടാക്കുന്ന വെടിക്കെട്ടിന് വേണ്ടി വാശിപിടിക്കുന്നത് വിരോധാഭാസമാണ്. അയൽവീട്ടിലെ രോഗിയോ, വിറച്ചുപോകുന്ന പിഞ്ചുകുഞ്ഞുങ്ങളോ, പരിഭ്രാന്തരാകുന്ന മിണ്ടാപ്രാണികളോ ആരുടെയും പരിഗണനയിലില്ല. പണക്കൊഴുപ്പിന്റെ പ്രദർശനമായി മാറിയ വെടിക്കെട്ടുകൾ ഇന്ന് മതപരമായ വിശ്വാസത്തേക്കാൾ ഉപരിയായി ഒരു ആഡംബര മത്സരമായി മാറിയിരിക്കുന്നു. വിവരമുണ്ടെന്ന് പറയുന്ന ഒരു ജനത സ്വന്തം ജീവനും സ്വത്തും അപകടത്തിലാക്കിക്കൊണ്ട് ഇത്തരമൊരു വിനോദത്തിൽ ഏർപ്പെടുന്നത് നമ്മുടെ സാമൂഹിക പുരോഗതിയിലെ വലിയൊരു കറുത്ത പാടാണ്.

കാലം മാറുമ്പോൾ ആഘോഷങ്ങളുടെ രീതിയും മാറേണ്ടതുണ്ട്. പരമ്പരാഗതമായ കരിമരുന്നിന് പകരമായി ആധുനിക സാങ്കേതികവിദ്യകൾ നമുക്ക് മുന്നിലുണ്ട്. ശബ്ദമലിനീകരണമില്ലാത്ത ലേസർ ഷോകൾ, ആകാശത്ത് അത്ഭുതം തീർക്കുന്ന ഡ്രോൺ ഡിസ്പ്ലേകൾ, ചൂടില്ലാത്ത വെളിച്ചം മാത്രം നൽകുന്ന 'കോൾഡ് സ്പാർക്ക്' മെഷീനുകൾ എന്നിവ പരീക്ഷിക്കാവുന്നതാണ്. ഇവയൊന്നും നമ്മുടെ ആഘോഷങ്ങളുടെ മാറ്റ് കുറയ്ക്കില്ല, മറിച്ച് പരിസ്ഥിതിക്കും മനുഷ്യനും ഒരുപോലെ സുരക്ഷിതമായ അന്തരീക്ഷം ഒരുക്കും. ആചാരങ്ങൾ മാറ്റമില്ലാത്തതല്ല; അവ കാലത്തിനനുസരിച്ച് പരിഷ്കരിക്കപ്പെടുമ്പോഴാണ് ഒരു സമൂഹം യഥാർത്ഥത്തിൽ പുരോഗമിക്കുന്നത്. അപകടങ്ങളില്ലാത്ത, വെളിച്ചം മാത്രം നിറയുന്ന ഒരു നാളെയെക്കുറിച്ച് നമുക്ക് പ്രത്യാശിക്കാം.



# കുഭമേള വൈറൽ 'മോണാലിസ'യുടെ വിവാഹം പൊല്ലാപ്പായി; നവദമ്പതികൾ മുങ്ങിയപ്പോൾ സി.പി.എമ്മും പുലിവാല് പിടിച്ചു




എ.എസ് ശ്രീകുമാർ

പ്രയാഗ്‌രാജ് കുംഭമേളയിലെ വൈറൽ സുന്ദരി മൊണാലിസ ഭോസ്‌ലെയുടെ വിവാഹം കേസും പുക്കാറുമൊക്കെയായി പൊല്ലാപ്പായിരിക്കുകയാണ്. മാർച്ച് 11-ാം തീയതി കേരളത്തിൽ വച്ച് കാമുകനെ വിവാഹം ചെയ്തതോടെയാണ് മോണാലിസയെ ചുറ്റിപ്പറ്റി വിവാദങ്ങൾ ഉയർന്നത്. ഇപ്പോൾ വൈറൽ താരത്തിന്റെ വിവാഹത്തിൽ കേസെടുക്കാൻ നിർദേശിച്ചിരിക്കുകയാണ് ദേശീയ പട്ടിക ജാതി, പട്ടിക വർഗ കമ്മീഷൻ. പ്രഥം ദുബൈയുടെ പരാതിയിലാണിത്. ദേശീയ പട്ടിക ജാതി കമ്മീഷൻ മധ്യ പ്രദേശ്, കേരള പോലീസ് മേധാവിമാരെയും പെൺകുട്ടിയുടെ രക്ഷിതാക്കളെയും വിളിച്ച് വരുത്തിയിരുന്നു. ഇവരിൽ നിന്ന് വിവരങ്ങൾ തേടിയതിന് പിന്നാലെ, രേഖകൾ ലഭിച്ചാൽ കേസെടുക്കാമെന്ന് കേരള പൊലീസും അറിയിച്ചതായി പരാതിക്കാരൻ പറഞ്ഞു.

വിവാഹ സമയത്ത് പെൺകുട്ടിക്ക് പ്രായപൂർത്തിയായിട്ടില്ലെന്നും അവർ ഹാജരാക്കിയത് പ്രായപൂർത്തിയായെന്ന് തെളിയിക്കുന്ന വ്യാജ രേഖകളാണെന്നും മോണാലിസയുടെ മാതാപിതാക്കളും പ്രഥം ദുബൈയും പറയുന്നു. അതേസമയം വിവാഹം നടന്ന സമയത്ത് മൊണാലിസക്ക് 18 വയസ് പൂർത്തിയായിരുന്നുവെന്നും നടപടികളെല്ലാം പൂർണ്ണമായും നിയമപരമാണെന്നുമാണ് കേരള പൊലീസിന്റെ വാദം. പക്ഷേ, പെൺകുട്ടിക്ക് പ്രായപൂർത്തിയായിട്ടില്ലെന്നാണ് മധ്യപ്രദേശ് പൊലീസിന്റെ വാദം. പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്താൻ കഴിഞ്ഞില്ലെന്നും ഇതിനായുള്ള ശ്രമം തുടരുകയാണെന്നും മധ്യപ്രദേശ് പൊലീസ് പട്ടിക വർഗ കമ്മീഷനെ അറിയിക്കും. രേഖകൾ സംഘടിപ്പിച്ചതിൽ അന്വേഷണം നടക്കുന്നുണ്ട്.

തിരുവനന്തപുരം പൂവാർ അരുമാനൂർ നയിനാർ ക്ഷേത്രത്തിൽ വച്ച് ഇക്കഴിഞ്ഞ മാർച്ച് 11-നാണ് മോണാലിസ ഭോസ്‌ലെയും കാമുകൻ മുഹമ്മദ് ഫർമാനും വിവാഹിതരായത്. ഇതിന് മുമ്പ് വീട്ടുകാരിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് പെൺകുട്ടി തിരുവനന്തപുരം തമ്പാനൂർ





പോലീസ് സ്റ്റേഷനിൽ അഭയം തേടുകയുണ്ടായി. പൂവാറിൽ സിനിമ ഷൂട്ടിംഗിനായി എത്തിയപ്പോഴാണ് താരം പോലീസ് സ്റ്റേഷനിൽ എത്തിയത്. തുടർന്ന് പോലീസ് മൊണാലിസയെ ഫർമാനൊപ്പം അയയ്ക്കുകയായിരുന്നു. മധ്യപ്രദേശിലെ ഇൻഡോർ സ്വദേശിനിയായ പെൺകുട്ടിയും മഹാരാഷ്ട്ര സ്വദേശിയായ ഫർമാൻ ഖാനും തമ്മിൽ ആറു മാസമായി പ്രണയത്തിലായിരുന്നു. ഇവരുടെ ബന്ധം വീട്ടുകാർ എതിർക്കുകയും മറ്റൊരാളുമായി മൊണാലിസയുടെ വിവാഹം തീരുമാനിക്കുകയും ചെയ്തതോടെയാണ് ഇരുവരും രക്ഷപെട്ട് കേരളത്തിലെത്തിയത്.

മറ്റ് സംസ്ഥാനങ്ങളിൽ തങ്ങളുടെ ബന്ധത്തിന് വലിയ എതിർപ്പുകൾ നേരിടേണ്ടി വരുമെന്ന് ഉറപ്പുള്ളതിനാലാണ് ഇവർ കേരളം തിരഞ്ഞെടുത്തത്. എന്നാൽ വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി, സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ, എ.എ റഹീം എം.പി ഉൾപ്പടെയുള്ളവർ വിവാഹത്തിൽ പങ്കെടുത്ത് നവദമ്പതികളെ ആശീർവദക്കുകയും ഇതാണ് റിയൽ കേരള സ്റ്റോറിയെന്ന് നേതാക്കൾ വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇതിനിടെ പ്രായപൂർത്തി പ്രശ്നത്തിൽപ്പെട്ട വൈറൽ താരവും ഭർത്താവും ഒളിവിൽ പോയതോടെ ഇവരുടെ കല്യാണം നടത്തിക്കൊടുത്ത സി.പി.എം നേതാക്കളും വെട്ടിലായി. വിഷയത്തിൽ പോക്സോ കേസെടുത്തതാണ് സി.പി.എം നേതാക്കൾക്ക് വിനയായത്. വിവാഹത്തിന് മുമ്പ് പെൺകുട്ടിക്ക് പ്രായപൂർത്തിയായില്ലെന്ന ആരോപണം ഉയർന്നുവെങ്കിലും പെൺകുട്ടി ഹാജരാക്കിയ ആധാർ കാർഡ് അനുസരിച്ച് പ്രായപൂർത്തിയായി എന്ന് തെളിയിക്കുകയായിരുന്നു.

നിലവിൽ നാഷണൽ കമ്മിഷൻ ഫോർ ഷെഡ്യൂൾഡ് ട്രൈബ്സ് നടത്തിയ അന്വേഷണത്തിലാണ് വിവാഹസമയത്ത് പ്രായപൂർത്തിയായിരുന്നില്ല എന്ന വിവരം പുറത്തുവന്നത്. തുടർന്ന് മധ്യപ്രദേശിലെ ഖാർഗോൺ ജില്ലയിലെ മഹേശ്വർ പൊലീസ് സ്റ്റേഷനിൽ ഫർമാൻ ഖാനെതിരെ പോക്സോ നിയമപ്രകാരം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയായിരുന്നു. ഇതിന് പുറമേ ഇയാൾക്കെതിരെ പട്ടിക വർഗ പീഡന കുറ്റവും ചുമത്തുമെന്ന് കാട്ടി എസ്.ടി കമ്മീഷൻ നിയമ ഉപദേശകൻ പ്രകാശ് ഉയ്ക്കെ ഫേസ്ബുക്ക് പോസ്റ്റിട്ടു. സംഭവത്തിൽ ഗൂഢാലോചന ഉണ്ടെന്ന് പ്രകാശ് ചൂണ്ടിക്കാട്ടുന്നു. വിവാഹത്തിന് കാർമികത്വം വഹിച്ച കേരളത്തിലെ സി.പി.എം നേതാക്കളുടെ പങ്കും അന്വേഷിക്കണമെന്നാണ് ആവശ്യം. വ്യാജ ജനന സർട്ടിഫിക്കറ്റ് തയ്യാറാക്കാൻ കൂട്ട് നിന്നവരും പ്രതികളാകുമെന്നും വിലയിരുത്തപ്പെടുന്നു.

എന്തു കിട്ടിയാലും വിഴുങ്ങി മതേതരത്വം ഉണ്ടാക്കാൻ സിപിഎം ശ്രമിക്കുകയാണെന്നും അതിന് കിട്ടിയ തിരിച്ചടിയാണിതെന്നും ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എസ് സുരേഷ് പറഞ്ഞു. 16 വയസുള്ള കുട്ടിയെ കല്യാണം കഴിപ്പിക്കൽ ആണോ ഇവരുടെ പണി. ഇതൊരു ഗൂഢാലോചന ആയിരുന്നു. ഇന്ത്യൻ ശിക്ഷ നിയമം പ്രകാരം എം.വി ഗോവിന്ദൻ, മന്ത്രി വി ശിവൻകുട്ടി, എ.എ റഹീം എന്നിവർ ജയിലിൽ കിടക്കാൻ തക്കവണ്ണം കുറ്റം

> **മറ്റ് സംസ്ഥാനങ്ങളിൽ തങ്ങളുടെ ബന്ധത്തിന് വലിയ എതിർപ്പുകൾ നേരിടേണ്ടി വരുമെന്ന് ഉറപ്പുള്ളതിനാലാണ് ഇവർ കേരളം തിരഞ്ഞെടുത്തത്. എന്നാൽ വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി, സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ, എ.എ റഹീം എം.പി ഉൾപ്പടെയുള്ളവർ വിവാഹത്തിൽ പങ്കെടുത്ത് നവദമ്പതികളെ ആശീർവദക്കുകയും ഇതാണ് റിയൽ കേരള സ്റ്റോറിയെന്ന് നേതാക്കൾ വ്യക്തമാക്കുകയും ചെയ്തിരുന്നു**

ചെയ്തവരാണ്. 16 വയസുകാരി കുട്ടി മറ്റൊരു നാട്ടിൽ വന്നാൽ കല്യാണം കഴിപ്പിക്കൽ അല്ല ഉത്തരവാദിത്വം എന്ന് ബോധമില്ലേയെന്നും 16 വയസുകാരിയെ കല്യാണം കഴിപ്പിക്കാൻ ആര് അധികാരം കൊടുത്തുവെന്നും എസ് സുരേഷ് ചോദിച്ചു.

മോണാലിസയും ഫർമാൻ ഖാനും തമ്മിലുള്ള വിവാഹം പ്രണയവിവാഹമായാണ് സോഷ്യൽ മീഡിയ ആഘോഷിച്ചത്. എന്നാൽ പെൺകുട്ടിയുടെ പ്രായത്തെക്കുറിച്ച് പരാതി ഉയർന്നതോടെ എൻ.സി.എസ്.ടി കേരളത്തിലും മധ്യപ്രദേശിലുമായി വിശദമായ അന്വേഷണം നടത്തി. കുട്ടി മധ്യപ്രദേശിലെ പാർധി ഗോത്ര വിഭാഗത്തിൽപ്പെട്ടതാണെന്നും മഹേശ്വർ ഹോസ്പിറ്റൽ റെക്കോർഡുകൾ പ്രകാരം 2009 ഡിസംബർ 30-നാണ് ജനിച്ചതെന്നും കണ്ടെത്തി. 2026 മാർച്ച് 11-ന് കേരളത്തിൽ വിവാഹം നടക്കുമ്പോൾ മോണാലിസയ്ക്ക് 16 വയസ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ എന്നും കണ്ടെത്തലുണ്ട്. ഈ സംഭവത്തിന് പിന്നിൽ ചില സംഘടനകൾക്കോ വ്യക്തികൾക്കോ പങ്കുണ്ടോ എന്ന കാര്യവും പരിശോധിക്കുന്നുണ്ട്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേരളത്തിലെയും മധ്യപ്രദേശിലെയും ഡി.ജി.പിമാർ നാഷണൽ കമ്മിഷൻ ഫോർ ഷെഡ്യൂൾഡ് ട്രൈബ്സിന്റെ നിർദേശ പ്രകാരം ഇന്ന് ഡൽഹിയിൽ ഹാജരായി.

മോണാലിസ ഇപ്പോൾ ഗർഭിണിയാണത്രേ. അവൾ ഗർഭിണിയാണെന്നും പോലീസിനു മുന്നിൽ ഉടൻ നേരിട്ട് ഹാജരാകാൻ സാധിക്കില്ലെന്നും ഭർത്താവ് ഫർമാൻ ഖാനാണ് വ്യക്തമാക്കിയത്. ഇരുവരുടെയും മൊഴിയെടുക്കാൻ മധ്യപ്രദേശ് പോലീസ് കേരളത്തിലെത്തിയിരുന്നു. അത് അറസ്റ്റിലേയ്ക്കും കടക്കുമായിരുന്നു. കുട്ടിയുടെ മാതാപിതാക്കൾ ഫർമാനെതിരെ പരാതി നൽകിയിരുന്നു. പ്രായപൂർത്തിയാകാത്ത മകളെ തെറ്റിദ്ധരിപ്പിച്ചു തട്ടിക്കൊണ്ടു പോയി വിവാഹം കഴിച്ചെന്നായിരുന്നു മാതാപിതാക്കളുടെ പരാതി. മധ്യപ്രദേശിലെ മണ്ഡലേശ്വർ ഡി.എസ്.പിക്കാണ് പരാതി നൽകിയത്. ഈ പരാതിയിൽ നേരിട്ട് ഹാജരാകാനാണ് പൊലീസ് നിർദ്ദേശം നൽകിയത്. പിന്നാലെയാണ് ഭാര്യ ഗർഭിണിയാണെന്നും യാത്ര ചെയ്യാൻ കഴിയില്ലെന്നും ഫർമാൻ അറിയിച്ചത്. എന്നാൽ ഇരുവരെയും അറസ്റ്റ് ചെയ്യുന്നത് മധ്യപ്രദേശ് ഹൈക്കോടതി മെയ് 20 വരെ തടഞ്ഞിട്ടുണ്ട്. മധ്യപ്രദേശ് പൊലീസ് സംഘം കൊച്ചിയിൽ തുടരുകയും ചെയ്തു. പൊലീസ് പല സ്ഥലങ്ങളിലും പരിശോധന നടത്തിയെങ്കിലും ഇരുവരെയും കണ്ടെത്താനായില്ല.



# ടീം വോയ്സ് ഓഫ് ഫോമായ്ക്ക് സാൻ അന്റോണിയോ യുണൈറ്റഡ് മലയാളി അസോസിയേഷന്റെ വരവേൽപ്പ്



എ.എസ് ശ്രീകുമാർ

ടെക്സസ്: അമേരിക്കൻ മലയാളി സമൂഹത്തിന്റെ താത്പര്യങ്ങൾക്കൊത്ത് ഫോമായുടെ ജനകീയ പ്രവർത്തനങ്ങളുടെ സ്വാഭാവികമായ തുടർച്ചയ്ക്കും ഭാവനാപൂർണമായ പുത്തൻ പദ്ധതികളുടെ ആവിഷ്കാരത്തിനുമായി 2026-'28 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്ന 'ടീം വായ്സ് ഓഫ് ഫോമാ' യ്ക്ക് സാൻ അന്റോണിയോ യുണൈറ്റഡ് മലയാളി അസോസിയേഷൻ ഹൃദ്യമായ വരവേൽപ്പ് നൽകി, ഏപ്രിൽ 12-ാം തീയതി വൈകുന്നേരം 6.30-ന് ഹൈദ്രാബാദി സ്പൈസി മത്ക ഇന്ത്യൻ റസ്റ്റേറന്റിൽ നടന്ന സ്വീകരണ യോഗത്തിൽ സംഘടനാ നേതാക്കൾ ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ആശംസകൾ നേർന്നു.

നൂറ് അംഗസംഘടനകളുടെ ബലമുള്ള ഫോമായുടെ അംഗബലം കൂടുതൽ വർധിപ്പിക്കുന്നതോടൊപ്പം ദീർഘവീക്ഷണത്തോടെയുള്ളതും കാലാനുസൃതവുമായവികസനപരിപാടികളോടെയാണ് ഫോമായെ നയിക്കുന്നതിനുള്ള അംഗീകാരത്തിനായി ജനസമക്ഷം എത്തുന്നതെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ



വ്യക്തമാക്കി. ഫോമായുടെ പ്രബുദ്ധമായ പാരമ്പര്യം നില നിർത്തിക്കൊണ്ട് കർമഭൂമിയിലും ജൻമഭൂമിയിലും ചാരിറ്റി ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം നില വിലുള്ള പദ്ധതികളുടെ തുടർച്ച യുമുണ്ടാവുമെന്ന് അദ്ദേഹം പറ ഞ്ഞു.





ഫോമാ 20 വർഷം പൂർത്തി യാക്കുന്ന ചരിത്ര മുഹൂർത്തം സ മുചിതമായി ആഘോഷിക്കുന്ന പത്താം വാർഷിക കൺവൻഷൻ അവിസ്മരണീയമാക്കുകയെന്ന ലക്ഷ്യവും തങ്ങൾക്കുണ്ടെന്ന് വി വിധ സ്ഥാനങ്ങളിലേക്ക് മത്സരി ക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നാ യർ (ട്രഷറർ), സാമുവൽ മത്താ യി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോ യിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു.







മീറ്റിങ്ങിൽ സാൻ അന്റോണി യോ യുണൈറ്റഡ് മലയാളി അ സോസിയേഷൻ പ്രസിഡന്റ് നന്ദകുമാർ റ്റി, പ്രിൻസ് മാത്യു, ഷാൻ ജസ്റ്റിസ്, ബിനു ജോർജ്, ശ്രീജിത്ത് കെ.കെ, ഷാജി എ ഡ്വേർഡ് (ഫോമാ മുൻ ജനറൽ സെക്രട്ടറി, മുൻ ട്രഷറർ), രാ ജൻ യോഹന്നാൻ (നാഷണൽ കമ്മിറ്റി മെമ്പർ), തോമസ് ഓലി യാംകുന്നേൽ (മുൻ ആർ.വി.പി, കേരളാ കൺവൻഷൻ മുൻ ചെ യർമാൻ), ജോസ് പുന്നൂസ് (സ്ഥാപക നേതാവ്) തുടങ്ങിയ വർ പങ്കെടുത്തു. ഊഷ്മളമായ സ്വീകരണമൊരുക്കിയതിന് ടീം വോയ്സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ സാൻ അന്റോണി യോ യുണൈറ്റഡ് മലയാളി അ സോസിയേഷന് ഹൃദയപൂർവം നന്ദി പ്രകാശിപ്പിച്ചു.

# വേൾഡ് മലയാളി കൗൺസിൽ ഹ്യൂസ്റ്റൺ പ്രൊവിൻസ് നടത്തിയ 'ടാലെന്റ്റ്സ് ഓഫ് ടെക്സാസ്' ഷോ വൻ വിജയമായി

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ജീവ കാരുണ്യ പ്രവർത്തനങ്ങളുടെ ധന ശേഖരണാർത്ഥം വേൾഡ് മലയാളി കൗൺസിൽ ഹ്യൂസ്റ്റൺ പ്രൊവിൻസ് ഫ്രണ്ട്സ് ഓഫ് ഗ്രീൻ വില്ലേജിന്റെ സഹകരണത്തോടെ നടത്തിയ ടാലെന്റ്റ് ഓഫ് ടെക്സാസ് ടാലെന്റ്റ് ഷോ വൻ വിജയമായി.

ഏപ്രിൽ 19ന് ഞായറാഴ്ച വൈകിട്ട് 5.30ന് സ്റ്റാഫോർഡ് സിവിക് സെന്ററിൽ സൂസൻ ജേക്കബിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച ടാലെന്റ്റ് ഷോയിൽ ഡബ്ല്യൂ എം സി ഹ്യൂസ്റ്റൺ പ്രൊവിൻസ് സെക്രട്ടറി രാജേഷ് മാത്യു വിശിഷ്ടാതിഥികൾക്കും എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം അറിയിച്ചു. തുടർന്ന് സ്ഥാപക പ്രസിഡന്റും നിലവിലെ പ്രസിഡന്റുമായ എസ് കെ ചെറിയാൻ അധ്യക്ഷ പ്രസംഗം നടത്തി.

1997 ൽ സ്ഥാപിതമായ ഡബ്ല്യൂ എം സി ഹ്യൂസ്റ്റൺ പ്രൊവിൻസ് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക അവബോധം നൽകുന്ന നിരവധി പരിപാടികൾ ഇതിനോടകം നടത്തിയത് അദ്ദേഹം തൻറെ അധ്യക്ഷ പ്രസംഗത്തിൽ വിവരിക്കുകയുണ്ടായി. കേരളത്തിലെ കോട്ടയം ജില്ലയിൽ ഇരുപതോളം വീടുകൾ നിർധനർക്ക് വയ്ക്കുന്നതിന്റെ ഭാഗമായുള്ള ധനശേഖരണാർത്ഥമാണ് ഈ ടാലെന്റ്റ് ഷോ സംഘടിപ്പിച്ചതിന്റെ ഉദ്ദേശമെന്നും എസ് .കെ ചെറിയാൻ പറയുകയുണ്ടായി.



അതിനുശേഷം ടാലെന്റ് ഷോയുടെ പ്രധാന സ്പോൺസർമാരായ ജെയിംസ് ഊലൂട്ട്, സിബു വർഗീസ്, സുരേഷ് രാമകൃഷ്ണൻ എന്നിവരെ പൊന്നാട അണിയിച്ച് ആദരിക്കുകയുണ്ടായി. തുടർന്ന് സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡബ്ല്യൂ എം സി ഹ്യൂസ്റ്റൺ പ്രൊവിൻസ് വൈസ് ചെയർ പൊന്നു പിള്ള, മാഗ് പ്രഡിഡന്റ് റോയ് മാത്യു, ഹിന്ദു സൊസൈറ്റി പ്രസിഡന്റ് ഡോ. രാംദാസ് കണ്ടത്ത് എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി.




തുടർന്ന്നടത്തപ്പെട്ട ഡോ. സുനന്ദ നായരുടെ നേത്രത്വത്തിലുള്ള സുനന്ദ പെർഫോമിംഗ് ആർട്സ് സെന്ററിലെ കലാപ്രതിഭകൾ നടത്തിയ വിവിധ നയന മനോഹര നൃത്തങ്ങളും അതുകൂടാതെ ജെയ്മി, ഗീതാഞ്ജലി , ക്രിസ്റ്റൽ, എന്നിവരുടെ കുച്ചുപ്പിടി, ഭരതനാട്യം എന്നിവയും റീവ പെർഫോമിങ്ങിന്റെ നേത്രത്വത്തിലുള്ള സംഗീത സാന്ദ്രമായ വയലിൻ തീർത്ത ഫ്യൂഷൻ സംഗീത മേളയും, സുനിൽ ചിക്കാഗോ, റോഷി മാലേത്ത്, റോണിസി മാലേത്ത് , മെറീന, മേഴ്‌സി, സിസി രാജേഷ്, രാമചന്ദ്രൻ വടക്കേമഠം എന്നിവരുടെ നേത്രത്വത്തിലുള്ള ഗാനമേളയും ടാലെന്റ് ഷോയെ മികവും ഹൃദ്യവുമാക്കി.
















എംസി മാരായ അനിൽ ജനാർദ്ദനൻ, ആൻസി ശാമുവേൽ എന്നിവരുടെ അവതരണങ്ങൾ ടാലെന്റ് ഷോയെ മികവുറ്റതാക്കി. നൈനാൻ

മാത്തുള്ള എത്തിച്ചേർന്ന വിശിഷ്ടതിഥികൾ ഉൾപ്പെടെ ടാലെന്റ് ഷോയിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് പ്രസംഗിച്ചു.

ഫോമാ മുൻ പ്രസിഡന്റ് ശശിധരൻ നായർ, പ്രമുഖ മാധ്യമ പ്രവർത്തകരായ ബ്ലെസ്സൺ ഹ്യൂസ്റ്റൺ, ജീമോൻ റാന്നി, എ സി ജോർജ്, ജോർജ് തെക്കേമല, സജി പുല്ലാട് എന്നിവരുൾപ്പെടെ ഹൂസ്റ്റണിലെ പ്രമുഖരായ വ്യക്തികൾ ഉൾപ്പെടെ

ധാരാളം പേർ പരിപാടിയിൽ പങ്കെടുത്തു.

സമയ നിഷ്ഠയോടുകൂടി നടത്തപ്പെട്ട പരിപാടി മൂന്ന് മണിക്കൂറോളം ഉണ്ടായിരുന്നു. സജുമോൻ ജോസഫിന്റെയും വിഡിയോ ഡ്രീം മാക്സിന്റെയും നേതൃത്വത്തിൽ എടുത്ത ഫോട്ടോയും വീഡിയോയും തുടർന്നും പരിപാടി കാണാനും ആസ്വദിക്കാനും വേദിയൊരുക്കി.

ഷിനു എബ്രഹാമായിരുന്നു സൗണ്ട് എഞ്ചിനീയറായി പ്രവർത്തിച്ചത്.















pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us